# പിറവം ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

## 9-ാം പദ്ധതി ജനകീയപദ്ധതി




“പഞ്ചായത്തീരാജ് നിലവിൽ വന്നു കഴിയുമ്പോഴ്
അക്രമത്തിന് സാധിക്കാനാവാത്തത് പൊതു
ജനാഭിപ്രായത്തിന് നേടാൻ കഴിയും....”


(1-6-1947, ഹരിജൻ വാരിക)

“ സ്വതന്ത്ര്യം യഥാർത്ഥത്തിൽ ഇന്ത്യയിലെ ജനങ്ങളുടേതാണ്. അല്ലാതെ ഇന്ന് അവരുടെമേൽ ഭരണം നടത്തുന്നവരുടേതല്ല. സമൂഹത്തിന്റെ കേന്ദ്രം വ്യക്തിയാണ്. ”

(ഹരിജൻ വാരികയിൽ ഗാന്ധിജി)



സ്ത്രീകൾ ഇന്ന് അകത്തളങ്ങളിൽ
ഒതുങ്ങിക്കഴിയുന്നു



അവരെ രാഷ്ട്രനിർമ്മാണത്തിൽ
പങ്കാളികളാകാൻ അവസരം നൽകി
പുറത്തുകൊണ്ടുവരുക

“ രണ്ടു ചിറകുകളും ഒരേപോലെ ശക്തിപ്രാപിക്കുമ്പോഴേ ഒരു പക്ഷിക്ക് സുഗമമായി പറക്കുവാൻ സാധിക്കൂ. ”

വിവേകാനന്ദൻ

# ഉള്ളടക്കം


| | |
|---|---|
| റിപ്പോർട്ടിലേയ്ക്കു കടക്കുംമുമ്പ് | 5 |
| ആമുഖം | 6 |
| ചരിത്രവസ്തുതകളിലൂടെ | 7 |
| കാർഷികചരിത്രം | 9 |
| മൃഗസംരക്ഷണമേഖല | 15 |
| വ്യവസായം | 23 |
| വിഭവ സമാഹരണം | 26 |
| ഊർജ്ജം | 28 |
| ഗതാഗതം | 30 |
| കുടിവെള്ളം | 32 |
| പൊതുജനാരോഗ്യം | 33 |
| വിദ്യാഭ്യാസം | 38 |
| ഭവന നിർമ്മാണം | 40 |
| സാമൂഹ്യക്ഷേമം | 42 |
| സംസ്കാരികം | 43 |
| കായികരംഗം | 44 |
| ടൂറിസം | 47 |
| വനിത | 49 |
| സഹകരണം | 50 |
| പട്ടികജാതി പട്ടികവർഗ്ഗം | 52 |
| നന്ദി | 56 |

# പിറവം പഞ്ചായത്ത്
# ഭരണസമിതി 1996

പ്രൊഫ. സി. പൗലോസ് (പ്രസിഡൻറ്)
ശ്രീ. ജോൺസൺ വറുഗീസ് (വൈസ് പ്രസിഡൻറ്)
ശ്രീമതി ലില്ലി കുര്യാക്കോസ്
ശ്രീ. സി.എൻ സദാമണി
ശ്രീ. സി.കെ. പ്രകാശ്
ശ്രീമതി ഏലിയാമ്മ മത്തായി
ശ്രീ. രാജു പാണാലിക്കൽ
ശ്രീമതി അന്നമ്മ സ്റ്റീഫൻ
ശ്രീമതി ജാൻസി അലക്സ്
ശ്രീ. എം.കെ. വിജയൻ
ശ്രീ. തോമസ് എബ്രാഹം

# റിപ്പോർട്ടിലേയ്ക്കു കടക്കുംമുമ്പ്...

പൗരാണിക കാലം മുതൽ ഇന്ത്യയിൽ ഗ്രാമീണ തലത്തിൽ നിലനിന്ന ജനാധിപത്യ വ്യവസ്ഥിതി. പലകാലങ്ങളിലായുണ്ടായ വിദേശാക്രമണത്തിന്റെ വികസനഫലമായി, തകർന്നു പോവുകയാണുണ്ടായത്. ദേശീയ വികസന പദ്ധതികളുടെ ഗ്രാമതലത്തിലുള്ള നടത്തിപ്പിന്റെ ഏജൻസികളായി ബൽവന്ത്റായി മേത്ത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അറുപതുകളുടെ ആരംഭം മുതൽ പഞ്ചായത്ത്രാജ് സമ്പ്രദായം ഇന്ത്യയിലുടനീളം നടപ്പാക്കപ്പെട്ടുവെങ്കിലും അതിന് ഗൗരവമായ പരിഗണന ലഭിച്ചിരുന്നില്ല ഈ അടുത്ത കാലം വരെ.

ശരിയായ തലത്തിലുള്ള നിയമ പ്രാബല്യം ഇല്ലാതിരുന്നതു കൊണ്ടാണ് ജില്ലാ തലത്തിലും അതിനുതാഴെയും ജനാധിപത്യം പരാജയപ്പെട്ടത്. സ്റ്റേറ്റുകൾക്കുള്ള മാർഗ്ഗനിർദ്ദേശകതത്വങ്ങളിൽ ഇതു ചൂണ്ടികാണിക്കപ്പെട്ടിരിക്കുന്നുവെങ്കിലും മുകളിൽ നിന്നുള്ള രാഷ്ട്രീയ ലക്ഷ്യങ്ങൾ ഇതിന്റെ ചിറകുകളെ വീണ്ടും തളർത്തുകയുണ്ടായി. വികസന പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കപ്പെടുകയും പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമത കുറയുകയും തൽഫലമായി സർക്കാരും ഉദ്യോഗസ്ഥന്മാരും സർവോപരി വികസനവും സാമാന്യജനങ്ങളിൽ നിന്നകലുകയും ചെയ്തു.

തദ്ദേശസ്വയംഭരണ സംബിധാനം നിർബന്ധമാക്കിയാലേ അധികാരം ജനങ്ങളിലെത്തുകയുള്ളു വെന്നും ജനകീയ ഭരണസമിതികളിൽ കൂടി മാത്രമേ ഇത് സാധിക്കുകയുള്ളുവെന്നും ബോധ്യമായതിന്റെ ഫലമായി 1992 ഡിസംബറിൽ ഇന്ത്യൻ ഭരണഘടനയിലെ 73-ാം വകപ്പു ഭേദഗതി ചെയ്തു. രാഷ്ട്രപതിയുടെ കൈയൊപ്പു ലഭിച്ച് 1993 ഏപ്രിൽ 24-ന് നിയമമായി. അങ്ങനെ നമ്മുടെ ചിരകാലാഭിലാഷമായ ആസൂത്രണവും വികസനവും പഞ്ചായത്തുകളിലൂടെ നടപ്പിലാകുകയാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 9-ാം പദ്ധതി ജനകീയപദ്ധതിയായി നമ്മുടെ കൈകളിലെത്തിയിരിക്കുന്നു. ഇനി നമുക്കൊത്തൊരുമിച്ച് പ്രശ്നങ്ങളും വെല്ലുവിളികളും നേരിടാം. മുൻഗണനാക്രമത്തിൽ വ്യത്യസ്ത മേഖലകളിൽ ഇവയേതൊക്കെ എന്നറിയാനുള്ള ഒരു 'കീനോട്ട്' മാത്രമാണ് ഈ റിപ്പോർട്ട്. ഇനിയും പ്രാധാന്യമുള്ള വലതും ഇതിലുൾക്കൊള്ളിക്കേണ്ടിയിരുന്നു. നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ നിരവധിയുണ്ട്. നമുക്ക് തോളോടു തോൾ ചേർന്നു നിന്ന് ഓരോ പ്രശ്നത്തിനും പരിഹാരം കാണാം.

നിങ്ങളുടെ സഹകരണമാണ് ഞങ്ങളുടെ ശക്തി

ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയതിൽ സഹകരിച്ച എല്ലാവർക്കും-രാപകലുകളില്ലാതെ അധ്വാനിച്ച ഓരോരുത്തർക്കും നന്ദി പറയുകയല്ല. ഇനിയും ഗ്രാമ വികസനത്തിലേക്കുള്ള യാത്രാപഥങ്ങളിലെ കർമ്മ കാണ്ഡങ്ങളിലും നിങ്ങളുടെ കൂട്ടായ്മ ഇതേ അളവിലും തൂക്കത്തിലും ലഭിക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചു കൊണ്ട്,

പഞ്ചായത്ത് ഭരണസമിതിക്കുവേണ്ടി

പ്രസിഡന്റ്

(സി.പി. പൗലോസ്)

# ആമുഖം

9-ാം പദ്ധതിയുടെ ദേശീയ സമീപന രേഖ രൂപം കൊള്ളുന്ന ഡിസംബറിനു മുമ്പായി ഓരോ പഞ്ചായത്തുകളുടെയും മുൻഗണനാടിസ്ഥാനത്തിലുള്ള വികസന പദ്ധതികൾക്കു രൂപം നൽകുകയെന്നതാണ് ജനകീയാസൂത്രണം കൊണ്ട് അർത്ഥമാക്കുന്നത്. ഒരു പുതിയ വികസന സംസ്കാരം നമ്മുടെ നാട്ടിൽ പരിപോഷിപ്പിക്കുകയെന്നത് കാലഘട്ടത്തിൻെറയാവശ്യമാണ്. വികസനം താഴെത്തട്ടിൽ നിന്നു തുടങ്ങുകയാണു വേണ്ടതെന്ന ഗാന്ധിയൻ ചിന്താഗതിയാണ് ഇതിനു പിന്നിൽ. 1994-ലെ പഞ്ചായത്തീരാജ് നിയമമനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ ഗ്രാമീണരുടെ സെക്രട്ടേറിയറ്റ് ആയി ഉയർന്നിരിക്കുന്നു. അഴിമതിയും കൈക്കൂലിയും നാട്ടുമര്യാദയായി തുടർന്നിരുന്ന പൂർവാവസ്ഥയിൽ നിന്നും അധികാര കൈമാറ്റത്തിൻെറ ശുഭസൂചനയും അജണ്ടയിലെ മുഖ്യ പ്രായോകികളാക്കിക്കൊണ്ടുള്ള ആസുത്രണത്തിനേ ജനക്ഷേമം ലക്ഷ്യമിടാൻ കഴിയൂ.

## എന്തിന് ജനകീയാസൂത്രണം ?

നമ്മുടെ ആസൂത്രണ പ്രക്രിയയുടെ ചില പോരായ്മകൾ പരിഹരിക്കുകയെന്നതാണ് ഇതിൻെറ ലക്ഷ്യം. ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണപ്രക്രിയയ്ക്കും വികസന പ്രവർത്തനങ്ങൾക്കും നിയമപരമായ പ്രാബല്യം ലഭിക്കണമെങ്കിൽ അധികാരം ജനങ്ങൾക്ക് കൊടുക്കേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണം ഗാന്ധിജിയുടെ സ്വപ്നമായിരുന്നെങ്കിൽ അധികാരം ജനങ്ങൾക്ക് വിട്ടുകൊടുക്കുകയെന്ന ജനാധിപത്യ വിപ്ലവം രാജീവ് ഗാന്ധിയാണ് തുടങ്ങിവെച്ചത്. പഞ്ചായത്തീരാജ് നഗരപാലികാ നിയമങ്ങൾ നടപ്പിലായതോടെ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനയുടെ പിൻബലം മാത്രമല്ല, കൂടുതൽ അധികാരവും അതോടൊപ്പം ആസൂത്രണ പ്രക്രിയയിൽ സുപ്രധാന പങ്കും ലഭിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിൻെറ പ്രധാന ലക്ഷ്യം പദ്ധതി ആസൂത്രണം താഴെതട്ടിൽ നിന്നും മുകളിലേക്കു വരികയും നിർവഹണത്തിൽ ജനപങ്കാളിത്തമുണ്ടാക്കുകയും ചെയ്യുകയെന്നതാണ്.

വാച്ച്ഡോഗുകളെന്ന ഓമനപ്പേരുള്ളഗ്രാമസഭകൾ വാർഡുമെംബറുടെ അധ്യക്ഷതയിൽകൂടി പദ്ധതി ആസൂത്രണം ആരംഭിക്കുന്നു. ഈപദ്ധതികൾ ജില്ലാ പ്ലാനിംഗ് സമിതി ചർച്ചചെയ്ത് മുൻഗണന നിശ്ചയിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുന്നു. പദ്ധതിക്ക് രൂപം നൽകികഴിഞ്ഞാൽ അത് നടപ്പാക്കുന്നത് പഞ്ചായത്ത് സമിതികളാണ്. അവയുടെ സാമ്പത്തിക പരിമിതി, ഭരണ തടസ്സങ്ങൾ, നിയമത്തിൻെറ അപര്യാപ്തത തുടങ്ങി അനേകം ഘടകങ്ങൾ ഈ ജനകീയ സമിതിയുടെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുമെന്നതുകൊണ്ട് ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കാൻ വേണ്ടിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത്.

ആസൂത്രിതമായ സാമ്പത്തിക വളർച്ച കൈവരിക്കാൻ പണ്ഡിറ്റ് നെഹ്റു തുടങ്ങിയതാണ്. പഞ്ചവത്സര പദ്ധതികൾ. ഈ പദ്ധതികളിലൂടെയാണ് ഇന്ത്യ ഭക്ഷ്യസ്വയംപര്യാപ്തത കൈവരിച്ചതും ശക്തമായ പൊതുമേഖലാ വ്യവസായ സംരംഭങ്ങളുടെ ശൃംഖല സൃഷ്ടിച്ചതും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു വേണ്ടിയുള്ള ഗ്രാമീണ തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കിയതും. ഡിപ്പാർട്ടുമെൻറലിസം മുൻ പദ്ധതികളെ തകർച്ചയുടെ വക്കത്തെത്തിച്ചതുകൊണ്ടു 9-ാം പഞ്ച വത്സര പദ്ധതിയിൽ ഇതിൻെറ അസാന്നിദ്ധ്യം ശ്രദ്ധേയമാകുന്നു.

പഞ്ചായത്തീരാജ് നിയമത്തിൻെറ 175-ാം വ്യവസ്ഥയനുസരിച്ച് വികസനത്തിനുള്ള ആസൂത്രണ പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾ രൂപം നല്കി ബ്ലോക്കു പഞ്ചായത്തുകൾക്കു നൽകണം. അവിടെ നിന്ന് അവ ജില്ലാ പഞ്ചായത്തുകളിലേക്കെത്തുകയും പിന്നീടതു ഗവൺമെൻറു നിയമിച്ച മേൽഘടകത്തിനു നൽകുകയും വേണം. ഒരു ഗ്രാമത്തിൻെറ സാമ്പത്തികവും സാമൂഹികവുമായ പുരോഗതി ലക്ഷ്യമാക്കിയുള്ള വികസന പദ്ധതികൾ താഴെ തട്ടിൽ നിന്ന് മായം ചേർക്കാതെ മേൽത്തട്ടിലെത്തുന്നു. അതായത് വികസന പ്രക്രിയയിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാകുന്നു.

## ജനകീയാസൂത്രണത്തിൽ പഞ്ചായത്തിൻെറ മുന്നേറ്റം.

നമ്മുടെ പഞ്ചായത്തിൽ നിന്നും സെപ്റ്റംബർ 11,12,13 മുവാറ്റുപുഴ കെ. എം. ജോർജ്ജ് ആഡിറ്റോറിയത്തിൽ നടന്ന പരിശീലനത്തിൽ സർവ്വശ്രീ മോഹൻദാസ് മുകുന്ദൻ, ജോൺസൺ വറുഗീസ്, കെ. കെ. പ്രഭാകരൻ, മോഹൻലാൽ,

ഏലിയാമ്മ ഫിലിപ്പ്, സി.എം. ഔസേഫ്, സി.വി. ജേക്കബ്, ഷിബു തോമസ് എന്നിവർ പങ്കെടുത്തു. പരിശീലനം ലഭിച്ച ജില്ലാ പരിശീലകർ സെപ്റ്റംബർ 15-ാം തീയതി M.S.M ഐ.ടി.സി.യിൽ വെച്ച് ഓരോ വാർഡിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട എല്ലാ ആഫീസുകളിലേയും ജീവനക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, സന്നദ്ധസംഘടന പ്രതിനിധികൾ, പഞ്ചായത്ത് സമിതി അംഗങ്ങൾ എന്നിവരടങ്ങുന്ന 75 പേരെ പങ്കെടുപ്പിച്ചു കൊണ്ട് ഏകദിന സെമിനാർ നടത്തി. പിന്നീട് സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 15 വരെയുള്ള ദിവസങ്ങളിൽ മുഴുവൻ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. അതിൽ നിന്നുരുത്തിരിഞ്ഞ നിർദ്ദേശങ്ങളെ ആസ്പദമാക്കി വികസന സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുവേണ്ടി രണ്ടാംഘട്ട പരിശീലനം ബ്ലോക്കു തലത്തിൽ പാമ്പാക്കുടയിൽ വെച്ചും പഞ്ചായത്തു തല സെമിനാർ പിറവത്തു വെച്ചും നടന്നു. വികസന റിപ്പോർട്ടിനെപ്പറ്റിയുള്ള വിശദവിവരങ്ങളടങ്ങിയ വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു. പഠന പര്യടന റിപ്പോർട്ടുകളുൾപ്പെട്ട പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും കോളേജ് വിദ്യാർത്ഥികളുടെ സഹകരണത്തോടെ പ്രാഥമിക, ദ്വിതീയ സ്ഥിതി വിവരക്കണക്കെടുപ്പും ക്രോഡീകരണവും നടന്നു.

# ചരിത്രവസ്തുതകളിലൂടെ

## 1. സ്ഥലനാമം.

ക്രിസ്തുവിൻെറ തിരുപിറവിയുമായി ബന്ധപ്പെട്ടാണ് പിറവമുണ്ടായതെന്ന് ഐതിഹ്യം. പ്രാചീന കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ ജ്യോതിശ്ശാസ്ത്രപണ്ഡിതന്മാരുടെ ആവാസഭൂമിയും, ബുധശുക്രന്മാരെ കാവലിരുത്തിയിരിക്കുന്നതും, കൊട്ടാരത്തിൽ ശങ്കുണ്ണിയാൽ പ്രകീർത്തിക്കപ്പെട്ടതുമായ പാഴൂർ പടിപ്പുര. ഇവിടുത്തെ ജോത്സ്യരുടെ നിർദ്ദേശപ്രകാരം ഉണ്ണിയേശുവിൻെറ പിറവി സൂചിപ്പിച്ച നക്ഷത്രത്തിനു പിന്നാലെ ബേത്‌ലഹേമിലേക്കു പോയ മൂന്നു രാജാക്കന്മാരുടെ പള്ളി പിറവത്തിൻെറ ഐശ്വര്യങ്ങളിൽ പ്രഥമ സ്ഥാനത്തു നിൽക്കുന്നു. ക്രിസ്ത്യൻപള്ളിയും ഹിന്ദുദേവാലയവും ഒരേ മൈതാനത്തു സ്ഥിതിചെയ്യുകയെന്ന അത്യപൂർവ്വതയും പിറവത്തിൻെറ പ്രത്യേകതയാണ്.

കിഴക്കോട്ടൊഴുകുന്ന മൂവാറ്റുപുഴയാറും ഇരുതീരങ്ങളിലുമായി കാലത്തിൻെറ കുത്തൊഴുക്കിനെ അതിജീവിച്ചും തലയുയർത്തി നിൽക്കുന്ന പാഴൂർ പെരുംതൃക്കോവിലും, പിറവം പള്ളിയും, ഐതിഹ്യങ്ങളുടെ അത്ഭുതങ്ങളുമായി നിൽക്കുന്ന പാഴൂർ പടിപ്പുരയും ഒക്കെ ചേർന്ന് പിറവത്തിന് വിശുദ്ധിയുടെ ഭൂപട പ്രാധാന്യം നേടിക്കൊടുക്കുന്നു.

കേരളസർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചേറ്റെടുത്തിട്ടുള്ള പാഴൂർ പെരുംതൃക്കോവിലിലും പിറവം പള്ളിയിലും ഉള്ള മ്യൂറൽ പെയിൻറിംഗ് ഗവേഷക കുതുകികൾക്ക് ഏറെ പ്രയോജനപ്പെടുന്നതു തന്നെ.

വീരപരാക്രമിയായ നാട്ടുരാജാക്കന്മാരും കളരി ഗുരുക്കന്മാരും ജ്യോതിശാസ്ത്രജ്ഞന്മാരും പിറവത്തിൻെറ നായിമക ശക്തികളായിരുന്നുവെന്നത് പ്രശസ്തിയുടെ മഹിമയെ തെല്ലൊന്നുമല്ല ഉറപ്പിച്ചു നിറുത്തുന്നത്. രാജകുടുംബങ്ങളുടെ യഥാർത്ഥസ്ഥാനം നിർണ്ണയിക്കാൻ കഴിയുന്നില്ലെങ്കിലും പിറവത്തും പരിസരപ്രദേശങ്ങളിലും രാജകുടുംബങ്ങളുണ്ടായിരുന്നതിൻെറ തെളിവുകളുണ്ട്.

ശ്രീശങ്കരാചാര്യരുടെ ഉപനയനവും സമാവർത്തനവും നടത്തിയ മേൽപാഴൂർമന, അന്തർദ്ദേശീയ ജ്യോതിശ്ശാസ്ത്ര ഗവേഷണ കേന്ദ്രമായി മാറിയ പാഴൂർപടിപ്പുര എന്നിവ പായലിൻെറ ഊരിന് -പായലൂർ-പാഴൂർ. നേടിക്കൊടുക്കുന്ന മഹത്വം പിറവത്തിനു കൂടി അവകാശപ്പെട്ടതാണ്. ഇതിഹാസവും ഐതിഹ്യവും കെട്ടുപിണഞ്ഞുകിടക്കുന്ന തൽസംബന്ധിയായ ചരിത്രത്തിനു മുന്നിൽ വിനയാന്വിതയായി കിഴക്കോട്ടൊഴുകുന്ന മൂവാറ്റുപുഴയാറിനെ വിസ്മരിക്കുക അസാധ്യം. ചുരുക്കിപ്പറഞ്ഞാൽ പിറവം വിശ്വാസങ്ങളുടെ നാടാണ്. വിശ്വാസികളുടെയും.

തിരുകൊച്ചി സംസ്ഥാനത്തിൻെറ അതിർത്തി നഗരമായിരുന്നു പിറവം. ആലപ്പുഴ, കൊച്ചി തുടങ്ങിയ പ്രദേശങ്ങളിലേക്ക് ജലമാർഗ്ഗത്തിൽ മലഞ്ചരക്കുകൾ കൊണ്ടു പൊയ്ക്കൊണ്ടിരുന്ന പ്രധാന തുറമുഖമായിരുന്നു പിറവം. കിഴക്കൻ മേഖലകളിൽ കരമാർഗ്ഗമെത്തുന്ന ചരക്കുവണ്ടികൾ ന്യൂ ബസാർ മുതൽ ചന്തക്കടവുവരെ നിരന്നു കിടന്നിരുന്നു. തിരുവി

താം കൂറിലെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യകേന്ദ്രമായിരുന്നു പിറവമെന്നു നിസ്സംശയം പറയാം.

തിരുവിതാം കൂറിലെ എണ്ണപ്പെട്ട സാംസ്കാരിക കേന്ദ്രമായിരുന്നു ഇവിടം. അന്നത്തെ ആയോധനാഭ്യാസ കേന്ദ്രങ്ങളായിരുന്ന കളരികൾ ഭൂതകാലത്തിൻെറ ഓർമ്മത്തെറ്റുപോലെ കാണാം. ചാലാശ്ശേരി ഗുരുക്കന്മാരും അവർ കളരിപ്പയറ്റു പഠിപ്പിച്ചുകൊണ്ടിരുന്ന കളരികളും, ഭരദേവതമാരെ കുടിയിരുത്തിയിരിക്കുന്ന കുടുംബക്ഷേത്രങ്ങളും പോയകാലത്തിൻെറ പ്രൗഢിയെ വിളിച്ചോതുന്നുണ്ട്.

പല ക്ഷേത്രകലകളും തഴച്ചു വളർന്നിരുന്നു ഇവിടെ. ആട്ടകഥ, ചാക്യാർകൂത്ത് എന്നിവ രാജകുടുംബങ്ങളുമായി ബന്ധപ്പെട്ട് ഇവിടെ വളർച്ച പ്രാപിച്ചിരുന്നു. ഭാരതത്തിലെ ഒരേയൊരു മുടിയേറ്റു സംഘം പിറവത്തിൻേറതാണ്. ആ അംഗീകാരത്തിൻെറ ബാക്കി പത്രമാണ് പാഴൂർ ദാമാദരമാരാരെ തേടി കേന്ദ്ര കേരള സംഗീതനാടക അക്കാദമിയുടെ ഫെലോഷിപ്പെത്തിയെന്നത്.

വടക്കുംകൂർ രാജാക്കന്മാരുടെ ഭരണസിരാകേന്ദ്രങ്ങളിലൊന്നായിരുന്നു പിറവമെന്നതിനു തെളിവുകളുണ്ട്. മണ്ഡപത്തും വാതിൽ സ്ഥിതിചെയ്തിരുന്ന സ്ഥലമാണ് ഇന്നത്തെ മണ്ഡപത്തിൻപറമ്പ് ആയിട്ടറിയപ്പെടുന്നത്. അതുപോലെ തന്നെ ഇന്നത്തെ താലൂക്കിൻെറ പദവിയുണ്ടായിരുന്ന തളികകളിലൊന്നിൻെറ ആസ്ഥാനം പിറവത്തായിരുന്നുവെന്നതും ചരിത്രസത്യമാണ്.

## ഗ്രാമപഞ്ചായത്ത്

1952- ന് മുമ്പ് പിറവത്ത് വില്ലേജ് യൂണിയനായിരുന്നു നിലവിലിരുന്നത്. തഹസീൽദാർ നോമിനേറ്റു ചെയ്തിരുന്ന അഞ്ചംഗങ്ങളാണ് ഈ യൂണിയനിൽ ഉണ്ടായിരുന്നത്. പിറവം, കക്കാട്, പാഴൂർ. കരകങ്ങളുടെ നിയന്ത്രണം വില്ലേജ് യൂണിയനായിരുന്നു. പിറവം. കരയിൽ വെള്ളപ്പിള്ളിൽ ശ്രീ മത്തായിയായിരുന്നു വില്ലേജ് യൂണിയൻ പ്രസിഡൻറ്. കോളങ്ങായിൽ തൊമ്മി, കൊച്ചപ്പ, വി. ജോൺ, കുഴിശ്ശേരി നാരായണപിള്ള എന്നിവരായിരുന്നു മറ്റംഗങ്ങൾ.

മുളക്കുളം വടക്കേക്കരയും കളമ്പൂരും കൂടിചേർന്ന് എട്ടു വാർഡുകളുള്ള ആദ്യപഞ്ചായത്ത് സമിതി രൂപം കൊണ്ടത് 1964 ൽ ആണ്. പതിനഞ്ചു വർഷം തുടർച്ചയായി ഭരിച്ച ഈ സമിതിയിൽ പ്രസിഡൻറുമാരും വൈസ് പ്രസിഡൻറുമാരും മാത്രം പല പ്രാവശ്യം മാറിവന്നു. ഒരു വാർഡിൽ ദ്വയാംഗ പ്രാതിനിധ്യമായിരുന്നു.

## ജനാധിപത്യ രീതിയിൽ തിരഞ്ഞെടുത്ത ആദ്യപഞ്ചായത്തു ഭരണസമിതി.


ടി.സി. ചെറിയാൻ, എം.എ. വർക്കി, ജോർജ്ജ് ഐസക്, സി. പൗലോസ്, പി.പി. എബ്രാഹം, പി.ജെ. കുര്യാക്കോസ്, കോരവർക്കി, എം. ജോൺ ഊട്ടയിൽ, എ. അയ്യപ്പൻ, സാവിത്രി അന്തർജ്ജനം.

പതിനൊന്നു വാർഡുകളോടുകൂടിയ പഞ്ചായത്ത് നിലവിൽ വരുന്നത് 1979 ലാണ്.


**പിറവം പഞ്ചായത്ത് ഭരണസമിതി അദ്ധ്യക്ഷന്മാരും ഉപ അദ്ധ്യക്ഷന്മാരും കാലഗണനാക്രമത്തിൽ.**

| | | | |
|---|---|---|---|
| 1964-67 | ശ്രീ. | ജോർജ്ജ് ഐസക് | (പ്രസിഡൻറ്) |
| | ,, | എം. ജോൺ | (വൈസ് പ്രസിഡൻറ്) |
| 1967-70 | ,, | എം. ജോൺ | (പ്രസിഡൻറ്) |
| | ,, | എം. എ. വർക്കി | (വൈസ് പ്രസിഡൻറ്) |
| 1970-72 | ,, | എം. എ. വർക്കി | (പ്രസിഡൻറ്) |
| | ,, | പി.പി. എബ്രാഹം | (വൈസ് പ്രസിഡൻറ്) |
| 1972-84 | ,, | സി. പൗലോസ് | (പ്രസിഡൻറ്) |
| | ,, | പി.പി. എബ്രാഹം | (വൈസ് പ്രസിഡൻറ്) |
| 1988-90 | ,, | ഉമാദേവി അന്തർജ്ജനം | (പ്രസിഡൻറ്) |
| | ,, | ജേക്കബ് മാത്യു | (വൈസ് പ്രസിഡൻറ്) |
| 1996 | ,, | സി. പൗലോസ് | (പ്രസിഡൻറ്) |
| | ,, | ജോൺസൺ വറുഗീസ് | (വൈസ് പ്രസിഡൻറ്) |


# പിറവം ഗ്രാമപഞ്ചായത്ത്
# വിഭവ ഭൂപടം




## INDEX



1. MARKET, 2. S.B.T., 3. K.S.F.E., 4. P.V.I.P., 5. TELECOM OFFICE, 6. K.S.E.B. BILLING, 7. K.S.E.B., 8. TELEPHONE OFFICE, 9. POST OFFICE, 10. VETINARY HOSPITAL, 11. SUB-TREASURY, 12. SUB-REGISTAR OFFICE, 13. MINAR IRRIGATION, 14. DISTRICT CO-OPERATIVE BANK, 15. PANCHAYATH OFFICE, 18. I.B., 19. MVIP AXE OFFICE, 20 FIRE STATION, 21. AGRICULTURAL DEPUTTY DIRECTOR OFFICE, 22. M.V.I.P., 23. PETROL PUMP, 24. ST. MARY'S BANK, 25. FEDERAL BANK, 26. K.W.A., 27 & 28. THEATOR, 29. HOUSING SOCIETY, 30. CO-OPERATIVE SOCIETY



ONAKKOOL VILLAGE
HIGH LEVEL ZONE
WEST ZONE
EAST ZONE
PIRAVOM VILLAGE
EDAKKATTUVAYAL VILLAGE
ELANJI VILLAGE
MULAKULAM VILLAGE
TO KOTTAYAM
N
500 MM AC PIPE
124 MM PVC PIPE
KERALA WATER AUTHORITY
U W S S TO PIRAVOM
SCALE 1:16000
EXECUTIVE ENGINEER

1990 പിറവം പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കുകയും 1991-ൽ അത് വീണ്ടും തിരിച്ച് പഞ്ചായത്താക്കുകയും ചെയ്തു.

**ഇക്കാലഘട്ടങ്ങളിൽ പിറവത്തിനെ അസംബ്ലിയിലും പാർലമെന്റിലും പ്രതിനിധീകരിച്ചിരുന്നവർ.**

| അസംബ്ലി | പാർലമെന്റ് |
|---|---|
| ശ്രീ. ഇ.പി. പൗലോസ് | ശ്രീ. പി.പി. എസ്തോസ് |
| ശ്രീമതി. പെണ്ണമ്മ ജേക്കബ് | ,, എ.എം. തോമസ് |
| ശ്രീ. ടി.എം. ജേക്കബ് | ,, സി.എം. സ്റ്റീഫൻ |
| ,, പി.സി. ചാക്കോ | ,, ജോർജ് എ. മാത്യു |
| ,, ബെന്നി ബഹനാൻ | ,, പി.സി. തോമസ്. |
| ,, ഗോപി കോട്ടമുറിക്കൽ | |

1977-ൽ ആണ് പിറവം അസംബ്ലി നിയോജകമണ്ഡലം ഉണ്ടായത്.

### സ്ഥിതിവിവരക്കണക്ക് *

**പിറവം പഞ്ചായത്ത്**

വിസ്തൃതി : 29.36 sq. km

| ജനസംഖ്യ - 25,205 | |
|---|---|
| ആൺ-12,574 | പെൺ-12,631 |

| തൊഴിലാളികൾ 9,544 | |
|---|---|
| ആൺ - 7,211 | പെൺ - 2,333 |

| തൊഴിൽ രഹിതർ - 15,661 | |
|---|---|
| ആൺ - 5,363 | പെൺ - 10,298 |

| മെയിൻ വർക്കേഴ്സ് - 7,812 | |
|---|---|
| ആൺ - 6,490 | പെൺ - 1,322 |

| മാർജിനൽ വർക്കേഴ്സ് - 1,732 | |
|---|---|
| ആൺ - 721 | പെൺ - 1,011 |

ആകെ കെട്ടിടം - 7317

ആകെ വീടുകൾ - 5,201

*1991-ലെ സെൻസസ് പ്രകാരം.

## കാർഷിക ചരിത്രം

സമഗ്രഭൂപരിഷ്കരണ നിയമത്തിന്റെ ആരംഭത്തിൽ ദേവസ്വങ്ങളുടെയും ഊരായ്മകളുടെയും ജന്മികളുടെയും കൈവശമായിരുന്ന നമ്മുടെ പഞ്ചായത്തിലെ കൃഷിഭൂമികൾ സാധാരണക്കാരായ കൃഷിക്കാർക്കു വിട്ടുകൊടുക്കുകയും കൃഷി ഭൂമി കർഷകന് എന്ന മുദ്രാവാക്യം സാർത്ഥകമാവുകയും ചെയ്തു. തൽഫലമായി ഉടമാബന്ധങ്ങളിലും വിളരീതികളിലും ശ്രദ്ധേയമായ പലമാറ്റങ്ങളും ഉണ്ടായി.

മുമ്പ് ധാരാളമായി കൃഷിചെയ്തിരുന്ന കിഴങ്ങുവർഗ്ഗങ്ങൾ ഈ നൂറ്റാണ്ടിന്റെ മധ്യത്തോടെ റബ്ബർ കൃഷിക്കു വഴി ,റി. കൃഷിഭൂമിയെ തുണ്ടുകളാക്കിത്തിരിച്ച് ലാഭേച്ഛയോടെ കൃഷി ചെയ്തുവരുന്ന രീതി ഇന്ന് സാധാരണമാണ്. ശാസ്ത്ര

സാങ്കേതികവിദ്യാഭ്യാസം സാർവ്വത്രികമായതോടെ കൃഷിക്കാരുടെ എണ്ണം പുതിയ തലമുറയിൽ നാമമാത്രമായി. മാത്രമല്ല ഉള്ള കൃഷിക്കാർ തന്നെ ഉയർന്ന ഉൽപാദന ചെലവുമൂലം കൃഷിഭൂമി നികത്തി കാർഷികേതര ആവശ്യങ്ങൾക്കും വ്യവസായങ്ങൾ തുടങ്ങുന്നതിനും ഉപയോഗിക്കുന്നത് കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ട്. ദീർഘകാലവിളകൾക്ക് ഹ്രസ്വമായ വിളകൾ വഴിമാറി. ഭൂമിയെ സംബന്ധിക്കുന്ന വിവരങ്ങൾ.

ചാർട്ട് - 1.

| | | |
|---|---|---|
| കൃഷിനിലം 600 ഹെ | കരഭൂമി - 2232 | പുറമ്പോക്ക് - 0.55 ഹെ |

## പ്രധാന കൃഷികൾ

**വിളകളെ സംബന്ധിച്ച വിവരങ്ങൾ**

ചാർട്ട് - 2

| | വിള | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| 1 | പയർ | 15120 K.g. | 360 K.g./ha |
| 2 | എള്ള് | 8750 K.g. | 250 K.g./ha |
| 3 | തെങ്ങ് | 3.3 Lakhs nuts | 30 nuts/pala |
| 4 | വാഴ | 360800 K.g. | 10880 K.g./ha |
| 5. | മരച്ചീനി | 32000 K.g. | 3200 K.g./ha |
| 6 | കുരുമുളക് | 15500 K.g. | 500 K.g./ha |
| 7 | കമുങ്ങ് | 28500 K.g.nuts | 25 K.g./nuts |
| 8 | ഇഞ്ചി,മഞ്ഞൾ | 8100 K.g. | 450 K.g./ha |
| 9 | പ്ലാവ് | | |
| 10 | കളമാവ് | | |
| 11 | മാവ് | | |
| 12 | റബ്ബർ | | |

മുമ്പ് തോട്ടഭാഗം, കളമ്പൂർ പ്രദേശങ്ങളിൽ കരിമ്പ്, ചാമയരി, എന്നിവ ധാരാളമായി കൃഷി ചെയ്തിരുന്നു.

അരി നമ്മുടെ മുഖ്യ ആഹാരമായതിനാൽ അരിയുടെ ലഭ്യതയ്ക്ക് നെൽകൃഷി തുടരേണ്ടതാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, റബ്ബറിന് തറവില നിശ്ചയിച്ചതുമൂലം ഏറ്റവും ലാഭകരമായ കൃഷി റബ്ബർ തന്നെയെന്നു കരുതിയതിന്റെ ഫലമായി നാണ്യവിളകളിൽ പ്രധാനപ്പെട്ട ഇനമായി റബ്ബർ ഇന്ന് നമ്മുടെ സാമ്പത്തിക ശാസ്ത്രം നിയന്ത്രിക്കുന്ന നിയാമകശക്തിയായിരിക്കുന്നു.

കൃഷിനിലങ്ങൾ നികത്തി കെട്ടിട സമുച്ചയങ്ങൾ തീർക്കുകയും തെങ്ങ്, റബ്ബർ എന്നിവ ആദായകരമായ കൃഷിയെന്ന നിലയിൽ ചെയ്യുന്നതും ഇന്ന് സർവസാധാരണമായ കാഴ്ചയാണ്. ചെറുകിട വൻകിട കർഷകർക്ക് നെൽകൃഷിയോടു താൽപര്യമില്ല. എന്നാൽ നാമമാത്ര കർഷകർക്കാവട്ടെ താത്പര്യമുണ്ടെങ്കിലും സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ കിട്ടാതെ വരുന്നതിനാൽ അത്തരക്കാർക്കിടയിലും കൃഷിയോടു പൊതുവേ വൈമുഖ്യമുണ്ടാകുന്നു. ഇഷ്ടിക വ്യവസായം പോലുള്ളവ പരിസ്ഥിതിയെയും മണ്ണിന്റെ ഫലഭൂയിഷ്ഠതയെയും തകർക്കും.

പിറവം പഞ്ചായത്തിലെ പരമ്പരാഗത കൃഷിക്കാരും കൃഷിയിലേക്കു പുതുതായി പ്രവേശിച്ചവരുമായ ജനങ്ങൾ കാർഷികമേഖല പുരോഗതി പ്രാപിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ബോധവാന്മാരാണ്. ഒരുപാട് കൃഷിനിലങ്ങൾ നമുക്ക് നഷ്ടപ്പെട്ടുവെങ്കിലും നൂതന സാങ്കേതിക മാർഗ്ഗങ്ങളുപയോഗിച്ചാൽ - ശാസ്ത്രീയ കാഴ്ചപ്പാടോടുകൂടി കൃഷിയെ സമീപിച്ചാൽ - ഇന്ന് നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു തടിയിടാൻ കഴിയുമെന്നവർ വിശ്വസിക്കുന്നു. മെച്ചപ്പെട്ട ജലസേചനം, കാർഷികഗതാഗതം എന്നിവയിലേറെ ശ്രദ്ധിക്കാനുണ്ട്.

## വിളകൾ

നെല്ല്, കവുങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, എന്നിവയാണ് പ്രധാന വിളകൾ. കൂടാതെ പച്ചക്കറി, ജാതി, കൊക്കൊ, മഞ്ഞൾ, ഇഞ്ചി, കച്ചോലം, പൈനാപ്പിൾ, കശുവണ്ടി എന്നിവയും കൃഷിചെയ്യുന്നു.

രണ്ടും മൂന്നും പൂവ് നെൽകൃഷി ചെയ്തിരുന്ന മാരിക്കണ്ടങ്ങളിൽ ഒരു പൂവ് കൃഷികഴിഞ്ഞാൽ വ്യാപകമായി മരച്ചീനി, പച്ചക്കറി കൃഷി നടത്തുന്നുണ്ട്.

## നെൽകൃഷി

പിറവം പഞ്ചായത്തിലെ ഏറ്റവും പ്രാധാന്യമേറിയ നെൽകൃഷിക്കായി പിറവം പുഞ്ച, കാളികുളം പാടം, കക്കാട് പാടം, മുളക്കുളം പാടം, കളമ്പൂർ പുഞ്ചപ്പാടം, എന്നിങ്ങനെ വിപുലമായ പാടശേഖരങ്ങൾ നമുക്കുണ്ട്. മൂന്നു പൂവ് കൃഷി വരെ എടുക്കുന്ന നിലങ്ങൾ പഞ്ചായത്തിന്റെ വിവധഭാഗങ്ങളിൽ ഉണ്ട്. ജലസേചന സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഇട പ്പിള്ളിച്ചിറ. ഇരുവായ്ക്കൽ പാടങ്ങൾ പോലെ സമൃദ്ധമായി വിളവുകിട്ടുന്ന പാടശേഖരങ്ങളിൽ ഇരുപൂവ് കൃഷിമാത്രമാണ് നടക്കുന്നത്.

നെൽകൃഷി

| വിള | വിസ്തീർണ്ണം | ഉത്പാദനം |
|---|---|---|
| ഒന്നാം | 125 ഹെക്ടർ | 4,96,920 കി.ഗ്രാം |
| രണ്ടാം | 600 ഹെക്ടർ | 1,68,00,000 കി.ഗ്രാം |
| മൂന്നാം | 200 ഹെക്ടർ | 85,000 കി.ഗ്രാം |

ഭൂരിഭാഗം നെൽകൃഷിയും സ്കീമുകളെ ആശ്രയിച്ചാണിറക്കുന്നത്. ഇവയുടെ പ്രവർത്തനം നല്ല നിലയിൽ ലഭ്യമല്ലാത്തതുകൊണ്ട് കൃഷി സമയബന്ധിതമായി ഇറക്കാൻ പറ്റാത്ത അവസ്ഥയുണ്ട്.

## തെങ്ങ്

പഞ്ചായത്തിലെ കൃഷിയിനങ്ങളിൽ ദ്വിതീയ സ്ഥാനത്തു നിന്ന തെങ്ങുകൃഷി ഇന്ന് ദുർബലമായിക്കൊണ്ടിരിക്കുകയാണ്. പതിനൊന്നു വാർഡുകളിലും തെങ്ങുകൃഷി ചെയ്യുന്നുണ്ട്. ആകെ 550 ഹെക്ടർ സ്ഥലത്ത് ആണ് ഇപ്പോൾ തെങ്ങു കൃഷിയുള്ളത്.

തെങ്ങ് കൃഷി

| കായ്ഫലമുള്ളത് | കായ്ഫലമില്ലാത്തത് | ആകെ | മൊത്തം ഉത്പാദനം |
|---|---|---|---|
| 87,482 | 25,162 | 1,12,644 | 3.3 ലക്ഷം |

കാറ്റുവീഴ്ച, മഞ്ഞളിപ്പ്, വേരുചീയൽ, കൊമ്പൻചെല്ലി ആക്രമണം തുടങ്ങിയ രോഗങ്ങൾ തെങ്ങു കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## റബ്ബർ

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വ്യാപകമായിട്ടുള്ള കൃഷിയാണ് റബ്ബർ. മാരികണ്ടങ്ങൾ വരെ നികത്തി റബ്ബർ വെയ്ക്കുന്ന സ്ഥിതിയുണ്ട്. 850 ഹെക്ടർ സ്ഥലത്ത് കൃഷിയുണ്ട്. ചീക്ക്, പട്ടമരപ്പ് തുടങ്ങിയ മാരകമായ പലരോഗങ്ങളും സാധാരണ കണ്ടുവരുന്നുണ്ട്.

## ഇടവിളകൾ

വാഴ, പച്ചക്കറി, മരച്ചീനി, മഞ്ഞൾ, ഇഞ്ചി, കച്ചോലം, എന്നിവയും കുരുമുളക്, ഗ്രാംമ്പു, ജാതി, കൊക്കോ എന്നിവയും ധാരാളമായി കൃഷിചെയ്തുവരുന്നു.

## കൂട്ടുകൃഷി

കളമ്പൂർ, കക്കാട് എന്നീ പ്രദേശങ്ങളിലാരംഭിച്ചുവെങ്കിലും അതിന്റെ യഥാർത്ഥ ഫലപ്രാപ്തിയിലേക്കെത്തിയില്ല.

ചാർട്ട് (A)

**Paddy Group Farming**

| S.L. No | Name of Samathy | Number of farmers | Area Hector |
|---|---|---|---|
| 1. | കളമ്പൂർ പാടശേഖര നെല്ലുല്പാദക സമിതി | 131 | 53 |
| 2. | അമർകുളം പാടശേഖര സമിതി | 110 | 42 |
| 3. | കക്കാട് വലിയപാടശേഖര സമിതി | 146 | 45 |
| 4. | കൊട്ടാരം പാടശേഖര സമിതി | 65 | 20 |
| 5. | നടക്കട വന്നിലം പാടശേഖര സമിതി | 90 | 42 |
| 6. | പിറവം പുഞ്ച പാടശേഖര സമിതി (A) | 110 | 36 |
| 7. | പിറവം പുഞ്ച പാടശേഖര സമിതി (B) | 62 | 19 |
| 8. | കാളികുളം പാടശേഖരസമിതി | 146 | 43 |
| 9. | കൂട്ടോളി പാടശേഖര സമിതി | 65 | 20 |
| 10. | പാഴൂർ പാടശേഖര സമിതി | 65 | 51 |
| 11. | ചെല്ലേത്ത് പാടശേഖര സമിതി | 67 | 36 |
| 12. | മുളക്കുളം സൗത്ത് പാടശേഖര സമിതി | 90 | 42 |

പൈനാപ്പിൾ ഇടവിളയായി പലസ്ഥലത്തു കൃഷിചെയ്യുന്നുണ്ട്. കവുങ്ങു കൃഷിയും മാരിക്കണ്ടങ്ങളിലും പുഴയോരങ്ങളിലും കൃഷിചെയ്യുന്നുണ്ട്.

## കാർഷിക രംഗത്തെ വെല്ലുവിളികൾ

— കർഷക തൊഴിലാളികളുടെ കുറവ്

— യന്ത്രങ്ങളുടെ അഭാവം

— സാങ്കേതികോപദേശങ്ങളുടെ കുറവ്

— മേൽത്തരം വിത്തുകളുടെ ദൗർലഭ്യം

— കൃഷിച്ചിലവിന്റെ വർദ്ധന

— ജലസേചന സൗകര്യമില്ലായ്മ

— കാർഷികോത്പന്നങ്ങളുടെ വിപണന രംഗത്തെ തടസ്സം

— ജൈവവളങ്ങളുടെ അലഭ്യത

— രാസവളങ്ങളുടെ വിലകൂടുതൽ

— കാർഷിക രോഗങ്ങൾ

— കൃഷിഭൂമികൾ കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റിയെടുക്കുന്നു.

— സർവോപരി കർഷക തൊഴിലാളികൾക്ക് ആ രംഗത്തെ വരുമാനമനുസരിച്ചുള്ള കൂലി കൂടുതൽ

## പരിഹാരമാർഗ്ഗങ്ങൾ

പരിഷ്കൃതവും ഗുണമേന്മയുള്ളതുമായ കാർഷികയന്ത്രങ്ങൾ കർഷകർക്ക് മിതമായ നിരക്കിൽ നല്കണം.

## ഫാം റോഡുകൾ

നെൽകൃഷി ഇന്നൊരു നഷ്ടക്കച്ചവടമായി കൃഷിക്കാർ കരുതുന്നു. പാടശേഖരങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ വളരെ പ്രധാനമാണ്. കൃഷിക്കാർക്കാവശ്യമുള്ള ട്രില്ലർ, ട്രാക്ടർ എന്നിവ പാടശേഖരത്തിലേക്ക് കൊണ്ടു പോകുവാനും ജൈവ വളങ്ങളും രാസവളങ്ങളും പാടത്ത് എത്തിക്കുവാനും കൊയ്ത്തുകഴിഞ്ഞ് കറ്റ വീടുകളിൽ കൊണ്ടു പോകുന്നതിനും യാതൊരു സൗകര്യങ്ങളും ഇന്ന് നിലവിലില്ല. ഈ വിധത്തിലുള്ള കൃഷിനിലങ്ങളിലേക്ക് ഫാം റോഡുകൾ നിർമ്മിച്ച് നെൽകൃഷിയെ അനുബന്ധ കൃഷികളെയും രക്ഷിക്കേണ്ടതാണ്.

## പഞ്ചായത്ത് കാർഷിക കേന്ദ്രങ്ങൾ

പഞ്ചായത്ത് ഭരണ സമിതിയുടെയും കൃഷിഭവൻെറയും കാർഷികോദ്യോഗസ്ഥന്മാരുടെയും മേൽനോട്ടത്തിൽ പഞ്ചായത്തിലെ രണ്ടോ മൂന്നോ വർഡുകളെ കേന്ദ്രീകരിച്ച് കേന്ദ്രങ്ങൾ ഉണ്ടാക്കുക. ഈ കേന്ദ്രങ്ങൾക്ക് പത്തു സെൻറ് സ്ഥലമെങ്കിലും സ്വന്തമായി ഉണ്ടായിരിക്കണം. അവിടെ ഒരു മുഴുവൻ സമയ ഓഫീസ് സെക്രട്ടറിയെ നിയമിക്കണം. അതാതു വാർഡുകളിലെ കർഷക സമിതികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരിലായിരിക്കണം ഇതിൻെറ നിയന്ത്രണം.

| വാർഡുകൾ | കേന്ദ്ര ആഫീസ് |
|---|---|
| 1,2,6 | പാലച്ചുവട് |
| 3,4,5 | ആവൂത്തായികുളം |
| 7,8 | കക്കാട് കുരിശ് |
| 9,10,11 | കോട്ടപ്പുറം |

### a) യന്ത്രസാമഗ്രികൾ

കൃഷിക്കാവശ്യമായ മെതിയന്ത്രങ്ങൾ, കൊയ്ത്തു യന്ത്രങ്ങൾ, നടീൽ യന്ത്രങ്ങൾ, പാറ്റു യന്ത്രങ്ങൾ എന്നിവ ഈ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുക.

ഉഴവുയന്ത്രങ്ങളും ഈ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുക . മരുന്നു തളിക്കുന്ന യന്ത്രങ്ങൾ കർഷകർക്ക് മിതമായ നിരക്കിൽ ഇവിടെ നിന്നു നല്കുക. കാർഷികയന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിന് ഒരു മുഴുവൻ സമയ ജോലിക്കാരനെ എല്ലാ കേന്ദ്രങ്ങളിലും നിയമിക്കുക. കീടനാശിനികൾ, വളങ്ങൾ എന്നിവയുടെ വിതരണ ചുമതലയും കാർഷിക കേന്ദ്രങ്ങളെ ഏല്പിക്കുക.

### b) കാർഷിക ഗതാഗതം

കൃഷിയിടങ്ങളിലേക്കും തിരിച്ചും ഉള്ള ഗതാഗതത്തിൻെറ ഉത്തരവാദിത്തം കാർഷികകേന്ദ്രത്തെ ഏല്പിക്കണം.

### c) കാർഷിക വിദ്യാഭ്യാസം

നവീന കൃഷിരീതികളെ സംബന്ധിക്കുന്ന ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവയും കാർഷിക കേന്ദ്രത്തിൻെറ പ്രവർത്തന പരിധിയിൽ കൊണ്ടുവരണം.

### d) ജലസേചനം

ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള വിവിധോദ്ദേശ്യ പദ്ധതികളുടെ നിയന്ത്രണം കാർഷിക കേന്ദ്രങ്ങളെ ഏല്പിക്കണം. ലിഫ്റ്റ് ഇറിഗേഷൻ, പമ്പിംഗ്, ചിറകൾ, ചീപ്പ് എന്നിവ കാർഷികകേന്ദ്രങ്ങളുടെ സേവന പരിധിയിലേക്കു മാറ്റുക.

പച്ചക്കറികൃഷി വ്യാപകമായി തുടങ്ങുകയും അത് കൃഷിക്കാരിൽ നിന്നും നേരിട്ടു സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഈ കർഷകകേന്ദ്രങ്ങളെ ഉപയോഗിക്കാവുന്നതാണ്.

★ ജൈവവള പ്രയോഗത്തിൻെറ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം കൃഷിക്കാർക്കിടയിൽ നടത്തണം.

★ കാർഷിക പ്രശ്നങ്ങൾ കൃഷിക്കാരും തൊഴിലാളികളും കൂട്ടായി ചർച്ച ചെയ്ത് പരിഹരിക്കുക

★ മൈനർ ഇറിഗേഷൻ പൂർണ്ണമായും പഞ്ചായത്തിന് കൈമാറുക.

★ കനാൽ വാച്ചർമാർ കൃത്യമായും പൂർണ്ണമായും തങ്ങളുടെ ജോലി ചെയ്യുന്നുണ്ടെന്നുറപ്പുവരുത്തുക.

★ കനാലുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്തു നടത്തി വെള്ളം അടിക്കുന്നത് ഉറപ്പുവരുത്തുക

★ ആധുനിക കൃഷിരീതികളെക്കുറിച്ചും രാസവളപ്രയോഗത്തെ ക്കുറിച്ചും കൃഷിക്കാർക്കു വേണ്ടി സെമിനാറുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തുക.

★ 9,10,11 വാർഡുകളിലെ കൃഷിക്കാരുടെ സൗകര്യാർത്ഥം കോട്ടപ്പുറത്ത് ഒരു വളം ഡിപ്പോ തുടങ്ങണം.

★ പഞ്ചായത്ത് കേന്ദ്രീകരിച്ച് പച്ചക്കറി, പഴം വിത്തു സംഭരണ വിതരണ കേന്ദ്രം സ്ഥാപിക്കുക.

★ ഗ്രൂപ്പുവിള ഇൻഷ്വറൻസു പദ്ധതി രൂപീകരിക്കുക.

★ കൃഷി നിലങ്ങൾ നികത്തുന്നതും ഇഷ്ടികക്കളങ്ങൾ അമിതമായും അനിയന്ത്രിതമായും തുടങ്ങുന്നതിനുമെതിരെ കൃഷിക്കാരെ ബോധവാന്മാരാക്കുകയും ഇതവസാനിപ്പിക്കാനുള്ള സത്വരനടപടികൾ കൃഷിക്കാർക്കിടയിൽ തന്നെ തുടങ്ങണം.

★ പഞ്ചായത്തിലെ വെയിസ്റ്റുകൾ മുഴുവൻ സംഭരിച്ച് കമ്പോസ്റ്റ് വളം ഉണ്ടാക്കുന്നതിനാവശ്യമായ പരിശീലനം കർഷകർക്ക് നല്കുക.

★ ഔഷധ സസ്യങ്ങളും അലങ്കാര പുഷ്പങ്ങളും കൂൺകൃഷിയും പഴവർഗ്ഗങ്ങളായ പേരയ്ക്ക, പപ്പായ തുടങ്ങിയവയും സുഗന്ധസ്യങ്ങളും ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യുന്നതിന് ഒരു പദ്ധതി തയ്യാറാക്കുക. തൊഴിൽ രഹിതരെ ഈ മേഖലകളിലേക്കു കൊണ്ടുവന്നാൽ തൊഴിൽരാഹിത്യം ഒരു പരിധിവരെ കുറക്കാനും കഴിയും.

★ MVIP യുടെ പിറവം ബ്രാഞ്ചു കനാൽ പ്രവർത്തനം ത്വരിതപ്പെടുത്തുകയും അതിലെ ജലം കാർഷികാവശ്യങ്ങൾക്കു പ്രയോജനപ്പെടുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.

## ലിഫ്റ്റ് ഇറിഗേഷൻ

L.I. സ്കീമിനെ ആശ്രയിച്ചാണ് പിറവത്ത് ബഹുഭൂരിപക്ഷം കൃഷികളും ഇറക്കുന്നത്. എന്നാൽ L.I. കളുടെ പ്രവർത്തനം ഒരിക്കൽ പോലും തൃപ്തികരമല്ല. മുളക്കുളം വടക്കേക്കര കനാലിന് 4 കി. മീ. ദൂരമുണ്ടെങ്കിൽ ഒരു കി. മീറ്റർ മാത്രമേ വെള്ളം ലഭിക്കുന്നുള്ളൂ.

പിറവം മെയിൻ കനാൽ യഥാകാലം അറ്റകുറ്റപ്പണി ചെയ്യാത്തതുമൂലം സമയത്ത് കൃഷിയിറക്കുവാൻ കഴിയുന്നില്ല. കക്കാടും കളമ്പൂരും ഇതേ അവസ്ഥതന്നെയാണ്.

ഇതിന് പരിഹാരമെന്ന നിലയിൽ L.I. കളുടെ പ്രവർത്തനം പഞ്ചായത്ത് നേരിട്ടു നടത്തണം.

## വെള്ളക്കെട്ട്

പഞ്ചായത്തിലെ പാടശേഖരങ്ങളിൽ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ ധാരാളമാണ്. ഇത് ഒഴിവാക്കിയാൽ ഇന്നത്തെ ഒരു പൂവ് കൃഷി രണ്ടു പൂവായി മാറ്റാൻ കഴിയും. വെള്ളക്കെട്ടുള്ള പ്രദേശത്തെ ജലമൊഴുക്കി കളഞ്ഞാൽ ഇവിടെ ഇരട്ടി വിളവുണ്ടാക്കാൻ കഴിയും.

താഴെ പറയുന്ന പാടശേഖരങ്ങളിൽ തോടിന്റെ രണ്ടുവശവും കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കേണ്ടതാണ്.

1. പിറവം പുഞ്ചയിലെ ആയിരപ്പറ കണ്ടം വരുന്ന പാടശേഖരത്തിന്റെ നടുഭാഗത്തു കൂടി കടന്നു പോകുന്ന കരിങ്കല്ലിച്ചിറ മുതൽ പാലച്ചുവട് ആനിത്തോടു വരെ നീണ്ടു കിടക്കുന്ന വലിയ തോട് ( $2^{1/2}$ കി.മി)
2. 3-ാം വാർഡിലെ വൻമേലി തോട് മുതൽ വലിയതോടുവരെ ($^{1/2}$ കി. മി)
3. 11-ാം വാർഡിൽ അമർക്കുളം മുതൽ കൂലിതൊണ്ട് വരെ (300 കി.മി.)
4. കളമ്പൂർ മറ്റം മുതൽ കോട്ടപ്പുറം തോടു വരെ ($1^{1/2}$ കി.മി.)
5. 4-ാം വാർഡിൽ ചെല്യാത്ത് പാടം തോടും കണ്ണാടിക്കരി പാടത്തുള്ള മാമ്പഴക്കാവ് തോടും കണ്ണാടിക്കരിതോടും കെട്ടി സംരക്ഷിക്കുക.
6. വെള്ളാർ കുറ്റി പുഞ്ച മുതൽ പുഴവരെ (പുതുവേലി, തേമ്പടം, ഐൻകുഴി പാടങ്ങൾ ഉൾപ്പെടെ)
7. 1-ാം വാർഡിലെ മുളക്കുളം പാടശേഖരത്തിന്റെ പാർശ്വഭാഗങ്ങൾ സംരക്ഷിക്കുക.
8. 2-ാം വാർഡിൽ കാളികുളം പാടശേഖരത്തിലെ നടുതോടിന്റെ ഇരുവശവും കെട്ടുക. (വലിയ തോടിനു ഇരുവശവും)

9. 3-ാം വാർഡിൽ മഴുവഞ്ചേരിത്താഴം മുതൽ കാക്കത്തുരുത്തുവഴി വലിയതോട് വരെ തോടിന്റെ ഇരുവശവും.
10. കക്കാട് വലിയപാടം തോടിന്റെ പാർശ്വഭാഗം സംരക്ഷിക്കണം.
11. പാഴൂർ പാടത്ത് മനയ്ക്കപ്പടി വരെ ഉള്ള തോട് രണ്ടു വശവും
12. പാഴൂർ പാടത്തു നിന്നാരംഭിച്ച് ആറ്റുവേപ്പ് വരെ ഉള്ള തോട് രണ്ടുവശവും
13. ഉഴവൂർ തോടിന്റെ പിറവം ഭാഗത്തുള്ള പാർശ്വഭാഗങ്ങൾ സംരക്ഷിക്കുക.
14. പടവെട്ടി പാലം മുതൽ കോതകുറ്റിവരെ തോടിന്റെ ഇരുവശവും
15. ചൊവ്വാർ മുതൽ മാടക്കാപ്പിള്ളി വരെ
16. 28-ാം വാർഡിൽ കളത്തിനടി മുതൽ തുറയിൽ ചാലുവരെ
17. രണ്ടാം വാർഡിൽ ഇടിയാറ കണ്ണീറ്റു പാടം തോടിന്റെ പാർശ്വഭാഗം കെട്ടി സംരക്ഷിക്കുക.

## മൃഗസംരക്ഷണമേഖല

നമ്മുടെ സംസ്ഥാനത്തിലെ മൃഗസമ്പത്തിന്റെ 95%വും ഗ്രാമ പ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഗ്രാമീണമേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും നമ്മുടെ സമ്പദ്ഘടനയെ കൂടുതൽ സമ്പുഷ്ടമാക്കുന്നു. സ്ത്രീകളുടെ ഗണ്യമായ പങ്കാളിത്തം ഇതിലൂടെ ഉറപ്പു വരുത്തുന്നു. പിറവം പഞ്ചായത്തിലും മൃഗസംരക്ഷണമേഖല പ്രത്യേക പ്രാധാന്യമർഹിക്കുന്നു. ഇതിന് ദീർഘ വീക്ഷണപരമായ നിലപാടുകൾ കൈക്കൊള്ളേണ്ടതുണ്ട്. നിലവിൽ മൃഗസംരക്ഷണ മേഖലയ്ക്ക് അനുയോജ്യമായ അന്തരീക്ഷം വളർത്തിക്കൊണ്ടു വരുന്നതിനുവേണ്ടിയുള്ള ശ്രമകരമായ പ്രവർത്തനമാണ് പിറവം പഞ്ചായത്തിൽ നടത്തി തീർക്കേണ്ടത്. ഇപ്പോഴുള്ള അപര്യാപ്തതയിൽ നിന്നും മാറി ശാസ്ത്രീയമായ പ്രക്രിയയിലൂടെ കൂട്ടായ്മയോടുകൂടിയുള്ള ഒരു നവീകരണ വല്ക്കരണം ഇന്ന് ഈ രംഗത്ത് അത്യന്താപേക്ഷിതമായിമാറിയിരിക്കുന്നു.

### ചരിത്രം.

കൃഷിയുടെ അവിഭാജ്യഘടകമായിതീരുന്നു കന്നുകാലിവളർത്തൽ ഉഴവുമാടുകൾ എന്ന നിലയിലും വണ്ടിവലിക്കുന്നതിനും, പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാർക്ക് ആവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. എന്നാൽ ഇന്ന് ആധുനിക രീതിയിലുള്ള കൃഷിരീതികൊണ്ടും യന്ത്രവൽകൃത വാഹനങ്ങളുടെ അതി പ്രസരം കൊണ്ടും കന്നുകാലികൾ അവയുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയാത്തവിധം വിസ്മൃതിയിൽ ആണ്ടുകൊണ്ടിരിക്കുന്നു. പാലുല്പാദനരംഗത്തും മാംസോല്പാദന രംഗത്തും മാത്രമാണ് ഇവയെ മിക്കവാറും നാം ആശ്രയിച്ചിരിക്കുന്നത്.

താഴെ പറയുന്ന വസ്തുതകൾ കണക്കിലെടുക്കുമ്പോൾ മൃഗസംരക്ഷണമേഖല പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.

1. ചുരുങ്ങിയ മുതൽ മുടക്കിൽ ഹസ്വകാലം കൊണ്ട് വരുമാനം.
2. ഏതവസരത്തിലും നിർത്താവുന്ന പദ്ധതി.
3. തൊഴിലവസരങ്ങൾ.
4. മുട്ട, പാൽ, മാംസം തുടങ്ങിയ പ്രധാനമായ ആഹാരവസ്തുക്കളുടെ ഉല്പാദന വർദ്ധനവും ഉല്പന്നങ്ങളുടെ വിപണനവും, അധികവരുമാനവും.
5. ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്ത്രോതസ്സുകളുടെ ആവിർഭാവം.
6. ജൈവവളങ്ങൾ
7. മനുഷ്യർക്കു ഉപയോഗ്യമല്ലാത്ത ഭക്ഷണ സാധനങ്ങളും മറ്റ് വശിഷ്ടങ്ങളും പോഷക മൂല്യമുള്ള മാംസ്യാഹാരമായി പരിവർത്തനം ചെയ്യുക.
8. പേവിഷ നിർമ്മാർജ്ജനം
9. ഗർഭിണികളുടെയും കൊച്ചുകുട്ടികളുടെയും ആരോഗ്യപരിപാലനം.

എന്നാൽ ആസൂത്രണപ്രക്രിയയിൽ കാര്യമായ പ്രാധാന്യവും സ്ഥാനവും പദ്ധതിവിഹിതവും ഈ മേഖലയ്ക്ക് ഇതുവരെ ലഭിച്ചിട്ടില്ല. അതുകൊണ്ട് 9-ാം പഞ്ചവത്സര പദ്ധതിയിൽ വേണ്ടത്ര പ്രാധാന്യവും വിഹിതവും ശ്രദ്ധയും കൊടുത്താൽ ഗ്രാമീണ ജനതയുടെ തൊഴിലില്ലായ്മയിലും, സമ്പദ്ഘടനയിലും ആരോഗ്യ പരിപാലനത്തിനും വേണ്ടുന്ന പരിവർത്തനം വരുത്തുവാൻ സാധിക്കും എന്ന് സംശയാതീതമായി തെളിയിക്കുവാൻ കഴിയും.

പിറവം പഞ്ചായത്തിലാകെയുള്ള പക്ഷിമൃഗാദികളുടെ സ്ഥിതിവിവരകണക്കുകൾ.

പട്ടിക - 1

**പിറവം ഗ്രാമപഞ്ചായത്ത് - വളർത്തുമൃഗസംഖ്യ**

| വാർഡ് നമ്പർ | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർധനവ് | മറ്റുള്ളവ | വംശവർധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ല | കറവ ഉള്ളത് | കറവ ഇല്ല | കറവ ഉള്ളത് | കറവ ഇല്ല | പോത്ത് | ആട് | പട്ടി | ആന |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | 3 | | | 12 | 120 | 69 | 7 | 3 | 3 | - | 9 | 341 | 171 | - |
| 2 | 2 | - | - | 13 | 238 | 78 | 13 | 3 | 4 | 2 | 13 | 367 | 187 | - |
| 3 | 1 | - | - | - | 167 | 61 | 4 | 5 | 2 | - | 2 | 268 | 209 | - |
| 4 | - | - | - | 8 | 190 | 57 | 1 | 2 | 2 | 1 | 5 | 240 | 210 | - |
| 5 | - | - | - | - | 84 | 91 | 2 | 4 | 1 | 2 | - | 187 | 78 | - |
| 6 | - | - | - | - | 99 | 69 | 3 | 7 | - | 2 | 7 | 300 | 93 | - |
| 7 | - | - | - | 3 | 92 | 63 | 5 | 9 | - | - | 4 | 285 | 160 | - |
| 8 | 1 | - | - | 6 | 201 | 88 | 10 | 5 | 2 | - | 3 | 308 | 133 | - |
| 9 | - | - | - | - | 187 | 52 | 3 | 9 | 1 | - | - | 241 | 61 | - |
| 10 | 2 | - | - | 7 | 193 | 163 | 8 | 18 | 3 | 2 | 14 | 279 | 226 | - |
| 11 | 1 | - | - | 14 | 229 | 174 | 11 | 14 | 4 | 1 | 23 | 313 | 147 | - |
| | 10 | | | 63 | 1800 | 965 | 67 | 79 | 22 | 10 | 80 | 3147 | 1675 | |

**പിറവം ഗ്രാമപഞ്ചായത്ത് - വളർത്തുപക്ഷി സംഖ്യ**

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 130 | 173 | 204 | 24 | 68 | |
| 2 | 240 | 276 | 310 | 64 | 180 | |
| 3 | 308 | 810 | 620 | 8 | 21 | |
| 4 | 289 | 526 | 307 | 93 | 280 | |
| 5 | 296 | 294 | 293 | 10 | 32 | |
| 6 | 220 | 460 | 280 | 43 | 177 | |
| 7 | 170 | 290 | 310 | 98 | 510 | |
| 8 | 201 | 411 | 260 | 41 | 160 | |
| 9 | 204 | 370 | 410 | 10 | 28 | 7മുയൽ |
| 10 | 281 | 510 | 320 | 30 | 136 | |
| 11 | 186 | 270 | 360 | 210 | 460 | |
| | 2525 | 4390 | 3674 | 631 | 2052 | |

നടപ്പുപദ്ധതികൾ - 8-ാം പദ്ധതിക്കാലത്ത് പൂർത്തീകരിച്ചത്

| | പദ്ധതിയുടെ പേര് | പ്രയോജനം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | പന്നിവളർത്തൽ | 10. × 2. |
| 2 | വീട്ടുമുറ്റത്തെ കോഴിവളർത്തൽ | 400 × 5 |
| 3. | സ്കൂൾ പൗൾട്രിക്ലബ് | 120 × 5 |
| 4 | ആടുവളർത്തൽ | 15 × 2 |

പിറവത്തെ വികസന ഓഫീസിൽ നിന്നും ലഭിച്ച സ്ഥിതിവിവരകണക്ക്

**പിറവം ഗ്രാമപഞ്ചായത്ത് - രോഗവിവരങ്ങൾ**

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ദഹനസംബന്ധമായവ<br>Digestive disorders | 2710 | 10 | 860 | 18 | 20 | 180 |
| 2 | ശ്വാസകോശസംബന്ധം<br>Respiratory diseases | 3711 | 6 | 437 | 2 | - | 260 |
| 3 | ഉപാപചയസംബന്ധം<br>Metabolic diseases | 2010 | 8 | 1007 | 6 | - | 98 |
| 4 | ത്വക്‌രോഗങ്ങൾ<br>Skin diseases | 362 | - | 28 | - | 9 | - |
| 5 | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | 218 | - | 90 | - | - | 7 |
| 6 | പാദരോഗങ്ങൾ<br>Parastic diseases | - | - | - | - | - | - |
| 7 | പ്രത്യുത്പാദന 116<br>വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | - | - | - | - | - | |
| 8 | വന്ധ്യത 29<br>Infertility | - | - | - | - | - | |
| 9 | അകിടുവീക്കം<br>Mastitis | 360 | | 18 | - | - | - |
| 10 | മുടന്തൻപനി<br>Ephemeral fever | 1607 | 4 | 20 | - | - | - |
| 12 | പകർച്ചവ്യാധികൾ<br>Contagion diseases. | | | | | | |

8-ാം പദ്ധതിക്കാലത്ത് '95-96 സാമ്പത്തികവർഷം പാമ്പാക്കുട ബ്ലോക്കിൽ പൂർത്തീകരിച്ച സ്കീമുകൾ

| നമ്പർ | | സ്ഥൂലലക്ഷ്യം | സാമ്പത്തികലക്ഷ്യം |
|---|---|---|---|
| 1 | ബ്ലോക്ക് ലെവൽ കന്നുകാലി പ്രദർശനവും സെമിനാറും | 1 എണ്ണം | 900 രൂ. |
| 2 | മോഡേൺ ഡയറിഫാം യൂണിറ്റുകൾ | 2 ,, | 14,000 രൂ. |
| 3. | കർഷകസമ്പർക്ക പരിപാടികൾ | 28 ,, | 5600 രൂ. |
| 4. | നാടൻ പാലുല്പാദന നിർമ്മാണ ക്ലാസ്സുകൾ | 28 ,, | 2800 രൂ. |

| നമ്പർ | | സ്ഥൂലലക്ഷ്യം | സാമ്പത്തികലക്ഷ്യം |
|---|---|---|---|
| 5. | മാതൃകാ കന്നുകാലിത്തൊഴുത്തുകൾ | 12 ,, | 15,000 രൂ. |
| 6. | വാണിജ്യാടിസ്ഥാന പുൽകൃഷി | 1 ഹെക്ടർ | 14500 രൂ. |
| 7. | പ്രത്യേക ഘടക പദ്ധതി (കറവപശു വിതരണം) | 8 എണ്ണം | 55,600 രൂ. |
| 8. | പുൽകൃഷി വികസന പരിപാടികൾ (പുൽവിത്തുകൾ പയർ, ചോളംവിത്തുകൾ, പുൽക്കടകൾ) | 39.51ഹെക്ടർ | 21,780 രൂ. |
| 9. | മിനറൽ മിക്സ്ചർ. | 500 കി.ഗ്രാം | |
| 10 | മീനെണ്ണ (500 m.l കുപ്പി) | 200 കുപ്പി | |
| 11 | ക്ഷീരോൽപാദക കിറ്റുകൾ | 100 കിറ്റുകൾ | |
| 12 | ക്ഷീരോൽപന്ന നിർമ്മാണയൂണിറ്റുകൾ | 13 യൂണിറ്റുകൾ | ഒരു യൂണിറ്റിന് 21,750 രൂപ ക്രമത്തിൽ 2,82,750 രൂപ അനുവദിച്ചു. |

## പ്രശ്നങ്ങൾ

1. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നില്ല
2. കോഴിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭിക്കാത്തതുകൊണ്ട് മുട്ടയും, മാംസവും ഉല്പാദിക്കുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്.
3 പക്ഷി-മൃഗാദികളുടെ ചികിത്സയിലുള്ള പരിമിതിമൂലം ഇവയുടെ വംശനാശം കർഷകർക്ക് ഒട്ടേറെ കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നു.
4 ആടുമാടുകൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ.
5 നല്ല തരം തൊഴുത്തുകളുടെ അഭാവം.
6 മിൽമ സൊസൈറ്റികളുടെ കുറവ്
7. അത്യുത്പാദനശേഷിയുള്ള കന്നുകാലികളുടെയും കോഴിക്കുഞ്ഞ് താറാവിൻകുഞ്ഞ് മുയൽകുഞ്ഞ് പന്നികുഞ്ഞ്, കാടപക്ഷികൾ എന്നിവയുടെ ലഭ്യത കുറവ്.
8. തീറ്റപ്പുൽകൃഷിക്കുള്ള അപര്യാപ്തത.

## നിർദ്ദേശങ്ങൾ

1. **കാലിത്തീറ്റ ഫാക്ടറി.**

കർഷകന് കുറഞ്ഞ വിലയ്ക്കു കാലിത്തീറ്റ ലഭ്യമാകത്തക്കവിധം പിറവം പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം. ഇവിടെ നിന്നും പഞ്ചായത്തിലെ വിവിധ കാർഷികകേന്ദ്രങ്ങളിലേക്ക് കാലിത്തീറ്റ 25% സബ്സിഡി നല്കികൊണ്ട് കർഷകന് വിതരണം ചെയ്യുവാനും ഇതോടൊപ്പം കുറച്ചുപേർക്ക് ഈ രംഗത്ത് തൊഴിൽ ലഭ്യത ഉറപ്പാവുകയും ചെയ്യുന്നു.

2. **പുൽമേടുകളുടെ സംരക്ഷണം.**

വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷിയെ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം പഞ്ചായത്തിൽ അനുയോജ്യമായ കൃഷിഭൂമി കണ്ടെത്തികൊണ്ട് തീറ്റപുല്ലിന്റെ ലഭ്യത ഉറപ്പുവരുത്തുക.

3. **കന്നുകാലിപ്രദർശനവും, സെമിനാറും**

മൃഗസംരക്ഷണമേഖലയിൽ കർഷകന് ഉയർന്ന ബോധനിലവാരത്തോടടുക്കണമെങ്കിൽ വിവിധ കേന്ദ്രങ്ങളിൽ കർഷക സമ്പർക്ക പരിപാടികളും, കന്നുകാലി പ്രദർശനവും , സെമിനാറും സംഘടിപ്പിക്കേണ്ടതുണ്ട്.

4. **മാതൃകാ കന്നുകാലിതൊഴുത്തുകൾ.**
കന്നുകാലി തൊഴുത്ത് പണിയുന്നതിന് (2 പശുക്കളെ കെട്ടാവുന്ന വിധത്തിൽ) തൊഴുത്ത് 1 ന് 3000/- രൂപ സഹായ ധനം നല്കുക.

5. **സാമ്പത്തിക സഹായം**
പരിമിത കർഷകന് കറവപശുക്കളെയും മറ്റ് വളർത്തുമൃഗങ്ങളെയും കോഴിക്കുഞ്ഞുങ്ങളെയുമെല്ലാം വളർത്തുന്നതിന് സഹായധനം ഓരോയൂണിറ്റ് അടിസ്ഥാനത്തിലും നല്കുക. ഒരു യൂണിറ്റിൽ ഇത്ര പക്ഷി-മൃഗങ്ങൾ ഉണ്ട് എന്ന് നിജപ്പെടുത്തണം.

6. **ചികിത്സാ സൗകര്യങ്ങളുടെ ലഭ്യത.**
വിവധ കാർഷികകേന്ദ്രങ്ങളിൽ ആഴ്ചയിലൊരിക്കൽ നിശ്ചിത ദിവസം ഒരു വെറ്റിനറി സർജൻ അടങ്ങുന്ന പരിശോധക സംഘം ചികിത്സാ സൗകര്യം ഉറപ്പുവരുത്തണം. ഇത് ഒരു മൊബൈൽ യൂണിറ്റായി പ്രവർത്തിപ്പിക്കണം. ആവശ്യമായ മരുന്നുകൾ ഈ യൂണിറ്റിൽ നിന്നും ലഭിക്കണം.

## പദ്ധതി നിർദ്ദേശങ്ങൾ

**ക്ഷീരോത്പാദനമേഖല.**

ഒരു ദശകം മുമ്പ് പ്രതിദിന ഉപഭോഗം 50 ഗ്രാം. ആയിരുന്നത് ഇന്ന് 180 ഗ്രാം ആയിരിക്കുന്നു. ഇത് 250 ഗ്രാം എങ്കിലും ആയിരിക്കണം. എന്നാണ് ശാസ്ത്രീയ ശുപാർശ.

കുറഞ്ഞ മുതൽമുടക്കിൽ കുറഞ്ഞകാലയളവിനുള്ളിൽ തന്നെ പ്രത്യക്ഷത്തിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്ന ഒരു മേഖലയാണ് പശുപരിപാലനം. ഈ മേഖലയിൽ താഴെപറയുന്ന പദ്ധതികൾ ഈ പഞ്ചായത്തിൽ അനുയോജ്യമായി കാണുന്നു.

**പ്രത്യേക കന്നുകുട്ടി പരിശീലനപദ്ധതി.**

ജനിതഗുണമുള്ള പശുകുട്ടികൾക്ക് പരിചരണം നല്കി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നു. ആദ്യപ്രസവം 30-ാം മാസത്തിനുള്ളിൽ സാദ്ധ്യമാവുക. ഇൻഷ്വറൻസ് പരിരക്ഷ നൽകുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

ഇപ്പോൾ നടപ്പു പദ്ധതിയിൽ പെട്ടതാണെങ്കിലും ഇതിന്റെ പ്രയോജനം ലഭിക്കുന്നവരുടെ എണ്ണം പരിമിതമാണ്. 40 കർഷകർക്കു മാത്രമേ ഈ പദ്ധതികൊണ്ടുള്ള പ്രയോജനം ലഭിക്കുന്നുള്ളു. കൂടുതൽ കർഷകർക്കു പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഈ പദ്ധതി കാര്യക്ഷമമാകേണ്ടതാണ്.

**ഡയറിയൂണിറ്റുകൾ**

സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെതന്നെ സ്വന്തം ചിലവിൽ ഈ മേഖല ലാഭത്തിൽ കൊണ്ടുപോകുന്ന അനേകം കർഷകർ ഈ പഞ്ചായത്തിലുണ്ട്.

വ്യവസായ വൽക്കരണവും, ദുർലഭമായിക്കൊണ്ടിരിക്കുന്ന കൃഷിഭൂമിയും വർദ്ധിച്ചുവരുന്ന ഉൽപാദനച്ചെലവും ഒരു പരിധി വരെ ഈ മേഖലയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

## പ്രശ്നങ്ങൾ-പരിഹാരങ്ങൾ

സർക്കാരിൽ നിന്നും സഹായം നൽകി ചെറുകിട നാമമാത്ര കർഷകരേയും കർഷകതൊഴിലാളികളേയും ഈ മേഖലയിലേക്കാകർഷിക്കണം. ഉപതൊഴിൽ എന്ന നിലയിലോ മുഖ്യതൊഴിലായോ ഇതിന് പ്രോത്സാഹനം നൽകാം. വീട്ടമ്മമാരുടേയും വിദ്യാർത്ഥിനികളുടേയും ഒഴിവുസമയം ഫലപ്രദമായി വിനിയോഗിക്കുക. പാലിന്റെ ഉത്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

ഗുണഭോക്താവിന്റെ സൗകര്യവും സാമ്പത്തിക ശേഷിയും കണക്കിലെടുത്ത് 2,3,5 എന്നിങ്ങനെയുള്ള എണ്ണം പശുക്കളടങ്ങുന്ന യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

**വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ**

പഞ്ചായത്തിലെ 15 വനിതകളുടെ ഒരു സംഘമാണ് ഗുണഭോക്താക്കൾ. ഇതിൽ ഒരാൾ കൺവീനർ ആയിരിക്കണം.

ഗുണഭോക്താക്കൾക്കുവേണ്ടി ദൈനംദിനപ്രവർത്തനങ്ങൾ നടത്തേണ്ട ഉത്തരവാദിത്തം കൺവീനർക്കാണ്. ഈ യൂണിറ്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം റജിസ്റ്റർ ചെയ്യാവുന്നതും ധനകാര്യസ്ഥാപനങ്ങളുടെയും, ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട ധനസഹായവും ലഭിക്കും

**ആടുമാടുവളർത്തൽ യൂണിറ്റുകൾ**

പാവപ്പെട്ടവന്റെ പശുവെന്നറിയപ്പെടുന്ന ആടിന് വീടിനോട് ചേർന്ന ചെലവുകുറഞ്ഞ് കൂട്ട്, കുറഞ്ഞ മൂലധനം, കുറഞ്ഞ തീറ്റചെലവ് എന്നീ സൗകര്യങ്ങളുള്ളതിനാൽ സംരക്ഷണം എളുപ്പമാണ്.

ഗ്രാമീണ വനിതകൾക്കിടയിലും പ്രോത്സാഹിപ്പിക്കാവുന്ന ഒരു പദ്ധതിയാണിത്. ആടിന്റെ പാൽ ഭക്ഷണക്രമത്തിലുൾപ്പെടുത്തിയും ബാക്കി വിപണനം വഴി സാമ്പത്തികവും മെച്ചപ്പെടുത്താം.

കാർഷികകേന്ദ്രങ്ങൾ വഴി പ്രവർത്തിക്കുന്ന വെറ്റിനറി സർജന്റെ സേവനം ഇവയുടെ ആരോഗ്യപരിപാലനത്തിൽ ലഭ്യമാക്കണം. ഒരു നിശ്ചിത തീയതികളിൽ ഓരോ കർഷകകേന്ദ്രങ്ങളിലും വെറ്റിനറി സർജൻ ആടുമാടുകളെ പരിശോധിക്കാനെത്തുകയും ഒരു മൊബൈൽയൂണിറ്റ് പ്രവർത്തിപ്പിക്കുകയും വേണം.

തീറ്റപ്പുൽ കൃഷിഫാമുകൾ വ്യാപകമാക്കണം. അത്യുൽപാദനശേഷിയുള്ള കൃത്രിമബീജസങ്കലനകേന്ദ്രങ്ങളുടെ സഹായം ഈ യൂണിറ്റുകൾക്കു ലഭ്യമാകണം. ഡയറി സൊസൈറ്റികൾ ഈ യൂണിറ്റുകളുടെ വിപണനത്തെ സഹായിക്കാനുണ്ടാകണം..

## മാംസോല്പാദനമേഖല

ഇറച്ചിക്കോഴി വളർത്തൽ-മാംസോല്പാദനത്തിനുവേണ്ടി മാത്രം വികസിപ്പിച്ചെടുത്ത വർഗ്ഗത്തെയാണ് ബ്രോയിലർ കോഴികൾ എന്നു പറയുന്നത്. ഇവ ഏഴു മുതൽ എട്ട് ആഴ്ചക്കുള്ളിൽ വിപണനത്തിനു യോഗ്യമാകുമെന്നതിനാൽ ഒരുവർഷം അഞ്ചു തവണ ഇറച്ചിക്കോഴികളെ വളർത്തിയെടുക്കാൻ സാധിക്കും.

കുടുംബത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വീതം വില്പനയ്ക്കു സജ്ജമാക്കുന്ന പദ്ധതി. സർക്കാർ ഫാമുകളിൽ നിന്നോ സ്വകാര്യ ഹാച്ചറികളിൽ നിന്നോ കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കാം.

**പന്നിവളർത്തൽ**

മീറ്റ് പ്രോഡക്റ്റ് ഓഫ് ഇന്ത്യ സമീപ പഞ്ചായത്തിലായതിനാൽ പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതയും ഇറച്ചിയുടെ വിപണനവും ഉറപ്പുവരുത്തുന്നു. 5 പെൺപന്നികളും ഒരു ആൺപന്നിയും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഹോട്ടലുകളിലെയും പച്ചക്കറി മാർക്കറ്റിലെയും അവശിഷ്ടങ്ങളെ പന്നിത്തീറ്റയിൽ ഉൾപ്പെടുത്തി പന്നിവളർത്തൽ ലാഭകരമാക്കാം.

നിലവിലുള്ള ഈ പദ്ധതി പഞ്ചായത്തു പ്രദേശത്തു ലാഭകരമായി കാണുന്നുണ്ട്. അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഇതു വിപുലീകരിക്കേണ്ടതാണ്.

## മുയൽവളർത്തൽ

പഞ്ചായത്ത് പ്രദേശത്ത് ഒരു പുതിയ സംരംഭമാണ് മുയൽ വളർത്തൽ കുഞ്ഞുങ്ങളുടെ ലഭ്യതയും ഇറച്ചിയുടെ വിപണനവും. എം.പി.ഐ. വഴി സാധിക്കുന്നു. കുറഞ്ഞ മുതൽമുടക്കിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഒഴിവു സമയം ഫലപ്രദമായ രീതിയിൽ ചിലവഴിക്കാം.

മുയലിറച്ചി പോഷകസമൃദ്ധവും കൊഴുപ്പു കുറഞ്ഞതും ഹൃദ്രോഗികൾക്കു അഭികാമ്യവുമാണ്.

## മുട്ടയുൽപാദനമേഖല

**വീട്ടുമുറ്റത്തെ കോഴിവളർത്തൽ.**

ഇപ്പോൾ നിലവിലുള്ള പദ്ധതി വിജയസാധ്യത കൂടുതൽ. ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകളിൽ തന്നെ മുട്ടയുത്പാദിപ്പിക്കാനുതകുന്ന പദ്ധതി. വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുന്നു. കൂടാതെ വീട്ടമ്മമാർക്ക് വരുമാനമാർഗ്ഗവുമാണ്. 45 ദിവസം പ്രായമായ 5 മുട്ടക്കോഴികുഞ്ഞുങ്ങളെ നൽകി അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ നൽകി വളർത്താം. എഗ്ഗർ നേഴ്സറികളിൽ നിന്നോ സർക്കാർ ഫാമിൽ നിന്നോ കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കാം.

**എഗ്ഗർ നേഴ്സറി**

ഗുണമേന്മയുള്ള മുട്ടക്കോഴികുഞ്ഞുങ്ങളെ പഞ്ചായത്തിലെ കർഷകർക്കു ലഭ്യമാക്കുകയാണു ലക്ഷ്യം. ഈ പദ്ധതിയിലൂടെ ഒരു ദിവസം പ്രായമായ കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിനു തയ്യാറാക്കുകയാണു പദ്ധതി. ഒരു വർഷം അഞ്ചു തവണയെങ്കിലും കോഴികുഞ്ഞുങ്ങളെ വളർത്തി വിൽക്കാം.

**സ്കൂൾപൗൾട്രി ക്ലബ്**

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താല്പര്യവും വളർത്തുകയാണു ലക്ഷ്യം. വിജയസാദ്ധ്യതയേറെയുള്ള ഒരു പദ്ധതിയാണിത്. സ്കൂൾ പൗൾട്രി ക്ലബിൽ അംഗങ്ങളായിട്ടുള്ള കുട്ടികൾക്കു 60 ദിവസം പ്രായമായ മൂന്നു മുട്ടക്കോഴികുഞ്ഞുങ്ങളെ സൗജന്യമായി നൽകുന്നതാണു പദ്ധതി.

**താറാവു വളർത്തൽ**

പുഴയോടു ചേർന്നു കിടക്കുന്ന കക്കാട് കളമ്പൂര് പ്രദേശത്തു നടപ്പിലാക്കാൻ അനുയോജ്യമായ പദ്ധതി. പഞ്ചായത്തിലെ 5 കർഷകർക്കു 500 വീതമുള്ള താറാവ് വളർത്തൽ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. താറാവ് നേഴ്സറിയിൽ നിന്നും താറാവു കുഞ്ഞുങ്ങളെ ലഭിക്കും.

**താറാവിൻ കുഞ്ഞുങ്ങളുടെ നേഴ്സറി**

ഒരു ദിവസം പ്രായമുള്ള താറാവിൻ കുഞ്ഞുങ്ങളെ സർക്കാർഫാമിൽ നിന്നു വാങ്ങി ശാസ്ത്രീയമായ രീതിയിൽ മൂന്നുമാസംവരെ വളർത്തി ആവശ്യമുള്ള കർഷകർക്കു വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരങ്ങൾ

**പേവിഷ നിർമ്മാർജ്ജനം**

രണ്ടായിരമാണ്ടോടെ പേവിഷനിയന്ത്രിതമായ ഒരു ജനത എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനം ഏകാപിപ്പിച്ച് സമയബന്ധിതമായി തീവ്രയത്ന പരിപാടിയിലൂടെ പേവിഷനിയന്ത്രണപദ്ധതി നടപ്പിലാക്കണം.

വളർത്തു നായ്ക്കൾക്ക് നിർബന്ധമായും കുത്തിവയ്പു നടത്തി ലൈസൻസ് നിർബന്ധമാക്കണം. അലഞ്ഞുതിരിഞ്ഞുനടക്കുന്ന തെരുവുനായ്ക്കളെ പിടികൂടി നശിപ്പിക്കണം. പേവിഷബോധവൽക്കരണത്തിന് സെമിനാറുകൾ സംഘടിപ്പിക്കണം.

**അറവുശാലകൾ**

ഗുണനിലവാരമുള്ള മാംസോല്പാദനത്തിനും വിപണനത്തിനും ആയി ശാസ്ത്രീയമായ അറവുശാലകൾ വാർഡുതലത്തിൽ നിർമ്മിക്കേണ്ടതാണ്.

**ക്രിത്രിമബീജസങ്കലനസൗകര്യങ്ങൾ**

ക്ഷീരോത്പാദക സഹകരണ സംഘത്തോടനുബന്ധിച്ച് രണ്ടു ക്രിത്രിമ ബീജസങ്കലനസൗകര്യങ്ങൾ പഞ്ചയാത്തു തലത്തിൽ തുടങ്ങേണ്ടതാണ്.

**മൃഗാശുപത്രി**

ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പിറവം മൃഗാശുപത്രിക്കു സ്വന്തമായ സ്ഥലവും കെട്ടിടവും കണ്ടെത്തണം. ആശുപത്രി, ജീവനക്കാർ, ടെലഫോൺ, വാഹനസൗകര്യം , ലബോറട്ടറി എന്നിവ മൃഗാശുപത്രിക്കു ലഭിക്കണം. മുളക്കുളം വെറ്റിനറി ഡിസ്പെൻസറിക്ക് ഇപ്പോഴുള്ള സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. കൂടുതലായി മുറികൾ പണിയുക, ചുറ്റുമതിലും ഗേറ്റും ഉണ്ടാക്കുക വൈദ്യുതീകരണം, വാട്ടർകണക്ഷൻ, ടെലഫോൺ, ലബോറട്ടറി സൗകര്യം എന്നിവ ലഭമാക്കണം.

**വിജ്ഞാനവ്യാപനം.**

പുതിയ വാർത്തകൾ കർഷകർക്കിടയിൽ എത്തിക്കുന്നതിനുവേണ്ടി മ-ഗാശുപത്രികളോടു ചേർന്ന് വിജ്ഞാനവ്യാപനകേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്.

**പിറവം പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ സ്ഥിതിവിവരങ്ങൾ**

| പദ്ധതിയുടെ പേര് | പ്രയോജനം ലഭിച്ച വരുടെ എണ്ണം | സ്ഥിതിവിശകലനം, പദ്ധതികളുടെ പ്രശ്നങ്ങൾ ഭാവിപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന സാദ്ധ്യതകൾ |
|---|---|---|
| **1. 8-ാംപദ്ധതികാലഞ്ഞ് പൂർത്തികരിച്ചത്** | | സ്വീകാര്യമായത് . പക്ഷെ ഇറച്ചിയുടെ വിപണനത്തിന് എം.പി.ഐ.യെ ആശ്രയിക്കണം |
| എ. പന്നിവളർത്തൽ | 10. 2 | വളരെ അനുയോജ്യമായത്. പകർച്ചവ്യാധികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പിനുള്ള |
| ബി. വീട്ടുമുറ്റത്തെ കോഴിവളർത്തൽ - | 400.4 | ള്ള വാക്സിനും യഥാസമയം ലഭിക്കുന്നില്ല. തന്മൂലം കോഴികൾ ചിലപ്പോൾ കൂട്ടായി ചത്തുപോകുന്നു. |
| സി. സ്കൂൾപൗൾട്രിക്ലബ് | 120.5 | അനുയോജ്യം. കോഴികൾക്കുള്ള കൂടും 2 ആഴ്ചത്തേക്കു എങ്കിലും ഉള്ള തീറ്റയും സൗജന്യമായി നല്കേണ്ടതാണ്. |
| ഡി. ആടുവളർത്തൽ | 15.2 | അനുയോജ്യമായത്. കാര്യമായ പ്രശ്നങ്ങൾ ഒന്നുംതന്നെ ഇല്ല. |
| **2 നടപ്പു സ്കീമുകൾ** | | |
| എ. കന്നുകുട്ടി പരിപാലനം | 40(കിടാക്കൾ) | വളരെ അനുയോജ്യമായത്, ചെറുകിട കർഷകർക്കും നാമമാത്രകർഷകർക്കും, കർഷക തൊഴിലാളികൾക്കും പ്രയോജനം ഉള്ളത് കാലിതീറ്റയുടെ വിലവർദ്ധനവ് അനുസരിച്ച് സബ്സിഡി വർദ്ധിപ്പിക്കണം. |
| ബി. പേവിഷനിർമ്മാർജ്ജനം | 300 നായ്ക്കൾ | വളരെ അത്യാവശ്യമായത് തെരുവ് നായ്ക്കളെ കൊല്ലുന്നതിന് പഞ്ചായത്തിൽനിന്നു രണ്ടു പേരെ തിരഞ്ഞെടുത്തു ട്രെയിനിംഗ് കൊടുക്കണം. |
| സി. വീട്ടുമുറ്റത്ത് കോഴി വളർത്തൽ | 200.4 | കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ടിരിക്കു ക്കുന്നു. |
| **3. 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പുതിയ പദ്ധതികൾ** | | |
| എ. ഡയറി യൂണിറ്റുകൾ<br>ബി. എഗ്ഗർ നഴ്സറി<br>സി. ഇറച്ചിക്കോഴി വളർത്തൽ<br>ഡി. താറാവ് വളർത്തൽ<br>ഇ. മുയൽ വളർത്തൽ | | പഞ്ചായത്തിൽ നടപ്പിലാക്കുന്നതിൽ അനുയോജ്യമായി കാണുന്നു. പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പ്രത്യേകം തയ്യാറാക്കി സമർപ്പിക്കണം. |

## മത്സ്യബന്ധനം

പുഴ, തോട്, കുളം, ചാൽ, ചിറ, എന്നിവയാൽ പിറവത്തെ മത്സ്യബന്ധനം ഏറെ സമൃദ്ധമാണ്. പിറവം പഞ്ചായത്തിൽ മാത്രം പുഴയുടെ ദൈർഘ്യം ഉദ്ദേശം 7 മൈൽ ആണ്. 150 കുടുംബങ്ങൾ മത്സ്യബന്ധനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്നുണ്ട്. പണ്ട് പഞ്ഞിനൂൽ കൊണ്ടുള്ള വലയാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ സാർവ്വത്രികമായി നൈലോൺ വലകളാണ് ഉപയോഗിക്കുന്നത്. യന്ത്രങ്ങളോ ചീനവലകളോ ഉപയോഗിച്ചു മത്സ്യം പിടിക്കുന്നതിനുള്ള സൗകര്യം ഇവിടെ ഇല്ല.

പുഴ, കുളം എന്നിവയിൽ നിന്നും 365 ദിവസവും മത്സ്യബന്ധനം നടത്താവുന്നതാണ്. തോട്, ചിറ, ചാൽ, എന്നിവിടങ്ങളിൽ നാലും അഞ്ചും മാസം വരെ മത്സ്യം പിടിക്കുന്നു. പുഴയിൽ തോട്ട ഇടുന്നതും തോടുകളിലും കുളങ്ങളിലും നഞ്ചുകലക്കുന്നതും മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ ഇവ രണ്ടും പഞ്ചായത്ത് കർശനമായി നിരോധിക്കണം.

നാട്ടു കുളം, വീട്ടുകുളം, ഹ്രസ്വകാല ചെമ്മീൻകെട്ടു പാടങ്ങൾ, മത്സ്യ ചിറകൾ എന്നി നാലു ഫിഷറീസ് ഫാമുകൾ മുഖേന മത്സ്യബന്ധനം പിറവത്ത് നടത്താവുന്നതാണ്.

<u>1 നാട്ടുകുളം:</u> - പുഴവെള്ളം ഒരിക്കലും കയറാത്തതും കയറിയാൽത്തന്നെ മത്സ്യം വെളിയിൽ പോകാതെ വളരെ എളുപ്പത്തിൽ തടഞ്ഞു നിർത്തുന്നതിനു സാധിക്കുന്ന പഞ്ചായത്തു വക കുളങ്ങളിൽ ചെമ്മീൻ, കൊഞ്ച്, മറ്റു മത്സ്യങ്ങൾ എന്നിവ വളർത്താം. 2-ാം വാർഡിൽ തിരുവിശുംകുളം, പാറേകാട്ടുമല കുളം, ഇടപ്പിള്ളിച്ചിറ, 3-ാം വാർഡിൽ കുട്ടംകുളം, 4-ാം വാർഡിൽ പെലത്രക്കുളം, ഔത്തായിക്കുളം, 7-ാം വാർഡിൽ തേരകത്തു ചിറ, ചെറുകരക്കുളം തകിടികുളം കൊല്ലംകോട് കുളം, പുഴക്കുളം, മുത്താനികുളം 8-ാം വാർഡിൽ
10-ാം വാർഡിൽ തടുക്കുളം, പെരും കുളം, തൊടുവക്കുളം, പള്ളിപ്പാട്ടുചാൽ, നടുചാൽ 11-ാം വാർഡിൽ അമർക്കുളം എന്നിവ മത്സ്യം വളർത്താൻ അനുയോജ്യമാണ്. കൂടാതെ, 4-ാം വാർഡിൽ ചിറയം പുഞ്ച പഞ്ചായത്ത് ഏറ്റെടുത്ത് ചീപ്പിട്ടു പൂട്ടി സംരക്ഷിക്കുകയാണെങ്കിൽ 365 ദിവസവും മത്സ്യം പിടിക്കാം. ചെറു മത്സ്യഫാം രൂപീകരിച്ച് അവർക്കോ, വ്യക്തികൾക്കോ ഒരു വർഷത്തേക്ക് (മാർച്ചുമുതൽ അടുത്ത മാർച്ച് വരെ) ലേലത്തിൽ കൊടുക്കണം. 5,6 വർഷം കൊണ്ട് ഇവ നന്നാക്കുന്നതിനു മുടക്കിയത് തിരിയെ കിട്ടും. അതു കഴിഞ്ഞാൽ ലാഭമായി.

<u>വീട്ടു കുളം</u>:- വ്യക്തികളുടെ സ്വന്തം സ്ഥലത്ത് കുളം നിർമ്മിച്ച് ഉപയോഗശൂന്യമായി കിടക്കുന്ന പാറമടകൾ കുളമായുപയോഗിച്ച് മത്സ്യക്കൃഷിനടത്താം. മത്സ്യസൊസൈറ്റി രൂപീകരിച്ച് കുളങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നല്കുകയും ചെയ്യണം. അങ്ങനെ വന്നാൽ, കൂടുതൽ ആൾക്കാർ ഈ രംഗത്തേക്ക് വരും. ഹാച്ചറിംഗും അക്വാ സ്റ്റോറും തുടങ്ങണം. 1-ാം വാർഡിൽ 10 സെൻറ് വിസ്തീർണ്ണം വരുന്ന രണ്ട് പാറമടക്കുളങ്ങളിൽ ഇപ്പോൾ തന്നെ മത്സ്യം വളർത്തുന്നുണ്ട്. 8-ാം വാർഡിൽ കൊള്ളിക്കൽ വടക്ക് ഭാഗത്ത് വലിയ പാറമടയുള്ളതിൽ മീൻവളർത്തൽ നടത്താം. മത്സ്യഫെഡുമായി ബന്ധപ്പെടുത്തി തീറ്റ, വിത്ത് സബ്സിഡി ലഭ്യമാക്കണം.

## ഹ്രസ്വകാല-ചെമ്മീൻ കെട്ടുപാടങ്ങൾ - ചാലുകൾ

4-ാം വാർഡിൽ ചെലുത്ത് പാടവും ചാലും 11-ാം വാർഡിലെ അമർക്കുളം പാടവും മിഥുന മാസം മുതൽ കന്നിമാസം വരെ പുഴവെള്ളം ചീപ്പിട്ടു കെട്ടി നിറുത്തി ചെമ്മീൻ, കൊഞ്ച്, എന്നിവ വളർത്താവുന്നതാണ്. കൂടെ മറ്റു മീനും വളർത്താം.

ചെലുത്ത് പാടത്ത് മാഞ്ഞാമറ്റത്തിൽ താഴെയും, കാക്കനൊട്ടി പടിക്കലും ചീപ്പ് തുടങ്ങണം. അമർക്കുളം പാടത്ത് കുരീൽ തോട്ടിൽ ചീപ്പ് ഇടണം. മലവെള്ളം കയറി നിറയുമ്പോൾ ചീപ്പിട്ടാൽ എക്കൽ പാടത്ത് അടിയുകയും പുല്ല് ചീയുകയും ചെയ്യും. ചെമ്മീൻ കുഞ്ഞുങ്ങളെ ഇട്ടുകൊടുത്താൽ നല്ല വിളവെടുപ്പു നടത്താം. ഇവിടെ നിന്നും മീൻ പിടിക്കുന്നത് വ്യക്തികൾക്കോ മത്സ്യഫാമുകൾക്കോ ലേലത്തിൽ കൊടുക്കണം. ചീപ്പ് ഇടുന്നതും തുറക്കുന്നതിനുമുള്ള ചുമതല നെൽ കൃഷിസംഘങ്ങളെ ഏൽപ്പിക്കണം.

## മത്സ്യ ചിറകൾ

ഒരിക്കലും വെള്ളം വറ്റാത്തതും അവയെ സംരക്ഷിക്കുന്നതിനു ബണ്ട്കളും ചിഷുകളും ഉള്ള സ്ഥലം ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ കിടക്കുന്ന പിറവം പുഞ്ചയും ചാലും ഉൾപ്പെട്ടുവരുന്ന കരിങ്കൽചിറ ഈ തരത്തിൽപ്പെട്ടതാണ്. ഇവയെ മത്സ്യം വളർത്തൽ കേന്ദ്രമായി പഞ്ചായത്തു പ്രഖ്യാപിക്കണം. മിഥുനമാസത്തിൽ മലവെള്ളം കയറുമ്പോൾ കരിങ്കൽചിറ തുറന്നിട്ടിരിക്കണം. മലവെള്ളം കയറി പുഞ്ചമെത്തിയാൽ ചീപ്പിട്ടു പൂട്ടുക. മത്സ്യവും, എക്കലും പുഞ്ചയിൽ കയറും. കൃഷിയിറക്കുന്നത് കണക്കിലെടുത്ത് ചിറ തുറക്കുന്ന തീയതി നിശ്ചയിച്ച് അപ്പോൾ മാത്രമേ ചിറ തുറക്കാവൂ. ചിറ തുറക്കുന്നതിനും പൂട്ടുന്നതിനുമുള്ള ചുമതല പാടശേഖര കമ്മറ്റിയെ ഏല്പിക്കുക. മലവെള്ളത്തിൽ (ഉച്ചയ്ക്ക്) ധാരാളം മത്സ്യം പുഞ്ചയ്ക്കകത്തേക്ക് കയറുന്നതാണ്. പോരെങ്കിൽ മത്സ്യകുഞ്ഞുങ്ങളെ ഇട്ടുകൊടുക്കാവുന്നതാണ്. വളരെ വിസ്തൃതിയുള്ള പുഞ്ചയായതിനാൽ എല്ലായ്പ്പോഴും 20-0, 25-0, നീട്ടുവലകൾ ഉപയോഗിക്കാവുന്നതാണ്. 10-0, 15-0, മീച്ചു വലകൾ ദിവസേന മീൻപിടിക്കുന്നുണ്ടായിരിക്കും. കൂടാതെ കരിങ്കൽ ചിറയിൽ വല കുത്തി തുറക്കുന്നതിന് മീൻ പിടിക്കാനും സാധിക്കും. വല നീട്ടി വീശിയും കുത്തിയും മീൻ പിടിക്കുന്നതിന് ലേലത്തിൽ കൊടുക്കണം. ഒരു കിലോ വല നീട്ടുന്നതിന്, ചിറയിൽ നിന്നും ഇറങ്ങുമ്പോൾ വല കുത്തി മീൻ പിടിക്കുന്നതിനും പുഞ്ചയിലോ കരിങ്കൽചിറയിലോ വീശി മീൻ പിടിക്കുന്നതിന് ഒരു വലക്ക് (ചെറുതും വലുതും ഉൾപ്പെടെ രണ്ട്) ഒരു റേറ്റ് തീരുമാനിച്ചത് അനുസരിച്ച് പണമടച്ച് മത്സ്യം പിടിക്കുന്നതിന് വ്യക്തികൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. പുഞ്ച മൊത്തത്തിൽ വ്യക്തികൾക്കോ, മത്സ്യസൊസൈറ്റിക്കോ ലേലത്തിൽ ഒരു വർഷത്തേക്ക് (മാർച്ചു മുതൽ അടുത്ത മാർച്ച് വരെ) കൊടുക്കുന്നതാണ് നല്ലത്.

പൈറ്റുകുഴി മുതൽ കരിങ്കൽചിറവരെയും കരിങ്കൽചിറമുതൽ പിറവം പുഞ്ചചാൽ വരെയും തോട്ടിലെ മണ്ണെടുത്ത് ആഴം കൂട്ടിയും പുഴ മുതൽ പുഞ്ചചാൽവരെ കരിങ്കൽ കെട്ടി ഫാം റോഡും നിർമ്മിക്കണം.

മേൽപ്പറഞ്ഞ നാളിൽ കുളങ്ങളിലും വീട്ടിൽ കുളങ്ങളിലും ചിറകളിലും ചാലുകളിലും മീൻ വളർത്തുന്നതിന് ആവശ്യമായ കുഞ്ഞുങ്ങളെ വളർത്തുന്നതിന് മത്സ്യകുഞ്ഞു വളർത്തൽ കേന്ദ്രം (ഹാച്ചറിംഗ്) അത്യാവശ്യമാണ്.

കുഞ്ഞുങ്ങൾക്ക്വേണ്ട തീറ്റ, മീൻ പിടിക്കുന്നതിനു വേണ്ടവലകൾ, മത്സ്യം ശേഖരിക്കുന്നതിനു വേണ്ട സ്റ്റോറും വിറ്റഴിയുന്നതിനുവേണ്ട സ്റ്റാളും ആവശ്യമാണ്. ഇതിനു വേണ്ട കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം കരിങ്കൽചിറയിൽ പഞ്ചായത്തിന്റെ വകയായുണ്ട്. പോരെങ്കിൽ തോടായി കിടന്നിരുന്ന സ്ഥലം മറ്റുള്ളവരുടെ കൈവശമിരിക്കുന്നത് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. ഹാച്ചറിംഗിനുവേണ്ട സൗകര്യവും ഇവിടെ നിർമ്മിക്കാം. ഏത് സമയത്തും ജീവനുള്ള മത്സ്യങ്ങളെ ലഭിക്കുന്നതിനുവേണ്ട സ്റ്റാളും ഇവിടെ നടത്താം.

# വ്യവസായം

തടി അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന തീപ്പെട്ടിക്കമ്പനികൾ, പ്ലൈവുഡ് ബനീർ ഫാക്ടറികൾ, തടിയറപ്പു മില്ലുകൾ, പാക്കിംഗ് കേസ് നിർമ്മാണശാലകൾ, കരകൗശല വസ്തുക്കളുണ്ടാക്കുന്ന (Handicrafts) ഫാക്ടറികൾ, ഫർണീച്ചർ നിർമ്മാണ ശാലകൾ എന്നിവയാണ് വ്യവസായ മേഖലയിൽ മുന്നിട്ടു നില്ക്കുന്നവ. ഇഷ്ടികക്കളങ്ങൾ, ഓട്ടുകമ്പനി എന്നിവയും നെല്ലുകുത്തുകയും ധാന്യം പൊടിക്കുകയും ചെയ്യുന്ന മില്ലുകളും, ചെറുകിട എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകളും കുറെ സിമൻറിഷ്ടിക (Hollowbricks) ഫാക്ടറികളും രണ്ടു മൂന്നു പ്ലാസ്റ്റിക് മോൾഡിംഗ് ഷോപ്പുകളും മെഴുകുതിരി നിർമ്മാണയൂണിറ്റുകളും ചേർന്നാൽ പിറവത്തെ വ്യവസായ മേഖലയുടെ ചിത്രം പൂർണ്ണമായി. ഇവയിലെല്ലാം കൂടി ആയിരത്തി അഞ്ഞൂറോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

പരമ്പരാഗതമായ വ്യവസായങ്ങൾ ഒന്നും തന്നെയില്ല. വനിതാവ്യവസായങ്ങൾ പേരിനുമാത്രം. ഏറ്റവും പ്രധാന കാർഷിക വിള റബ്ബറാണെങ്കിലും റബ്ബറിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, ഒരു റബ്ബറൈസ്ഡ് കയറ്റുപായ നിർമ്മാണയൂണിറ്റൊഴിച്ചാൽ മറ്റൊന്നും തന്നെയില്ല. നെല്ലുകുത്തു മില്ലുകളെയും എണ്ണയാട്ടുമില്ലുകളെയും മാറ്റി നിർത്തിയാൽ മറ്റു കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ ശാലകൾ ഇല്ലെന്നു തന്നെ പറയാം.

പ്രവർത്തന രഹിതമായ വ്യവസായയൂണിറ്റുകൾ കുറെയെണ്ണമുണ്ട്. മിനി ഇൻഡ്രസ്ട്രിയൽ എസ്റ്റേറ്റിലെ ആറു യൂണിറ്റുകൾ, നെല്ലുകൈകുത്തു സൊസൈറ്റി, എന്നിവ, അഞ്ചാം വാർഡിൽ പ്രവർത്തനം നിലച്ച നിലയിലുള്ളപ്പോൾ ആറാം വാർഡിലെ പാമ്പാക്കുട ബ്ലാക്ക്സ്മിത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും, തുകൽ നിർമ്മാണയൂണിറ്റും പൂട്ടിപ്പോയ സ്ഥാപനങ്ങളാണ്.

ഗുരുതരമായ മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ പഞ്ചായത്തിലില്ല എന്നുതന്നെ പറയാം. എന്നാൽ ഇഷ്ടികനിർമ്മാണവും പുഴയിലെ മണൽ വാരലും ഒരളവുവരെയെങ്കിലും പരിസ്ഥിതിയെ ബാധിക്കുന്നുണ്ട്. കുമ്മായച്ചൂളകൾ രാത്രികാലങ്ങളിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളുവെങ്കിലും അന്തരീക്ഷമലിനീകരണം ചെറിയ തോതിൽ നടത്തുന്നുണ്ട്.

**വ്യവസായങ്ങൾ.**

| | വ്യവസായം | എണ്ണം | തൊഴിലാളികൾ | ശതമാനം |
|---|---|---|---|---|
| I | തടി | | | |
| | 1. തീപ്പെട്ടി | 10 | 350 | |
| | 2. തടിമില്ലുകൾ | 7 | 35 | |
| | 3. പ്ലൈവുഡ് | 3 | 60 | |
| | 4. ഫർണിച്ചർ | 3 | 15 | |
| | 5. കരകൗശലം | 3 | 30 | |
| | | | 490 | 32% |
| II | കെട്ടിട നിർമ്മാണവസ്തുക്കൾ | | | |
| | 1. ഇഷ്ടിക നാടൻ | 12 | 360 | |
| | 2. ഇഷ്ടിക കോൺക്രീറ്റ് | 2 | 10 | |
| | 3. ഓട് | 1 | 65 | |
| | 4. കോൺക്രീറ്റ് കട്ടിള | 3 | 10 | |
| | 5. മണൽ (കടവ്) | 8 | 320 | |
| | | | 765 | 50% |

| | വ്യവസായം | എണ്ണം | തൊഴിലാളികൾ | ശതമാനം |
|---|---|---|---|---|
| III | എഞ്ചിനീയറിംഗ് | 14 | 50 | 3% |
| IV | കൊപ്രാ | 6 | 15 | 1% |
| V | മെഴുകുതിരി | 7 | 21 | 2% |
| VI | ബീഡി | 1 | 15 | 1% |
| VII | വസ്ത്രം | 2 | 120 | 8% |
| VIII | മറ്റുള്ളവ | 15 | 50 | 3% |
| | ആകെ | 1526 | | 100% |

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന ഒരേയൊരു വിദ്യാഭ്യാസസ്ഥാപനം പിറവത്തെ എം.എസ്.എം. ഐ.ടി.സി. യാണ്. ഫിറ്റർ, ടർണർ, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് മെക്കാനിക്ക്, റേഡിയോ ഇലക്ട്രോണിക്സ്, മോട്ടോർ വെഹിക്കിൾ മെക്കാനിസം എന്നിവയിൽ പരിശീലനം നൽകുന്നു.

## പ്രശ്നങ്ങൾ

1. വ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നില്ല. പുതിയതായി വ്യവസായങ്ങൾ തുടങ്ങുന്നതിന് വൈദ്യുതി ലഭിക്കുന്നില്ല
2. തടി, മെഴുക്, കരകൗശലവസ്തു നിർമ്മാണത്തിനുള്ള ഈട്ടിതടി, എന്നിവയുടെ ലഭ്യത വളരെ കുറയുന്നു.
3. പരിശീലനം ലഭിച്ച തൊഴിലാളികളുടെ എണ്ണം കുറവാണ്. തീപ്പെട്ടിക്കമ്പനിയിലും മറ്റും പുറമേ നിന്നും, ചിലപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ആളുകളെ കൊണ്ടുവരേണ്ടി വരുന്നു. അധ്വാനം ആവശ്യമായ മേഖലയിൽ ഇതു കൂടുതലായി കണ്ടുവരുന്നു.
4. വർദ്ധിച്ച കൂലി നിരക്ക്.
5. സാങ്കേതിക പരിശീലനം ലഭിച്ചവർക്കു ജോലി നൽകാൻ പറ്റിയ വൻകിടവ്യവസായങ്ങൾ തുടങ്ങാൻ സംരംഭകർ മുന്നോട്ടു വരുന്നില്ല.
6. മുഖ്യ കാർഷികവിളകളായ റബ്ബർ, നെല്ല് നാളികേരം, എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കാനുള്ള മാർഗ്ഗനിർദ്ദേശവും പരിശീലനവും ലഭ്യമാകുന്നില്ല.
7. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന പ്രക്രിയ എളുപ്പമാക്കുന്നതിന് പഞ്ചായത്തുതലത്തിൽ സംവിധാനങ്ങളില്ല.
8. വേണ്ടത്ര സ്ഥലം ലഭ്യമല്ല.
9. ജില്ലാ ആസ്ഥാനത്തുനിന്നും ജില്ലയിലെ പ്രധാന വ്യവസായ മേഖലയിൽനിന്നും ദൂരക്കൂടുതലുള്ളത് വ്യവസായത്തിന്റെ നടത്തിപ്പിനു വിഘാതമാകുന്നു.
10. വ്യവസായങ്ങൾ തുടങ്ങുന്നവർക്ക് വിപണിയിൽ മത്സരിക്കാനും പിടിച്ചുനില്ക്കാനുമുള്ള മൂലധനം കണ്ടെത്താൻ കഴിയുന്നില്ല.
11. പണമുള്ളവർ പലിശക്കുകൊടുത്ത് കൂടുതൽ പണം കണ്ടെത്തുന്ന എളുപ്പമാർഗ്ഗം അവലംബിക്കുന്നതുകൊണ്ട് താരതമ്യേന കൂടുതൽ നഷ്ടസാദ്ധ്യത(risk) ഉള്ള വ്യവസായ മേഖലയിലേക്കു വരാൻ തയാറാകുന്നില്ല.
12. സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയ ചില വ്യവസായ സംഘങ്ങളുടെ പരാജയം അത്തരം സംരഭങ്ങൾ തുടങ്ങുന്നതിന് മുന്നിൽ ദുഃശകുനമായി നില്ക്കുന്നു.

## സാധ്യതകൾ

1. റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് നല്ല സാധ്യതയുണ്ട് . ഓരോവാർഡിലും ഓരോ റബ്ബറുല്പാദക സഹകരണ സംഘങ്ങളുണ്ടാവണം. ഇപ്പോൾ തന്നെ ചില വാർഡുകളിൽ അവ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളെ സംയോജിച്ചുപ്ര

വർത്തിപ്പിക്കാൻ കഴിയുന്ന ഒരു കേന്ദ്രീകൃതസമിതി(Apox Body) പഞ്ചായത്തിലുണ്ടാവണം. റബ്ബർ പാൽ സംഭരിച്ച് ലാറ്റക്സ് ഉണ്ടാക്കുന്ന ഒരു ഫാക്ടറി ഈ സമിതിയുടെ കീഴിൽ ഉണ്ടാക്കാം. റബ്ബറുല്പന്നങ്ങളുണ്ടാക്കുന്ന, പ്രത്യേകിച്ചും റബ്ബർ മോൾഡു ചെയ്തടുക്കുന്ന ബുഷ്, തുടങ്ങിയ ഇനങ്ങൾ ഉണ്ടാക്കുന്നു. കൊച്ചു കൊച്ചു കുടിൽ വ്യവസായ യൂണിറ്റുകൾ ഓരോ വാർഡിലും വീടുകൾ തോറും ഉണ്ടാക്കണം. ഇവിടെ ഉല്പന്നങ്ങളുണ്ടാക്കുന്നതിനാവശ്യമായ രീതിയിൽ പ്രോസസ് ചെയ്ത റബ്ബർ ഉണ്ടാക്കുന്നതിന് കേന്ദ്രസമിതിയുടെ കീഴിൽ, പിറവത്തെ അടഞ്ഞുകിടക്കുന്ന മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകളിലൊന്നിൽ തുടങ്ങണം. വാർഡുകളിലുള്ള റബർ സൊസൈറ്റികൾ വഴി അസംസ്കൃത പദാർത്ഥവും മോൾഡിംഗ് മെഷീനുകളും മോൾഡും ചെറുയൂണിറ്റുകൾക്കു നൽകി. മോൾഡു ചെയ്ത ഉല്പന്നങ്ങൾ ശേഖരിക്കണം. അവയുടെ വിപണി കണ്ടെത്തലും വില്പനയും കേന്ദ്രയൂണിറ്റ് മുഖേന നടത്തണം. മാസത്തിലൊരിക്കൽ ഉല്പാദകർക്ക് ഉല്പന്നങ്ങളുടെ വില നൽകണം. വാഹനങ്ങളിൽ ഉപയോഗിക്കുന്ന ബുഷ്, വാഷർ, Oring കൾ തുടങ്ങി അനേകം ഉല്പന്നങ്ങൾ കണ്ടെത്താൻ കഴിയും. രണ്ടാം വാർഡിൽ നല്ല രീതിയിൽ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സൊസൈറ്റിക്ക് ഇതിനുള്ള നേതൃത്വപരമായ ചുമതല നിർവ്വഹിക്കാൻ കഴിയും. റബ്ബർ ബോർഡിൽ നിന്നും ആവശ്യമായ സാങ്കേതിക വിദ്യ ലഭിക്കും. റബ്ബർബാൻറ്, കൈയുറകൾ, എലാസ്റ്റിക്കിനാവശ്യമായ റബർ സീലുകൾ ഇവയും ഈ സംരംഭംവഴി ഉല്പാദിപ്പിക്കാം.

2. 5-ാം വാർഡിൽ സ്വന്തമായി 25 സെൻറ് സ്ഥലവും കെട്ടിടവും ഉള്ള കൈക്കുത്തരി സംഘം, പ്രവർത്തനം നിലച്ചുപോയത്, പുനരുജ്ജീവിപ്പിക്കാൻ കഴിയണം. പഞ്ചായത്തിൽ വിവിധ വാർഡുകളിൽ ഉള്ള നെല്ലുല്പാദക സംഘങ്ങളേയും ധാന്യം പൊടിക്കുന്ന മില്ലുകളെയും ആശ്രയിച്ചുകൊണ്ട്, ധാന്യപൊടികൾ സംഭരിച്ച് പാക്കുചെയ്തു വില്ക്കുന്ന ഒരു യൂണിറ്റായി ഇതു മാറ്റാൻ കഴിയും. മുളക് പൊടി, മല്ലിപ്പൊടി, മഞ്ഞൾ പ്പൊടി, എന്നിവയും വിവധതരം കറി പൗഡറുകളും ഇതേരീതിയിൽ ഉണ്ടാക്കി വില്പന നടത്താവുന്നതാണ്. ഇതിനു വേണ്ട ധനസഹായം വായ്പയായി ലഭ്യമാക്കണം. ഇതേ സംഘത്തിൻെറ കീഴിൽ ഒരു ബുക്ക് ബൈൻറിംഗ് യൂണിറ്റും ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

3. കാർഷികോപകരണങ്ങൾ നിർമ്മിക്കുന്നതിന് ഒരു തൊഴിൽ ശാലക്ക് നല്ലൊരു സാധ്യതയുണ്ട്. പ്രവർത്തനം നിലച്ചുപോയ പാമ്പാക്കുട ബ്ലാക്ക് സ്മിത്ത് സൊസൈറ്റി പുനരുജ്ജീവിപ്പിച്ചുകൊണ്ടോ, അല്ലെങ്കിൽ പുതുസംരംഭമായോ ഇതു നടത്താവുന്നതാണ്. ഗ്രാമസഭകളിൽ നിന്നും ഇതിന് നിർദ്ദേശം വന്നിട്ടുണ്ട്. ആവശ്യമായ അസംസ്കൃതവസ്തു (ഇരുമ്പ്) ജില്ലാവ്യവസായ കേന്ദ്രം വഴി ലഭ്യമാക്കുന്ന ഒരു സംവിധാനം ഇതിനാവശ്യമാണ്.

4. വാർഡു തോറുമുള്ള പാൽസൊസൈറ്റികളുടെ നേതൃത്വത്തിൽ ഒറ്റയായോ കൂട്ടായ സംരംഭമായോ പാലുല്പന്നങ്ങളുണ്ടാക്കുന്ന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. വിപണനത്തിന് ഒരു കേന്ദ്ര നേതൃത്വം ഉണ്ടാവണം.

5. ഒരു കാലിത്തീറ്റ ഫാക്ടറിക്കുള്ള സാധ്യത പരിശോധിക്കണം.

6. വനിതകളുടെ നേതൃത്വത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണശാലകൾ ഉണ്ടാക്കാം.

7. നാളികേരം സംസ്കരിച്ച് കൊപ്രയാക്കി സൂക്ഷിക്കുന്നതിനും എണ്ണയാട്ടി വില്ക്കുന്നതിനുമുള്ള സംരംഭങ്ങൾക്ക് ഇനിയും സാധ്യതയുണ്ട്. മറ്റു നാളികേരാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ തുടങ്ങാം.

8 ചിരട്ട ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല വസ്തുക്കളുണ്ടാക്കാം.

9. പഞ്ചായത്തിലുള്ള 300 ൽ അധികം വരുന്ന NRI കളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വൻകിടവ്യവസായം തുടങ്ങാൻ കഴിയും KSIDC, KITCO, Rubber Board ഇവയുടെ സഹകരണത്തോടെ ഒരു പദ്ധതി കണ്ടെത്താൻ കഴിയും.

10. ഇലക്ട്രോണിക് ഉപകരണങ്ങൾ (Invertor, Voltage Stabilizer തുടങ്ങിയവ) ഉല്പാദിപ്പിക്കുന്ന ഒരു ഫാക്ടറി തുടങ്ങാം

# വിഭവസമാഹരണം

പിറവം പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| പിറവം ഗ്രാമപഞ്ചായത്ത് 1996 മാർച്ച് മാസത്തെ ഡിമാൻറ് | | |
|---|---|---|
| കെട്ടിട നികുതി | 1152141 | 45 |
| കെട്ടിട നിർമ്മാണ ലൈ. ഫീസ് | 58826 | 00 |
| തൊഴിൽ നികുതി | 296502 | 00 |
| മണൽ | 3615999 | 00 |
| വിനോദനികുതി | 55676 | 00 |
| വിനോദനികുതി സർചാർജ്ജ് | 33645 | 00 |
| കെട്ടിട വാടക | 332412 | 00 |
| ചന്തപിരിവ് | 60500 | 00 |
| ബസ്സ്റ്റാൻഡ് ഫീസ് | 72044 | 00 |
| തറവാടക പലിശ | 41214 | 00 |
| ലൈസൻസ്ഫീസ് | 26293 | 00 |
| അടൽടൈ ജനറൽ | 168900 | 00 |
| VRM ഗ്രാൻറ് | 57760 | 00 |
| S.C.P | 107800 | 00 |
| സെക്യൂരിറ്റി നിക്ഷേപം | 210012 | 00 |
| മറ്റിനം | 119214 | 00 |
| ബേസിക് ടാക്സ് | 127950 | 00 |
| **ആകെ** | **6495674** | **45** |

പഞ്ചായത്തിൽ ലഭ്യമാകുന്ന മറ്റു വരുമാനമാർഗ്ഗങ്ങൾ പ്രധാനമായത് വിവിധ ബാങ്കുകളിൽ നിന്നും ലഭ്യമാകുന്ന വായ്പകൾ ആണ്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഫെഡറൽ ബാങ്ക് , ജില്ലാ സഹകരണബാങ്ക്, കെ.എഫ്. സി. ഇയുടെ ശാഖാ 3 സഹകരണ സൊസൈറ്റികൾ പലിശയ്ക്കു പണം കടം കൊടുക്കുന്ന ഇരുപതോളം സ്ഥാപനങ്ങൾ എന്നിവയാണ്. പിറവം പഞ്ചായത്തിൽ സാമ്പത്തിക വിഭവ സമാഹരണ മാർഗ്ഗങ്ങളായി നിലകൊള്ളുന്നത്.

കൃഷിക്കാവശ്യമായ വായ്പകൾ പ്രധാനമായും ലഭിക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഫെഡറൽ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നാണ്. ഒരു വർഷത്തിൽ 3 കോടിയോളം രൂപാ ഇങ്ങനെ കാർഷികവായ്പയായി ലഭിക്കുന്നുണ്ടെങ്കിലും അവയിൽ പകുതിയോളം വരുന്ന തുക കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നതായി കാണാം. അപ്പോഴപ്പോഴുണ്ടാകുന്ന ആവശ്യങ്ങൾക്ക് സ്വർണ്ണം പണയം വച്ചും, വസ്തു ഈടുനൽകിയും, ആൾജാമ്യത്തിലുമൊക്കെ കാർഷികാവശ്യങ്ങൾക്കെന്ന പേരിൽ കടം എടുക്കുന്ന പതിവാണ് ഗ്രാമത്തിലുള്ളത്. റബ്ബർ കൃഷിക്കു വേണ്ടി ബോർഡിൽ നിന്നും കേരകൃഷിക്കും മറ്റുകൃഷിപ്പണികൾക്കുമായി കൃഷിഭവൻ മുഖേന കിട്ടുന്ന ധനസഹായവും, വായ്പയും ഗ്രാമത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ട്.

മറ്റുസ്ഥാപനങ്ങളിൽ നിന്നെല്ലാം വൻപലിശയ്ക്കു പണമെടുക്കപ്പെടുന്നത് പ്രധാനമായും വ്യാപാരം, വാഹനങ്ങൾ വാങ്ങൽ എന്നിവയ്ക്കാണ്. യഥാർത്ഥത്തിൽ കണക്കിലുള്ളതിനേക്കാൾ കൂടിയ പലിശ ഇവർ ഈടാക്കുന്നതു കൊണ്ട് ഉപഭോക്താക്കൾ സാമ്പത്തികമായി വൻകടത്തിൽ അകപ്പെടുന്ന സംഭവങ്ങൾ സാധാരണയാണ്. ഏകദേശം 5 കോടി രൂപയെങ്കിലും ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പലിശയ്ക്ക് കടം കൊടുക്കപ്പെടുന്നുണ്ട്.

ചെറുകിട വ്യവസായങ്ങൾക്കായി പഞ്ചായത്തിൽ ലഭ്യമാകുന്നവായ്പ തുച്ഛമാണ്. ഈ രംഗത്ത് മുതൽ മുടക്കുന്നതിനുള്ള താല്പര്യമില്ലായ്മയാണ് പ്രധാനകാരണം. ഉല്പാദന ബന്ധിതമായ സംരംഭങ്ങൾക്ക് പണം മുടക്കുന്നത് ചുരുക്കമാണെന്നർത്ഥം.

## വിഭവസമാഹരണത്തിനുള്ള നിർദ്ദേശങ്ങൾ.

1. തൊഴിൽരഹിതരായ ആളുകൾക്കു തൊഴിൽ ഉറപ്പുവരുത്തുന്ന തരം വ്യവസായങ്ങൾ കൂട്ടുസംരംഭമായി തുടങ്ങുകയാണെങ്കിൽ അതിനാവശ്യമായ പണം തൊഴിൽ രഹിതരുടെ തന്നെ പങ്കാളിത്തമായി സംഭരിക്കുവാൻ കഴിയും. സഹകരണാടിസ്ഥാനത്തിർ റബ്ബറുല്പന്നങ്ങൾ ഇലക്ട്രോണിക് ഉപകരണങ്ങൾ, ഖാദിവ്യവസായങ്ങൾ എന്നിവ ഈ രീതിയിൽ തുടങ്ങാം. ഗവൺമെൻറ് ഏജൻസികളിൽ നിന്നും ബാങ്ക്, കെ.എഫ്.സി. പോലുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പകളും കണ്ടെത്താം.
2 മീൻവളർത്തൽ കേന്ദ്രങ്ങൾ, പാടത്ത് കൃഷിക്കാരുടെ പങ്കാളിത്തത്തോടെ ആരംഭിക്കാൻ കഴിയും . കൂട്ടായ മുതൽമുടക്കിലൂടെ മൂലധനം കണ്ടെത്താൻ കഴിയും.
3. പച്ചക്കറികൃഷി കൂട്ടുസംരഭമായി നടത്താം. ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കണം. മാനുഷിക വിഭവശേഷി ധാരാളമായി ഉപയോഗിക്കപ്പെടാവുന്ന മേഖലയാണിത്.
4. വിദേശ മലയാളികൾ പഞ്ചായത്തിൽ 300 പേരെങ്കിലും ഉണ്ട്. ഇവരുടെ പങ്കാളിത്തത്തോടെ ഒരു വൻകിട വ്യവസായം (NRI Project) പഞ്ചായത്തിൽ തുടങ്ങാൻ കഴിയണം KSIDC, KITCO, Rubber Board എന്നിവയുടെ സഹായത്തോടെ ഈ പദ്ധതി കണ്ടെത്തി നടപ്പാക്കാൻ കഴിയണം. ഒരു വിദേശമലയാളിയിൽ നിന്നും 50,000 രൂപാ വീതം സംഭരിച്ചാൽ തന്നെ 150 ലക്ഷം രൂപ കണ്ടെത്താം.
5 വാർഡുകളിൽ കുളം കുഴിക്കൽ, തോടുവെട്ടൽ, റോഡുനന്നാക്കൽ എന്നിവക്ക് ഭാഗികമായെങ്കിലും മനുഷ്യവിഭവം ഉപയോഗപ്പെടുത്താൻ കഴിയും. അത്തരം ഒരു സംസ്കാരം വളർത്തിയെടുക്കാൻ എല്ലാസാമൂഹ്യ, രാഷ്ട്രീയ പ്രവർത്തകരും ശ്രമിക്കണം.
6 റോഡുകളുടെ സംരക്ഷണം സാമൂഹ്യസംഘടനകൾക്കും, തൊഴിലില്ലാത്തവർ ചേർന്നു രൂപികരിക്കുന്ന സഹകരണ സംഘങ്ങൾക്കും വിട്ടുകൊടുക്കണം. അധ്വാനത്തിനു മതിയായ പ്രതിഫലം കിട്ടുന്നതു മാത്രം കണക്കാക്കി, കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവെക്കാൻ ഇവർക്കുകഴിയണം. റോഡുകൾ നന്നായിരിക്കുമെന്നു മാത്രമല്ല ചെലവും പകുതി കണ്ടു കുറക്കാൻ കഴിയണം. പൊതു മരാമത്തു വകുപ്പിന്റെ സഹകരണവും സഹായവും ഉണ്ടായാൽ വളരെ എളുപ്പം നടപ്പാക്കാവുന്ന കാര്യമാണ്. സർക്കാർ തലത്തിൽ ഇതിനുള്ള തീരുമാനമെടുക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉണ്ടാവണം.

ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ വിവിധ ഇനങ്ങളിൽ നല്കിയിരിക്കുന്ന വായ്പകൾ

1. S.B.T Chart - No: I    2. Federal Bank Chart No: II

**Chart No. I**

13.2 കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ചെയ്ത വായ്പകളുടെ വിവരം

| എത്രപേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|
| 1 | 2 | 3 |
| 107 | കൃഷിവായ്പ (ACC) | 10,51.301 |
| 113 | ദീർഘകാലകൃഷിവായ്പ (ATL) | 12,11,478 |
| 168 | കൃഷിവായ്പ (AGL) (സ്വർണ്ണപണയം) | 19,76,000 |

V) നൽകിയ വായ്പകൾ കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാസ്വഭാവം | തുക |
|---|---|
| ദീർഘകാലകൃഷിവായ്പ (ATL) | 5,07,000 |

VI) സ്ഥാപനത്തിന്റെ ചെലവുകൾ

1) Establishments Charges
2) Contingennies

**Chart - II**

കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ചെയ്ത വായ്പകളുടെ വിവരം

| എത്രപേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക In Lakhs |
|---|---|---|
| (448) | Agricultural Loans | 83.80 L |
| 46 | Retail Wa c/c | 18.00 L |
| 45 | SRTO | 56.30 L |
| 21 | Small Business | 3.50 L |
| 44 | P&SE | 8.75 |
| 12. | Housing Loans | 9.20 |
| 630 | Total priority | 205.85 L |
| 44 | IRDP | 3.20 L |
| 21 | Seuy/Pmry | 6.69 |
| 684 | Nou/Priority Loans | 317.83 L |

V) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാസ്വഭാവം | തുക |
|---|---|
| 1 Agricultural Loans | 9.70 Lakhs |
| 2. Other priority Section Loans | 16.21 Lakhs |
| 3. IRDP Loans | 1.22 Lakhs |
| 4. Secuy/Pmry Loans | 2.01 Lakhs |
| 5. New priority Sector Loans | 91.60 Lakhs |

VI) സ്ഥാപനത്തിന്റെ ചെലവുകൾ

1. Establishment charges
2. Contingennies

# ഊർജ്ജം

നാം പ്രധാനമായും ആശ്രയിക്കുന്ന ഊർജ്ജസ്രോതസ്സുകൾ.

1. ഗാർഹികം - വിറക്, ഗ്യാസ്സ് പുകയില്ലാത്ത അടുപ്പ്, മണ്ണെണ്ണ
2. കാർഷികം - ഇലക്ട്രിസിറ്റി, ഡീസൽ മോട്ടോർ പമ്പ്, മണ്ണെണ്ണ
3. വാണിജ്യം - ഇലക്ട്രിസിറ്റി, പാചകവാതകം, വിറക്
4. വ്യവസായം - ഇലക്ട്രിസിറ്റി, ഡീസൽ മോട്ടോർ,

വെളിച്ചം -മണ്ണെണ്ണ, ഇലക്ട്രിസിറ്റി, മെഴുകുതിരി, എണ്ണ

താപം - വിറക്, തെങ്ങുല്പന്നങ്ങൾ, റബ്ബർകായ, തീപ്പെട്ടി കമ്പനികളിൽ നിന്നുള്ള അവശിഷ്ടങ്ങൾ.

യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ ഡീസൽ, മണ്ണെണ്ണ, ഇലക്ട്രിസിറ്റി ഇവ ഉപയോഗിക്കുന്നു.

പാചക വാതകം 1988 മുതൽ ഈ പ്രദേശത്ത് ലഭ്യമായിതുടങ്ങി.ഈ പ്രദേശത്തെ 15% വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നുണ്ടെങ്കിലും വിറകും, മറ്റ് കാർഷികാവശിഷ്ടങ്ങളും കൂടി ഈ വീടുകളിൽ ഇന്ധനാവശ്യത്തിന് ഉപയോഗിക്കുന്നു. വിറക് വിലകൊടുത്ത് വാങ്ങിക്കുന്ന കുടുംബാംഗങ്ങളാണ് കൂടുതൽ. വാട്ടമ്മമാരും കുട്ടികളും അടുത്തുള്ള പുരയിടങ്ങളിൽ നിന്ന് വിറക് ശേഖരിക്കുന്നു.

## വൈദ്യുതി

**നിലവിലുള്ള ഉപഭോക്താക്കൾ**

| | | |
|---|---|---|
| 1. | ഗാർഹികം | 3912 |
| 2 | വ്യാപാരം | 486 |
| 3 | വ്യാവസായികം | 104 |
| 4 | കാർഷികം | 384 |
| | **ആകെ** | **4886** |

28 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു. കക്കാട് ഇലക്ട്രിക് സബ്സ്റ്റേഷനിൽ നിന്നും വൈദ്യുതി - സ്ട്രീറ്റ് ലൈറ്റുകൾ

ഫ്ളൂറസെൻറ് ട്യൂബ് 102 ബൾബ് 380

സ്ട്രീറ്റ് ലൈറ്റ് കത്തിക്കുന്നതിന് 10287 രൂപ പ്രതിമാസം പഞ്ചായത്ത് അടയ്ക്കുന്നു. ആകെ 5 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചതിനാൽ 120 കുടുംബാംഗങ്ങൾക്ക് പ്രയോജനം ലഭിച്ചു. ഇവയിൽ 70 കുടുംബാംഗങ്ങൾ സൗജന്യ സ്ലാബിൽ ഉപയോഗിക്കുന്നു.

വോൾട്ടേജ് കുറവുമൂലം മണ്ണെണ്ണയുടെ ഉപയോഗം വർദ്ധിക്കുന്നു. അതുപോലെ പാചക വാതക ലഭ്യത കുറയുമ്പോൾ വിറക് കൂടുതലായി ഉപയോഗിക്കുന്നു.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം ഈ പഞ്ചായത്തിൽ വളരെ കുറവ്.

## മുഖ്യപ്രശ്നങ്ങൾ

1 പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

2 പല പ്രദേശങ്ങളിലും വോൾട്ടേജ് കുറവുമൂലം വായിക്കുവാനും പഠിക്കുവാനും പ്രയാസവും ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാനും സാധിക്കുന്നില്ല.

3 ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയത്ത് നടക്കാത്തതുമൂലം വൈദ്യുതി ലഭിക്കുന്നില്ല.

4 വൈദ്യുതി വിതരണത്തിലെ കാര്യക്ഷമതയില്ലായ്മ

5 വിറക് ലഭിക്കുന്നതിനുള്ള പ്രയാസം

6 തെരുവുവിളക്കുകൾ കത്തായ്ക

7 ഹരിജൻ കോളനി, മത്സ്യകോളനി, എന്നിവിടങ്ങളിൽ വൈദ്യുതി എത്തായ്ക.

8 ഈ പഞ്ചായത്തിൽപ്പെട്ട വീടുകളിലെ ഇലക്ട്രിസിറ്റി കണക്ഷനും പണം അടക്കുന്നതിനും മറ്റ് പഞ്ചായത്തുകളിൽ പാമ്പാക്കുട,ആമ്പല്ലൂർ,ആരക്കുന്നം എന്നിവിടങ്ങളിൽ ആഫീസുകളിൽ പോകേണ്ടിവരുന്നു.

## നിർദ്ദേശങ്ങൾ

1 ക്ഷമത കൂടിയ ആധുനിക രീതിയിലുള്ള അടുപ്പുകൾ ലഭ്യമാക്കുക, പ്രചരിപ്പിക്കുക.

2 പ്രഷർകുക്കർ, കച്ചിപ്പെട്ടി ഇന്ധനലാഭമുള്ള മണ്ണെണ്ണ സ്റ്റൗ, എന്നിവ പ്രചരിപ്പിക്കുക.

3 വൈദ്യുതി വിതരണം കാര്യക്ഷമമാക്കുക

4 വോൾട്ടേജ് ക്ഷാമം പരിഹരിക്കുക

5 തെരുവു വിളക്കുകൾ കത്തിക്കുക, തെരുവു വിളക്കുകൾ ഇല്ലാത്തയിടങ്ങളിൽ അവ സ്ഥാപിക്കുക.

6 വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക

7. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശിഖരങ്ങൾ സമയാസമയം മുറിച്ചുമാറ്റുക. ലൈൻ തകരാർ ഇല്ലായ്മ ചെയ്യുക.
8 ഈ പഞ്ചായത്തിലെ മുഴുവൻ വൈദ്യുതിയുടെ ചുമതലയും പിറവം ഇലക്ട്രിക് ആഫീസിന്റെ പരിധിയിൽ സജ്ജമാക്കുക.
9 ഊർജ്ജലാഭമുള്ള വൈദ്യുത ദീപങ്ങൾ പ്രചരിപ്പിക്കുക
10 കാറ്റ്, സൗരോർജ്ജം എന്നിവവഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുക.

ഈ രംഗത്തെ പരിമിതികൾ മനസ്സിലാക്കി ആവശ്യം വേണ്ട നടപടികൾ കൈകൊണ്ടാൽ ഊർജ്ജരംഗത്തെ പ്രതിസന്ധി പരിഹരിക്കുവാൻ കഴിയും.

## ഗതാഗതം

പിറവം പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 29.36 ചതുരശ്ര കിലോമീറ്ററാണ്. ആകെ റോഡുകളുടെ നീളം 213 $^{1/2}$ കിലോമീറ്ററാണ്. ഇതിൽ 5$^{1/2}$ കിലോമീറ്റർ ടാർ ചെയ്തവയും 10 കിലോ മീറ്റർ റോഡും 15 കിലോമീറ്റർ മണ്ണ് റോഡും ഉണ്ട്. പിറവം പഞ്ചായത്തിൽ നിന്നും എറണാകുളം, കോട്ടയം, തിരൂർ, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, പയ്യന്നൂർ, സുൽത്താൻബത്തേരി, കുമളി, വെള്ളത്തൂവൽ, സൂര്യനെല്ലി, ഗുരുവായൂർ, തേക്കടി, റാന്നി, എന്നീ സ്ഥലങ്ങളിലേക്ക് പ്രൈവറ്റ് ബസ് സർവ്വീസും K.S.R.T.C സർവ്വീസും നടത്തുന്നുണ്ട്.

ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി പുതിയ ബസ്സർവ്വീസുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. പുതുതായി ആരംഭിക്കേണ്ട സവ്വീസുകൾ

### ഹ്രസ്വദൂര സർവീസുകൾ

- ★ പിറവം - ഇടയാർ-കൂത്താട്ടുകുളം - പുറപ്പുഴ-കരിങ്കുന്നം
- ★ പിറവം- ഇലഞ്ഞി- പാല
- ★ പിറവം-കോട്ടയം
- ★ പിറവം-അഞ്ചൽപ്പെട്ടി- തൊടുപുഴ
- ★ പിറവം- ഇടയാർ-കൂത്താട്ടുകുളം- തൊടുപുഴ
- ★ പിറവം- കക്കാട് -കോലഞ്ചേരി- പെരുമ്പാവൂർ
- ★ പിറവം - തിരുവാണിയൂർ-എറണാകുളം
- ★ പിറവം-കളമ്പൂർക്കാവ്-എറണാകുളം
- ★ നെച്ചൂർ- കക്കാട്- പിറവം

### ദീർഘദൂരസർവീസുകൾ

ആലപ്പുഴ, തേക്കടി, മധുര, കൊല്ലം, ആലുവ, കണ്ണൂർ, കല്പറ്റ, മാനന്തവാടി, തൃശൂർ, ഗുരുവായൂർ, പത്തനംതിട്ട, ചേർത്തല, കോഴിക്കോട്, കാസർകോട്, എരുമേലി, പമ്പ, അങ്കമാലി എന്നിവിടങ്ങളിലേക്ക് പിറവം വഴി കടന്നുപോകുന്ന ബസ്സുകൾ (KSRTC/Private) ആരംഭിക്കണം.

പിറവം പഞ്ചായത്ത് 1987-ൽ പണി തീർത്ത ബസ്സ്റ്റാൻഡ്, അന്ന് ബസ്സുകളുടെ എണ്ണം 68 ആയിരുന്നു. എന്നാൽ 1996 ആയപ്പോഴേക്കും 126 ബസ്സുകൾ പിറവം സ്റ്റാൻഡിൽ വന്നുപോകുന്നതിനാൽ പുതിയ ഒരു ബസ് സ്റ്റാൻഡ് പണിതീർക്കേണ്ട അവസ്ഥയിലേക്ക് വന്നെത്തി. ആയതിനാൽ പിറവം പഞ്ചായത്ത് ഇതിനകം തന്നെ പുതിയ ബസ്സ്റ്റാൻഡ് പണിയുന്നതിനുവേണ്ടി 3$^{1/2}$ ഏക്കർ സ്ഥലം പഴയ പഞ്ചായത്ത് പടിക്കൽ വാങ്ങിയിച്ചിട്ടുണ്ട്.

### പിറവം KSRTC ബസ്സ്റ്റാൻഡ്

പിറവം പഞ്ചായത്ത് വഴി ഓടുന്ന KSRTC ബസ്സുകളുടെ എണ്ണം കുറവാണെങ്കിലും പിറവം വഴി പുതുതായി പണി തീർക്കുന്ന ദേശീയ പാത പൂർത്തിയാകുന്നതോടുകൂടി പുതിയൊരു KSRTC ബസ്സ്റ്റാൻഡിന്റെ ആവശ്യം വളരുന്നു. .

## മറ്റ് വാഹനങ്ങൾ

### 1 ലോറികൾ, ടെമ്പോസ്റ്റാൻഡ്

ലോറികളുടെയും ടെമ്പോകളുടെയും വർദ്ധനവിനെതുടർന്ന് റോഡരികിലും സ്ഥലങ്ങളിലും പാർക്കുചെയ്യുന്നു. ഇവയ്ക്കുവേണ്ടി പഞ്ചായത്ത് $2^{1/2}$ ഏക്കർ സ്ഥലമെങ്കിലും കണ്ടെത്തി ഒരു പാർക്കിംഗ് ഏരിയ പണിതീർക്കേണ്ടിയിരിക്കുന്നു. 125-ൽ പരം ലോറികളും ടെമ്പോകളും ഇവിടുണ്ട്.

### 2 കാറ്, ജീപ്പ്

പിറവത്തിൽ കാറും ജീപ്പും അടക്കം 125 ൽ അധികം വാഹനങ്ങൾ ഉണ്ട്. ഇപ്പോൾ ഇവ റോഡരികിൽ ആണ് പാർക്കു ചെയ്യുന്നത്. ഇവയ്ക്കുവേണ്ടിയും പഞ്ചായത്ത് 2 ഏക്കർ സ്ഥലമെങ്കിലും കണ്ടെത്തി ഒരു സ്റ്റാൻഡ് പണിയേണ്ടിയിരിക്കുന്നു.

### 3 ഓട്ടോറിക്ഷ

120 ൽ പരം ഓട്ടോറിക്ഷകൾ പിറവത്ത് ഓടുന്നു. പൊതുജനങ്ങളുടെ പ്രധാന ആവശ്യമായ ഓട്ടോറിക്ഷകൾ പ്രത്യേകമായി ഒരു സ്റ്റാൻഡ് പണിയേണ്ടിയിരിക്കുന്നു. ഇത് പിറവം പഞ്ചായത്തിൽ അത്യാവശ്യമാണ്.

## ജലഗതാഗതം

കക്കാട്, കളമ്പൂർ, കോട്ടപ്പുറം, പാഴൂർ, മുളക്കുളം, എന്നീസ്ഥലങ്ങൾ പിറവത്തെ പ്രധാന ജലഗതാഗത മാർഗ്ഗങ്ങളാണ്. ഇവിടെ കടത്ത് സംവിധാനം പുനഃസംഘടിപ്പിക്കുകയും പൊതുജനങ്ങൾക്ക് യഥേഷ്ടം സഞ്ചാരയോഗ്യമാക്കുകയും വേണം. പിറവം പഞ്ചായത്തിലെ ഏറ്റവും വലിയ വാർഡായ 11-ാം വാർഡിലെ ജനങ്ങൾക്ക് കോട്ടയം ജില്ലയുമായ് ബന്ധപ്പെടുന്നതിന് കളമ്പൂർക്കാവ്- മുളക്കുളം, വെള്ളകർ പാലത്തിൻെറ പണി പൂർത്തികരിക്കപ്പെട്ടാൽ കളമ്പൂർ നിവാസികളുടെ ഗതാഗതം സുഗമമാക്കാൻ കഴിയും.

## റോഡുകൾ

പിറവം പഞ്ചായത്തിലെ ചിലവാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ പണി അടിയന്തിരമായ് പൂർത്തീകരിക്കപ്പെട്ടാൽ ഗതാഗതസൗകര്യം വളരെ സുഗമമാക്കാൻ കഴിയും.

## അടിയന്തിരമായി പൂർത്തികരിക്കേണ്ട റോഡുകൾ

★ എണ്ണായിക്കണ്ടത്തിൽ പടി- വലിയപള്ളിപ്പടിറോഡ് ★ മില്ലിൻപടി-ആതിയം പാടം റോഡ് ★ കല്ലുംവെട്ടുകുഴി മാരി -പെരുമാൻ തുരുത് റോഡ് ★ താമക്കുഴി റോഡ്- തുലമമനാൽപടി-കോച്ചേരിത്താഴംറോഡ് ★ പൊതുശ്മാനം -ഇല്ലിക്കമുക്കട കൊല്ലൻ പടിറോഡ് ★ ആവലം മാക്കിൽപ്പടി - താമക്കുഴിറോഡ് -തുരുത്തിക്കാട്ടിൽപ്പടി - താമക്കുഴി കാരമല റോഡ് ★ വെട്ടിക്കുളം-പള്ളിക്കാവ് റോഡ് ★ ചന്തേലിപ്പടി-ആകശാലപ്പടിറോഡ് ★ ലക്ഷംവീട് - തേഴ്ത്വരി റോഡ് ★ കുരിശ്ശേരിപ്പടി- കാക്കതുരുത്ത് റോഡ് ★ കുലിലപ്പടി- പാറക്കണ്ടം റോഡ് ★ പൊലിസ്റ്റേഷൻ-തൃക്ക അമ്പലം റോഡ് ★ തോട്ടഭാഗം-നടുറോഡ് ★ ഫയർസ്റ്റേഷൻ ചിറ്റേത്ത് റോഡ് ★ തോട്ടഭാഗത്തുള്ള മറ്റ് റോഡുകൾ ★ കിഴക്കേക്കരപ്പടി-കൊള്ളിക്കൽ റോഡ് ★ ബസ്സ്റ്റാൻഡ്-എം.കെ.എം. റോഡ് ★ എം.കെ.എം ന്യൂബസാർ- കൊച്ചു പള്ളിറോഡ് ★ കൈക്കുത്ത് സൊസൈറ്റി-ആശുപത്രി റോഡ് ★ കക്കാട്ഷാപ്പിൽപടി- കല്ലിങ്കൽപടി-നടുവിലേടത്ത് ★ കെ.ആർ.കെ ★ മെമ്മോറിയൽ- ലിഫ്റ്റ്ഇറിഗേഷൻറോഡ് ★ ചെമ്പാലപ്പടി - PWD കടവ് റോഡ് ★ അരിക്കത്തിപ്പടി-പേപ്പതിറോഡ് ★ വാരുകുന്നേൽ മലറോഡ് ★ ആറ്റുതീരം റോഡ്-കക്കാട് LPS റോഡ്-ചമ്പക്കുളം-പാനുനട റോഡ്-ഇട്ട്യാർ മലറോഡ് ★ കല്ലിടുമ്പിൽക്കടവ്-ആറ്റുതീരം വഴി പരിയാരം റോഡ് ★ കാവന്തൽപടി, പനച്ചിപനമ്പ്, അമർക്കുളം പാടം, പള്ളിക്കവല- പാനനട - ചമ്പക്കുളംറോഡിലേക്ക്-ലിങ്ക്റോഡ്

**കൂടാതെ അറ്റകുറ്റപണി തീർക്കേണ്ട നിരവധി റോഡുകളും പഞ്ചായത്തിൽ ഉണ്ട്.**

★ പള്ളിക്കാവ് പോലിസ്റ്റേഷൻ പടിറോഡ് ★ മുല്ലൂർപ്പടി-തൊട്ടൂർറോഡ് ★ കക്കാട്-മൈലക്കുളം റോഡ് ★ ചേറാലപ്പടി- പാഴൂർ ആറ്റു തീരം റോഡ് ★ നെടുമല റോഡ് ★ കരക്കോട്- അഞ്ചുസെൻറ് കോളനിറോഡ് ★ എരുമപ്പെട്ടിത്താഴം ബണ്ട് റോഡ് ★ കുരികിലിൻപടി പുഞ്ച റോഡ് ★ ഇഞ്ചക്കാട്ടുപ്പടി-നെടിയാനികുഴിറോഡ്

**പിറവം പഞ്ചായത്തിലെ പൂർത്തീകരിക്കപ്പെട്ട റോഡുകൾ**

| വാർഡ് | ആകെ റോഡ് | ടാറിട്ടത് | വാർഡ് | ആകെ റോഡ് | ടാറിട്ടത് |
|---|---|---|---|---|---|
| 1 | 19 K.M | 5 1/2 K.M | 2 | 26 1/2 K.M | 12 K.M |
| 3 | 10 K.M | 1 K.M | 4 | 18 K.M | 2 K.M |
| 5 | 19 K.M | 2 K.M | 6 | 25 K.M | 6 K.M |
| 7 | 18 K.M | 3 K.M | 8 | 20 K.M | 2 K.M |
| 9 | 20 K.M | 5 K.M | 10 | 18 K.M | 4 K.M |
| 11 | 20 K.M | 10 K.M | | | |

പിറവം പഞ്ചായത്തിൻെറ ഗതാഗത വികസനം പൂർത്തിയാകണമെങ്കിൽ പിറവം കേന്ദ്രീകരിച്ച് ഒരു ട്രാഫിക് സംവിധാനവും ഒപ്പം ഒരു സിഗ്നൽ ലൈറ്റ് സംവിധാനവും അടിയന്തിരമായ് വേണ്ടിയിരിക്കുന്നു. കൂടാതെ വഴിവിളക്കുകളും ഓടകളുടെ പുനർ നിർമ്മാണവും, വാഹനാപകടങ്ങൾ നിമിത്തം അപകടത്തിലായവരെ ആശുപത്രിയിലെത്തിക്കാൻ പഞ്ചായത്ത് വക ഒരു ആംബുലൻസും ആവശ്യമാണ്.

ഇത്തരത്തിൽ ഗതാഗത സംവിധാനം പിറവത്ത് രൂപീകൃതമായാൽ 25000 ത്തോളം വരുന്ന പിറവം ജനതക്ക് സുഗമമായ ഒരു യാത്രാസൗകര്യം ഉണ്ടാവും.

# കുടിവെള്ളം

ഇന്ന് നമ്മുടെ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളത്തിന് പ്രാധനമായും ആശ്രയിക്കുന്നത് പിറവം പുഴയും നാട്ടുകുളങ്ങളും, കിണറുകളും, തോടുകളും ആണ്. ജലസ്രോതസ്സുകൾ ധാരാളം നമുക്കുണ്ട്. എന്നാൽ അവ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ 100ഓളം പൊതു കിണറുകളേയും (അതിൽ 15 ഓളം കിണറുകൾ ഉപയോഗശൂന്യമാണ്) പൊതു ടാപ്പുകളേയുമാണ് പ്രധാനമായും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ധാരാളം കിണറുകളും ഇതിനായി ഉപയോഗിക്കുന്നുണ്ട്. ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന പൈപ്പ് വെള്ളം വൈക്കം ശുദ്ധജലപദ്ധതിയാണ്. എന്നാൽ ഇപ്പോഴുള്ള പദ്ധതി ഇതിന് പരിഹാരമല്ല.

2,8,9,10 എന്നീ വാർഡുകളിലാണ്. ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്. ഏപ്രിൽ, മെയ് മാസങ്ങളിൽ ലോറികളിൽ ഈ പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നു. എന്നാൽ വേണ്ടത്ര ഫലപ്രദമല്ല. ഇത് പൊട്ടി ഒലിക്കുന്ന ടാപ്പുകളും പൈപ്പുകളും യഥാസമയം നന്നാക്കാത്തതുകൊണ്ട് വെള്ളം ഉപയോഗശൂന്യമായി പോകുന്നു. ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തതുകൊണ്ട് കുടിവെള്ള ക്ഷാമം നമുക്കു നേരിടേണ്ടി വരുന്നു.

പിറവം പഞ്ചായത്തിനു വേണ്ടി 4.97 കോടി രൂപാ ചെലവ് പ്രതീക്ഷിച്ച "Urban Water Supply Scheme to Piravom Municipality" എന്ന പദ്ധതിക്ക് ഇന്ന് 5.26 കോടി രൂപാ ഇപ്പോൾ ചെലവായി. 7.69 കോടി രൂപാകൊണ്ട് ഈ പദ്ധതി 1997 ജനുവരിയിൽ പൂർത്തിയാകും. പ്രതിദിനം ഒരാൾക്ക് 70 ലിറ്റർ എന്ന തോതിൽ 200 ആണ്ട് വരെ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ആളുകളെയും കുടിവെള്ള ആവശ്യം ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു.

ഈ പുതിയ സ്കീം പൂർത്തിയാകുന്ന മുറയ്ക്ക് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പുതിയ ലൈൻ, പുതിയ ടാപ്പ് സ്ഥാപിക്കുകയും, പൊട്ടിയ ടാപ്പുകളും പൈപ്പുകളും യഥാസമയം നന്നാക്കുകയും കുടിവെള്ളം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുകയും ചെയ്താൽ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ കഴിയും.

*കുറിപ്പ്:- വിശേഷാൽ ഗ്രാമസഭകൾ ചേർന്നപ്പോൾ ഉയർന്നു വന്ന ഓരോ വാർഡുകളിലും ആവശ്യമായ ടാപ്പുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ പുതിയ പദ്ധതിയോടെ ലക്ഷ്യ പ്രാപ്തിയിലെത്തുന്നതാണ്.*

# പൊതുജനാരോഗ്യം

പഞ്ചായത്തിൽ കാര്യമായ ആരോഗ്യപ്രശ്നങ്ങൾ ഇല്ലെങ്കിലും പൊതുജനാരോഗ്യസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## ആതുരശുശ്രൂഷാസ്ഥാപനങ്ങൾ

കമ്യൂണിറ്റി ഹെൽത്ത് സെൻറർ -1 സബ് സെൻററുകൾ -3

ആയുർവേദ ആശുപത്രി-1 കമ്യൂണിറ്റി ഹെൽത്ത് സെൻറർ.

പിറവം പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന ജനതയ്ക്ക്. ആതുരശുശ്രൂഷാരംഗത്ത് ഏറ്റവും കൂടുതൽ ആശ്രയിക്കേണ്ടിവരുന്നത് കമ്യൂണിറ്റി ഹെൽത്ത് സെൻററിനെയാണ്. ഇപ്പോ രണ്ട് ഇരുനിലക്കെട്ടിടത്തോടു കൂടിയ വാർഡുകളും ഒരു ഇരുനില പേവാർഡും കൂടാതെ ഓടിട്ട പഴയ ഒരു കെട്ടിടവും മാത്രം അടങ്ങുന്ന പരിമിതമായ സൗകര്യങ്ങളാണ് ഇവിടുള്ളത്. വൈദ്യശുശ്രൂഷാരംഗത്ത് ജനങ്ങളുടെ ഏക ആശ്രയമായ ഈ സെൻററിൻെറ പ്രവർത്തനം വളരെയധികം വിപുലീകരിക്കേണ്ടിയിരിക്കുന്നു. ദിനംപ്രതി മുന്നൂറു രോഗികളിലധികം ചികിത്സയ്ക്കായെത്തുന്നുണ്ട്. കൂടാതെ കിടന്ന് ചികിത്സ തേടുന്നവരും ഉണ്ട്. താഴെ പറയുന്ന പട്ടിക നോക്കിയാൽ ആശുപത്രിയിലെത്തിയ രോഗികളുടെ ഏകദേശ സ്ഥിതിവിവരക്കണക്ക് മനസ്സിലാക്കാം.

| വർഷം | ഇൻപേഷ്യന്റ് | വന്നുപോകുന്ന രോഗികൾ | ത്വക്ക് രോഗം | പകർച്ചവ്യാധി | മറ്റ് രോഗം |
|---|---|---|---|---|---|
| 1992-93 | 3227 | 46206 | 9800 | 4300 | 27750 |
| 1993-94 | 3728 | 48500 | 12300 | 3400 | 27550 |
| 1994-95 | 4414 | 49600 | 15000 | 4350 | 25675 |
| 1995-96 | 3590 | 44360 | 14550 | 3896 | 20539 |
| ആകെ | **14959** | **188666** | **51650** | **15946** | **101514** |

ഈ ആസ്പത്രിയിൽ വെച്ചു നടന്ന ജനന മരണങ്ങളുടെ കണക്ക് താഴെ പറയുന്നു.

| വർഷം | ജനനം | മരണം. |
|---|---|---|
| 1993 | 55 | 14 |
| 1994 | 86 | 13 |
| 1995 | 66 | 5 |

പകർച്ചവ്യാധി കണക്ക് താഴെ പറയും പ്രകാരമാണ്

| വർഷം | ജലജന്യരോഗം | വായുജന്യരോഗം | പ്രാണിജന്യരോഗം | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 550 | 2224 | 150 | 476 |
| 1994-95 | 635 | 2734 | 175 | 806 |
| 1995-96 | 715 | 2345 | 190 | 646 |

പിറവം പഞ്ചായത്തിൻെറ ജനന നിരക്ക് 12 ഉം മരണനിരക്ക് 5 ഉം ആണ്. ഈ ആശുപത്രിയുടെ വികസനം ജനസംഖ്യാനുപാതം വെച്ച് നോക്കുമ്പോഴും, മറ്റു ചികിത്സാ സൗകര്യങ്ങൾ സമീപപ്രദേശത്ത് ഇല്ലാത്തതും കണക്കാക്കുമ്പോൾ വളരെ പ്രാധാന്യം അർഹിക്കുന്നു. ഈ ആസ്പത്രി ഒരു താലൂക്ക് ആസ്പത്രിയുടെ നിലയിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇതിലെക്കായി ഇന്ന് നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.

**കെട്ടിടം.**

300 രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുന്ന തരത്തിലുള്ള കെട്ടിട സൗകര്യങ്ങൾ ഈ ഹെൽത്ത് സെൻററിനുണ്ടാവണം. വിവിധ ഡിപ്പാർട്ടുമെൻറുകളുടെ സൗകര്യത്തിനായി പ്രത്യേക കെട്ടിട സമുച്ചയങ്ങളുണ്ടാകണം.

**ജീവനക്കാർ**

വിദഗ്ദരും സ്പെഷ്യലിസ്റ്റുകളുമായ ഡോക്ടർമാരുടെ സേവനം ലഭ്യമാകണം. ഇപ്പോഴുള്ള ശിശുരോഗം, സ്ത്രീരോഗം എന്നീ വിഭാഗങ്ങളെ കൂടാതെ സ്പെഷ്യലിസ്റ്റു ഡോക്ടർമാരെ ഇവിടെ നിയമിക്കണം. നേത്രരോഗം, കാർഡിയോളജി, അസ്ഥിരോഗവിദഗ്ദൻ, ന്യൂറോളജിസ്റ്റ്, ദന്തരോഗം എന്നിവയിലുള്ള സ്പെഷ്യലിസ്റ്റുകളുടെ സേവനം അടിയന്തിരമായി ലഭിക്കണം.

യോഗ്യരും പരിചയസമ്പന്നരുമായ നേഴ്സുമാരും മറ്റ് ജീവനക്കാരെയും രോഗികളുടെ ആനുപാതികമായിട്ട് ഉയർത്തണം.

ജീവനക്കാർക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സുകളും ആശുപത്രി വളപ്പിൽ തന്നെയുണ്ടാകണം.

**ഓപ്പറേഷൻ തീയേറ്റർ**

അഞ്ചു നിലകളുള്ള കെട്ടിടത്തിൽ എല്ലാ ആധുനിക സജ്ജീകരണങ്ങളുമുള്ള ഓപ്പറേഷൻ തിയേറ്റർ ഉണ്ടാവണം.

**ഇൻെറൻസീവ് കെയർ യൂണിറ്റ്**

റോഡപകടങ്ങളും മറ്റ് അപകടങ്ങളും ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ICU വിൻെറ ആവശ്യകത ഇവിടെ അത്യന്താപേക്ഷിതമാണ്. കാഷ്വാലിറ്റി സൗകര്യവും ഈ ഹെൽത്ത് സെൻററിനോടനുബന്ധിച്ചു ഉണ്ടാവണം.

**പ്രസവവാർഡ്**

സ്ത്രീരോഗ വിദഗ്ദനും ആധുനിക സജ്ജീകരണങ്ങളുമുള്ള ആശുപത്രിക്ക് എല്ലാ സൗകര്യങ്ങളുമുള്ള ഒരു പ്രസവ വാർഡ് അത്യാവശ്യമാണ്. പിറവത്തെ സംബന്ധിച്ച് ഇതിൻെറ ആവശ്യകതയേറെയാണ്.

**ചിൽഡ്രൻസ് വാർഡ്**

കുട്ടികൾക്കായുള്ള വാർഡിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അവിടെ മുഴുവൻസമയ നേഴ്സിംഗ് റൂം പ്രവർത്തിക്കുകയും വേണം.

**ഓക്സിജൻ യൂണിറ്റ്**

ഹെൽത്ത് സെൻററിൽ ഓക്സിജൻ നൽകുന്നതിനാവശ്യമായ ഉപകരണങ്ങളുണ്ടായിട്ടും സൗകര്യക്കുറവുമൂലം ഈ യൂണിറ്റ് പ്രവർത്തിക്കുന്നില്ലക്കു ഈ യൂണിറ്റ് പ്രവർത്തനക്ഷമമാവുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തണം.

**ESI**

ഈ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും വേർപെടുത്തി നിലനിറുത്തണം. ഇതിൻെറ പ്രവർത്തനം മുഴുവൻസമയം ലഭിക്കുംവിധം നടപടികൾ കൈക്കൊള്ളണം.

**അറ്റകുറ്റപ്പണികൾ**

കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ യഥാസമയങ്ങളിൽ നടത്തണം.

**അടിസ്ഥാന സൗകര്യങ്ങൾ**

ആശുപത്രി വിപുലീകരിക്കുന്നതോടൊപ്പം വിവിധ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

**ലാബോറട്ടറി**

ഒരു X-റെ ലാബ്, ക്ലിനിക്കൽ ലാബോറട്ടറി എന്നീ സൗകര്യം ഉണ്ടാക്കണം. ഇതോടൊപ്പം തന്നെ ചികിത്സാ ഉപകരണങ്ങളും ആശുപത്രിയിൽ ലഭ്യമാക്കണം.

**ഔഷധം**

ആശുപത്രിയിൽ തന്നെ മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ ഷോപ്പ് തുടങ്ങണം.

**വാഹനങ്ങൾ**

ഒരു ജീപ്പ്, ആംബുലൻസ് എന്നിവ ഈ ആശുപത്രിയുടെപ്രവർത്തനത്തിനത്യന്താപേക്ഷിതമാണ്.

## കുടിവെള്ളം.

ഇപ്പോൾ ശുദ്ധജല അഭാവം ഉണ്ട്. ഇതിനു പരിഹാരമായി നിലവിലുള്ള സംവിധാനത്തിൽ മാറ്റം ഉണ്ടാവണം.

## വൈദ്യുതി.

ഇപ്പോൾ പലദിവസങ്ങളിലും വൈദ്യുതി പലപ്പോഴായി മുടങ്ങുന്നുണ്ട്. പരിഹാരമായി ഒരു ജനറേറ്റർ സ്ഥാപിച്ചാൽ മതിയാകും

## സബ്സെൻററുകൾ

പാമ്പാക്കുട, രാമമംഗലം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ കീഴിൽ 3 സബ്സെൻററുകൾ പ്രവർത്തിച്ചു വരുന്നു. ഇല്ലിക്കക്കുട (രണ്ടാം വാർഡ്) കക്കാട് (എട്ടാം വാർഡ്) പാഴൂർ (പത്താം വാർഡ്) എന്നിവിടങ്ങളിലാണ് ഇത്.

ഈ സ്ഥാപനങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തതാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾ. കുട്ടികൾക്കുള്ള പരിശോധന, ഗർഭിണികളുടെ പരിശോധന, ഇവ കണക്കിലെടുക്കുമ്പോൾ പ്രാഥമിക സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് കാണാം. തന്മൂലം ബ്ലോക്കടിസ്ഥാനത്തിൽ സംയോജിതം ശിശുവികസന പദ്ധതിയും നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഈ സബ്സൻററുകളിൽ ജീവനക്കാർക്ക് മുഴുവൻ സമയവും താമസിച്ച് സേവനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു. കൂടാതെ ആഴ്ചയിൽ ഒരു ദിവസമെങ്കിലും വിദഗ്ദ ഡോക്ടറുടെ സേവനം ലഭിച്ചാൽ മേൽ കാര്യങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകും.

## ഗവ. ആയുർവ്വേദ ആശുപത്രി

പഞ്ചായത്തിലെ ഏക ആയൂർവ്വേദ ആശുപത്രി പാലച്ചുവട്ടിൽ സ്ഥിതിചെയ്യുന്നു. ഇന്ന് സ്ഥലപരിമിതിമൂലവും ജീവനക്കാരുടെ കുറവുകൊണ്ടും ഉദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നില്ല. ഇതിന് ഒരു പരിഹാരം എന്ന നിലക്ക് പുതിയ കെട്ടിടത്തിനും സൗകര്യങ്ങൾക്കും വേണ്ടി പരിശ്രമിക്കുന്നതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ഇപ്പോൾ പണി നടന്നു കൊണ്ടിരിക്കുന്ന ആശുപത്രി കെട്ടിടം കുറച്ചു കൂടി സൗകര്യം കിട്ടുന്നരീതിയിൽ കൂടുതൽ രോഗികൾക്ക് ശുശ്രൂഷ ലഭിക്കുന്നതിലേക്കുമായി കുറച്ചു കൂടി വിപുലീകരിച്ചാൽ കൂടുതൽ സൗകര്യം ലഭിക്കും. ഇപ്പോൾ 60 കിടക്കകളുടെ സൗകര്യത്തിലാണ് പണി നടക്കുന്നത്. ഇത് 100 എങ്കിലുമാക്കി ഉയർത്തണം. മാത്രമല്ല വിവിധ ഇനങ്ങളിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരെ നിയമിച്ച് വിദഗ്ദ ചികിത്സാ കേന്ദ്രം ആക്കേണ്ടിയിരിക്കുന്നു. അതുപോലെ മറ്റു ജീവനക്കാരുടേയും എണ്ണം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

പാലച്ചുവട് ആയൂർവ്വേദ ആശുപത്രിയിലെ രോഗികളേയും രോഗങ്ങളേയും സംബന്ധിച്ച സ്ഥിതിവിവരങ്ങൾ താഴെ പറയുന്നു.

| വർഷം | ഇൻപേഷ്യൻറ് | ഔട്ട്പേഷ്യൻറ് | ത്വക്ക്‌രോഗം | വാതരോഗം | പകർച്ചവ്യാധി | വിഷചികിത്സ | മറ്റുരോഗങ്ങൾ |
|---|---|---|---|---|---|---|---|
| 1992-93 | 113 | 30988 | 6860 | 23360 | 560 | 260 | 53 |
| 1993-94 | 88 | 23411 | 5985 | 16436 | 680 | 248 | 150 |
| 1994-95 | 100 | 21935 | 8670 | 12404 | 865 | 46 | 50 |
| 1995-96 | 94 | 29573 | 8605 | 20606 | 370 | 30 | 56 |
| ആകെ | 395 | 105907 | 30120 | 72806 | 2483 | 584 | 309 |

പുതിയ കെട്ടിടം പണി തീരുന്നതുവരെ പഴയ കെട്ടിടത്തിൽ ആശുപത്രി നടത്തുവാൻ സാധിക്കാത്തതുകൊണ്ട് പഴയ കെട്ടിടം അറ്റകുറ്റപ്പണി നടത്തുകയും വേണ്ടതായ സൗകര്യങ്ങൾ അടിയന്തിരമായി ചെയ്തു കൊടുക്കുകയും വേണം. ജീവനക്കാർക്ക് പ്രാഥമിക സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടിയിരിക്കുന്നു.

## സംക്രമിക്കുന്ന രോഗങ്ങൾ

പഞ്ചായത്ത് പരിധിക്കുള്ളിൽ കണ്ടു വരുന്ന സാംക്രമിക രോഗങ്ങൾ പ്രധാനമായും അതിസാരം , ചെങ്കണ്ണ്, മലേറിയ മുതലായവയാണ്. കൂടാതെ പൊതുവായി വരുന്ന മറ്റ് രോഗങ്ങളും

## ശുചിത്വം.

പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ചപ്പുചവറുകൾ ചീയുന്നതുകൊണ്ടുള്ള പ്രധാന ശല്യം ഇല്ലെങ്കിലും ടൗണിനോട് ചേർന്നുള്ള പ്രദേശങ്ങളിൽ നാമമാത്രമായി കണ്ടുവരുന്നുണ്ട്. അതിനുള്ള പ്രതിവിധി ചെയ്യുന്നുണ്ട്. എങ്കിലും കുറച്ചു കൂടിശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ചില ഹോട്ടലുകളിൽ നിന്നുള്ള മലിനജലം ഓടകളിലേക്ക് ഒഴുകുന്നുണ്ട് .ഇത് ചെറിയ ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നുണ്ട്.

മറ്റൊരു പ്രധാന ആരോഗ്യപ്രശ്നം കക്കൂസുകളുടെ അഭാവം മൂലമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും കോളനിനിവാസികളിൽ ചിലർക്കും കക്കൂസുകൾ ഇല്ല എന്നുള്ളതാണ്. കൂടാതെ പൊതു സ്ഥലങ്ങളിലെ വിസർജ്ജനം ആരോഗ്യത്തിന് ഹാനികരമാകുന്നു. ഇതിന് പരിഹാരം എന്ന നിലയിൽ പഞ്ചായത്തുകൾ വഴി കക്കൂസുകൾ നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ പ്രവർത്തനം കുറച്ചു കൂടി വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

## ശിശുക്കളുടെ ആരോഗ്യം.

കൊച്ചുകുട്ടികളുടെ ആരോഗ്യപരിപാലനത്തിനും, വിനോദത്തിനും മാനസിക വളർച്ചയ്ക്കും, ഉല്ലാസത്തിനും മറ്റും സൗകര്യം നിലവിൽ ഇല്ലാത്തതുകൊണ്ട് ടൗൺ കേന്ദ്രമായി കുട്ടികളുടെ ഒരു പാർക്കും അതിൽ പറ്റുമെങ്കിൽ കുട്ടികൾക്കാവശ്യമായ സിനിമാ പ്രദർശനങ്ങളും ആരോഗ്യപ്രദർശനങ്ങളും ചെയ്യുന്നത് ഉത്തമമാണ്.

## കംഫർട്ട്സ്റ്റേഷൻ

ആരോഗ്യസംരക്ഷണത്തിൻെറ ഭാഗമായി ഒരു പൊതു കക്കൂസും, മൂത്രപ്പുരയും ബസ്സ്റ്റാൻഡിനോടനുബന്ധിച്ച് ഉണ്ട്. ഇത് പഴകിയതുമൂലം അല്പം സൗകര്യക്കുറവുണ്ട്. ഇത് കുറച്ചു കൂടി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ധാരാളം വഴിപോക്കരും, യാത്രക്കാരും, വന്നുപോകുന്ന പിറവത്ത് വലിയ സൗകര്യങ്ങളോട് കൂടിയ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ഈ മൂത്രപ്പുര പൊളിച്ചു കളഞ്ഞ് വലിയ സൗകര്യങ്ങളോട് കൂടി രണ്ട് നിലയായി പണിത് മുകൾ നിലയിൽ കുളിക്കുവാനുള്ള സൗകര്യങ്ങളോടുകൂടി പുതുക്കിപ്പണിയേണ്ടിയിരിക്കുന്നു.

ഇതുകൂടാതെ പഴയ പഞ്ചായത്ത് കവല, ആശുപത്രിക്കവല, പഴയസ്റ്റാൻഡ് എന്നിവടങ്ങളിൽ കൂടി ഓരോ സാധാരണ മൂത്രപ്പുരയും പണിയേണ്ടിയിരിക്കുന്നു. നിലവിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷനിൽ ഒരു ദിവസം 750 ഓളം ആളുകൾ പ്രാഥമിക സൗകര്യം നടത്തുന്നുണ്ട്.

ഇവ കൂടാതെ പ്രായോഗികമായി ചെറിയ തോതിലുള്ള ആരോഗ്യശാലകൾ വേണം എന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. കാരണം വിശാലമായ പഞ്ചായത്തിൻെറ ചിലഭാഗങ്ങൾ ആശുപത്രിയിൽ നിന്നും വളരെ അകലെയാണ്. ആയതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ ഉണ്ട്.

1. രണ്ടാം വാർഡിലെ ഹെൽത്ത് സെൻറർ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനം ഊർജ്ജിതമാക്കണം.
2. എട്ടാം വാർഡിലെ ഹെൽത്ത് സെൻറർ മേൽപ്പറഞ്ഞ പ്രകാരം വിപുലീകരിക്കണം.
3. പത്താം വാർഡിൽ ഉള്ള ഹെൽത്ത് സെൻററും വിപുലീകരിച്ച് സേവനം പ്രയോജനപ്രദമാക്കണം.

**വിവിധ പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരിൽ സ്ത്രീകളുടെ പ്രായക്രമം താഴെപറയുന്നു.**

| | | | |
|---|---|---|---|
| 1 | 15 നും - 19 നും | ഇടയിൽ ഉള്ളവർ | 13 |
| 2 | 20 നും - 24 നും | ,, | 728 |
| 3 | 25 നും - 29 നും | ,, | 1806 |
| 4 | 30 നും - 34 നും | ,, | 1891 |
| 5 | 35 നും - 39 നും | ,, | 1518 |
| 6 | 40 നും - 44 നും | ,, | 665 |
| | ആകെ | | **6621** |

കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെയ്പ് താഴെ പറയും പ്രകാരമാണ്

| കുട്ടികൾ | BCG | DPT | | | | പോളിയോ | | | | DPT | | | | മീസൽസ്. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1ൽ താഴെ | 192 | 198 | 202 | 216 | Nil | 198 | 202 | 216 | Nil | - | - | - | - | 209 |
| 1-3 വയസ് | - | - | - | - | 193 | - | - | - | 193 | - | - | - | - | 5 |
| 3-6 വയസ് | - | - | - | - | - | - | - | - | - | - | - | - | 238 | |

**ഗർഭിണികൾക്ക് എടുത്ത ടെറ്റ്നസ്**

| 1D | 2D | BD |
|---|---|---|
| 171 | 186 | 8 |

1. ഇരുമ്പ്/പോളിക് ആസിഡ് നൽകൽ ഗർഭിണികൾ 205
2. ഇരുമ്പ്/പോളിക് ആസിഡ് നൽകൽ കുട്ടികൾ 507
3. വിറ്റാമിൻ A തുള്ളിമരുന്ന് നൽകൽ കുട്ടികൾ 2225
4. ആസ്പത്രിയിൽ പ്രസവിച്ചവർ 192
5. വീട്ടിൽ നടന്ന പ്രസവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിവിധ ഗ്രാമസഭകൾ പ്രാദേശികമായി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

1. 4-ാം വാർഡിൽ ഒരു സർക്കാർ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക
2. 7 ഉം 8ഉം വാർഡുകൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് ഒരു ഗവ. ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കുക.
3. കക്കാട് 8-ാം വാർഡ് ഭാഗത്തുള്ള ഹെൽത്ത് സെൻററിൽ ആഴ്ചയിൽ 3 ദിവസമെങ്കിലും Part time ആയിട്ടെങ്കിലും ഒരു ഡോക്ടറുടെ സേവനവും മരുന്നു വിതരണവും ആരംഭിക്കുക.
4. 11-ാം വാർഡിൽ ഒഴിഞ്ഞുകിടക്കുന്ന കളമ്പൂർ L.P സ്കൂൾ കെട്ടിടം ഉപയോഗപ്പെടുത്തി ഒരു അലോപ്പതി ഡിസ്പെൻസറി ആരംഭിക്കുക. പിറവത്ത് നിന്നും വളരെ അകന്ന് സ്ഥിതി ചെയ്യുന്ന ഭാഗം ആണ് ഇവിടം. ആയതു കൊണ്ട് ഇക്കാര്യത്തിൽ അല്പം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.
5. വാർഡ് തലത്തിൽ ആരോഗ്യകേന്ദ്രങ്ങൾ വഴിയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ പോഷക ആഹാര വിതരണം, പ്രതിരോധ കുത്തിവയ്പ് ഊർജ്ജിതപ്പെടുത്തൽ, ആരോഗ്യ പരിപാലന ക്ലാസ്സുകൾ മുതലായവ നടത്തണം.
6. T.B. മുതലായവ പിടിപെട്ട് കഷ്ടപ്പെടുന്ന രോഗികളെ പ്രത്യേകം കണ്ടെത്തി വൈദ്യസഹായവും മരുന്നും പോഷക ആഹാരവിതരണവും നടത്തുക.
7. പിറവം പഞ്ചായത്തിൽ നിന്നും ഒരു M.B.B.S., M.D ഡോക്ടറേയും ഒരു സ്റ്റാഫ് നെഴ്സിനെയും സഹായിയേയും നിയമിച്ച് ഒരു സഞ്ചരിക്കുന്ന ഡിസ്പെൻസറി. വാർഡുകളുടെ വിവിധ പ്രദേശങ്ങളിൽ ആഴ്ചയിൽ രണ്ട് മൂന്ന് ദിവസം എങ്കിലും നിശ്ചിത സമയങ്ങളിൽ വന്നെത്തി രോഗികളെ പരിശോധിച്ച് വേണ്ടതായ നിർദ്ദേശങ്ങളും, മരുന്ന് വിതരണം ശുശ്രൂഷ മുതലായവ ചെയ്യണം.
8. മിക്ക വാർഡുകളിലും കൊതുകുശല്യം ഉള്ളതിനാൽ കൊതുകു നശീകരണ പ്രവർത്തനങ്ങൾ ചെയ്യണം.

ഇത്രയും കാര്യങ്ങൾ ചെയ്താൽ പഞ്ചായത്ത് പരിധിക്കുള്ളിൽ ആരോഗ്യമേഖല പൊതുവെ മെച്ചപ്പെടുത്താൻ സാധിക്കും. പിറവം പഞ്ചായത്തിലെ രണ്ടാം വാർഡിലുള്ള കന്നീറ്റുമല പൊതുശ്മശാനം വിപുലീകരിച്ച് ചുറ്റുമതിൽ കെട്ടിയെടുക്കുകയും ഇവിടെ ഇലക്ട്രിക് ക്രെമിട്ടോറിയം സ്ഥാപിച്ചാൽ നല്ലതും ആണ്. പഞ്ചായത്ത് അതിർത്തിയിലുള്ള പൊതുശ്മശാനം ആണ് ഇത്.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ബാലവാടികളും അംഗൻവാടികളും ചുരുക്കമാണ് പുതിയവ ആരംഭിക്കുകയും ഉള്ളവ നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്താൽ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ അറിയുവാനും ആരോഗ്യപ്രവർത്തനങ്ങൾ നടത്താനും സൗകര്യമുണ്ടാകും. ഇതിൻെറ പ്രവർത്തനം എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിച്ച് ജനകീയ വൽകരിക്കണം. വെള്ളം കെട്ടികിടന്നും ചപ്പുചവറുകൾ കുന്നുകൂടിയും മാലിന്യങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്ത് തലത്തിൽ പ്രതിരോധ കുത്തിവെയ്പുകൾ, ഗർഭിണികളുടെ പരിശോധന മുതലായവ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

ഇതെല്ലാം ആണ് പിറവം പഞ്ചായത്ത് തലത്തിലുള്ള പ്രധാന ആരോഗ്യപ്രശ്നങ്ങൾ.

# വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനവും, അതിൻെറ ഭാഗമായ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും, പിറവം പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി. പിറവം പഞ്ചായത്തിൽ ആദ്യമായി 1889-ാം മാണ്ട് C.M.S. LPS ഇടപ്പള്ളിച്ചിറയാണ് ആരംഭിച്ചത്. ഹൈസ്കൂൾ എന്ന നിലയിൽ പിറവം ആസ്ഥാനമായി ആദ്യമായി സെൻറ് ജോസഫ് ആണ് ആരംഭിച്ചിട്ടുള്ളത്. ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള സ്കൂളുകൾ, വിദ്യാർത്ഥികൾ അദ്ധ്യാപകർ എന്നിവയുടെ വിശദവിവരം പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

| നമ്പർ | സ്കൂളിൻെറ പേര് | സർക്കാർ/ മാനേജ്മെൻറ് | കുട്ടികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | സെൻറ് ജോസഫ് H.S പിറവം | | 242 | 155 | 397 | 19 |
| 2 | ഗവ. ഹൈസ്കൂൾ പിറവം | | 207 | 149 | 356 | 17 |
| 3 | M.K.M: H.S പിറവം | | 576 | 546 | 1122 | 37 |
| 4 | ഗവ. ഹൈസ്കൂൾ നാമക്കുഴി | | 158 | 119 | 177 | 13 |
| 5 | ഫാത്തിമമാതാ H.S ഇംഗ്ലീഷ് മീഡിയം | | 339 | 309 | 642 | 22 |
| 6 | സെൻറ് ജോസഫ് U.P.S പിറവം | | 228 | 223 | 451 | 8 |
| 7 | ഗവ. U.P.S കളമ്പൂർ | | 50 | 64 | 114 | 4 |
| 8. | ഗവ. U.P.S കക്കാട് | | 132 | 127 | 259 | 8 |
| 9. | സെൻറ് ആൻറണീസ് L.P.S മുളക്കുളം | | 73 | 67 | 140 | 5 |
| 10 | ഗവ. L.P.S പിറവം | | 56 | 52 | 108 | 4 |
| 11 | U.P.S നാമക്കുഴി | | 119 | 107 | 226 | 8 |
| 12 | ഫാത്തിമമാതാ L.P.S ഇംഗ്ലീഷ് മീഡിയം | | 248 | 273 | 521 | 8 |
| 13 | ഗവ. L.P.S കളമ്പൂർ | | 45 | 22 | 67 | 5 |
| 14 | പ്ലസ്. ടു. നാമക്കുഴി | | 60 | 70 | 130 | 8 |
| 15 | C.M.S.L.P.S ഇടപ്പള്ളിച്ചിറ | | 60 | 70 | 130 | 7 |

ഔപചാരികവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുപുറമെ 5 ട്യൂട്ടോറിയൽ കോളേജും ഒരു ഹിന്ദി വിദ്യാലയവും ഒരു I.T.C. യും,7 ടൈപ്പ് റൈറ്റിഗ് ഇൻസ്റ്റിറ്റ്യൂട്ടും ഒരു നൃത്തവിദ്യാലയവും, ഒരു സംഗീത വിദ്യാലയവും 5 നേഴ്സറി വിദ്യാലയവും ഉണ്ട് കൂടാതെ പിറവം ഗവ. ഹൈസ്കൂളിൽ ഒരു കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുന്നതിന് ഗവൺമെൻറിൽ നിന്നുള്ള അംഗീകാരം കിട്ടിയിട്ടുണ്ട്. സ്കൂളിൽ നിന്നുള്ള കണക്കുകൾ അനുസരിച്ച് പിറവം പഞ്ചായത്തിൽ 4840 കുട്ടികൾ പഠിക്കുന്നുണ്ട്. 173 അദ്ധ്യാപകർ ജോലി നോക്കുന്നുണ്ട്. ഇതിനും പുറമെ പിറവം പഞ്ചായത്തിൽ നിന്നും മറ്റു പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന വെളിയനാട് H.S, ആരക്കുന്നം H.S, പാമ്പാക്കുട H.S, പെരുവ H.S, വെള്ളൂർ കേന്ദ്രീയ വിദ്യാലയം എന്നീ പഠന സ്ഥാപനങ്ങളിലേക്ക് ഈ പഞ്ചായത്ത് അതിർത്തിയിൽ നിന്നും 600 കുട്ടികൾ പഠിക്കുന്നതിന് പോകുന്നുണ്ട്. ഒന്നാം വാർഡിൽ നിന്ന് 1 കിലോ മീറ്റർ, 2-ാം വാർഡിൽ നിന്ന് 1 കിലോ മീറ്റർ, 10-ാം വാർഡിൽ നിന്ന് 6 കിലോ.മീറ്റർ, 11-ാം വാർഡിൽ നിന്ന് 7 കിലോ മീറ്റർ. ദൂരവും യാത്രചെയ്താണ് പിറവം H.S ൽ പഠിക്കുവാൻ പോകുന്നത് . 10 ഉം. 11 ഉം വാർഡുകളിൽ ബസ് സൗകര്യം കുറവാണ്.

S.S.L.C വിജയികളുടെയും, വിജയ ശതമാനത്തിൻെറയും വിശദാംശങ്ങൾ താഴെ 2-ാം നമ്പർ പട്ടികയിൽ ചേർക്കുന്നു.

| നമ്പർ | സ്കൂളിന്റെ പേര് | പരീക്ഷയിൽ ചേർന്നവർ | ജയിച്ചവർ | വിജയശതമാനം |
|---|---|---|---|---|
| 1 | MKM H.S. പിറവം | 152 | 150 | 98.68% |
| 2 | സെന്റ് ജോസഫ് H.S പിറവം | 145 | | 70.3% |
| 3 | ഗവ. H.S പിറവം | 416 | | 40.2% |
| 4 | ഫാത്തിമമാതാ ഇംഗ്ലീഷ് മീഡിയം | 71 | 71 | 100% |
| 5 | ഗവ. H.S നാമക്കുഴി | 111 | 47 | 42% |

## നിർദ്ദേശങ്ങൾ

1 പിറവം ആസ്ഥാനമായി ഒരു ആർട്ട്സ് & സയൻസ് കോളേജ് സ്ഥാപിക്കുക.

2 വിദ്യാഭ്യാസ ഉപജില്ലാ ആസ്ഥാനമായ പിറവത്തേയ്ക്ക് ഗതാഗത സൗകര്യങ്ങൾ കുറവുള്ള വാർഡുകളെ ബന്ധിപ്പിച്ചു കൊണ്ട് സ്കൂൾ ബസ്സ് ആരംഭിക്കുക.

3. ശാസ്ത്രസാങ്കേതിക പരിജ്ഞാനത്തിനുതകുന്ന തരത്തിലുള്ള പരീക്ഷണശാലകൾ, മാപ്പുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ പഞ്ചായത്ത് തലത്തിൽ നൽകുക. ഇതിനായി അദ്ധ്യയനവർഷത്തിനു മുമ്പായി പ്രധാന അദ്ധ്യാപകരുടെ യോഗം പഞ്ചായത്ത് തലത്തിൽ വിളിച്ചു കൂട്ടാനുള്ള അധികാരം സുരക്ഷാസമിതിക്ക് നല്കുക.

4. ഉപരിപഠനത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുക.

5. ഒൻപതു വർഷം പഴക്കമുള്ള അർദ്ധ സർക്കാർ തലത്തിലുള്ള സഹകരണ കോളേജിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഡിഗ്രി തലത്തിലുള്ള വിദ്യാഭ്യാസത്തിന് മുൻതൂക്കം നല്കുക.

6. പാരലൽ കോളെജിൽ അദ്ധ്യാപകർക്കുവേണ്ട മിനിമം യോഗ്യത നിശ്ചയിക്കുകയും, ഫീസ് നിരക്കുകൾ ഏകീകരിക്കുകയും ചെയ്യുക. ഇവർക്കായി പഞ്ചായത്ത് തലത്തിൽ യുവജനോത്സവങ്ങൾ നടത്തുകയും വേണം.

7. പഞ്ചായത്തിലെ എല്ലാ പാരലൽ കോളേജുകളും രജിസ്റ്റർ ചെയ്യുകയും അവിടത്തെ അദ്ധ്യാപകർക്ക് മിനിമം ശമ്പളം ഏർപ്പെടുത്തുകയും വേണം.

8. സർക്കാർ സ്കൂളിൽ നിന്ന് S.S.L.C യ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്കും, പ്രീഡിഗ്രി, ഡിഗ്രി, തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവയിൽ ഏറ്റവും മികച്ച വിദ്യാർത്ഥിക്ക് ഒരു സ്ഥിരം എൻഡോവ്മെന്റ് പഞ്ചായത്ത് ഏർപ്പെടുത്തുക.

9. വിദ്യാർത്ഥികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകളിൽ ലൈബ്രറി റീഡിംഗ് റൂം, പ്രവർത്തനം കാര്യക്ഷമമാക്കുക.

10. കളിസ്ഥലം ഇല്ലാത്ത സ്കൂളുകൾക്ക് അതിനായി സ്ഥലം അക്വയർ ചെയ്യുക.

11. പാരലൽകോളേജുകൾക്കും, സാങ്കേതികസ്ഥാപനങ്ങൾക്കുമായി ഒരു കോളേജ് ഗ്രൗണ്ട് അനുവദിക്കുക. ഇതിനായി സ്വകാര്യവ്യക്തികളെയൊ, കമ്പനികളെയൊ സമീപിക്കാവുന്നതാണ്.

12. സ്കൂൾ അദ്ധ്യാപകർക്കായി അദ്ധ്യയന വർഷത്തിനുമുമ്പായി റിഫ്രഷർ കോഴ്സുകൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.

13. പിറവം കേന്ദ്രീകരിച്ച് ഒരു അദ്ധ്യാപക പരിശീലന കേന്ദ്രം സ്ഥാപിക്കുക.

14. തയ്യൽ ക്ലാസുകളിലേയും, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും വിദ്യാർത്ഥികളെ ടെക്നിക്കൽ വിദ്യാർത്ഥികളായി അംഗീകരിക്കുക.

## PANCHAYATH EDUCATIONAL SAFETY COUNCIL (PESC)
## പഞ്ചായത്ത് വിദ്യാഭ്യാസ സുരക്ഷാസമിതി

സ്കൂളുകളിലെ P.T.A യുടെ പ്രവർത്തനം പലയിടത്തും ആശാവഹമല്ല. സ്കൂൾ കോളെജ് തലങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് ഒരു വിദ്യാഭ്യാസ സുരക്ഷാസമിതി രൂപീകരിക്കുക. പഞ്ചായത്തിലുള്ള എല്ലാ സ്കൂളുകളിലേയും പ്രാധാന അദ്ധ്യാപകരോ അല്ലെങ്കിൽ അവർ നോമിനേറ്റു ചെയ്യുന്ന ആളോ സ്കൂൾ/ കോളെജ് പ്രതിനിധിയായിരിക്കും. കൂടാതെ മികച്ച റിട്ടയേർഡ് അദ്ധ്യാപകരും വിദ്യാഭ്യാസ ഉപജില്ലാ മേധാവിയും ഇതിൽ അംഗങ്ങളായിരിക്കണം.

സ്കൂൾ കോളെജ് തുടങ്ങിയവയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് അധ്യയന വർഷാരംഭത്തിൽ തന്നെ ഈ സമിതി ഉറപ്പാക്കേണ്ടതാണ്. പാഠപുസ്തകങ്ങളും, നോട്ട് ബുക്കുകളും, വിദ്യാർത്ഥികൾക്കാവശ്യമായ മറ്റ് സാമഗ്രികളും നൽകുന്നതിന് ഈ സമിതിയെ ചുമതലപ്പെടുത്തുക.

ഓരോ സ്കൂളുകളിലും, കോളേജുകളിലും മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളിലും പാഠ്യേതര വിഷയപരിപാടികൾ സംഘടിപ്പിക്കണം. ഇത് പ്രതിമാസ പരിപാടികളായിട്ടുവേണം നടത്താൻ. എക്സിബിഷനുകൾ, ചർച്ചാക്ലാസുകൾ, സെമിനാറുകൾ, യുവജനോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുവാനുള്ള ഉത്തരവാദിത്വം ഈ സമിതി ആയിരിക്കണം. പാരലൽ കോളെജുകളിലെ വിദ്യാഭ്യാസനിലവാരം പ്രത്യേകം ഉറപ്പുവരുത്തണം.

മികച്ച വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും അവാർഡുകൾ നല്കുന്നതിനുള്ള ചുമതല വിദ്യാഭ്യാസ വികസന സമിതിക്കായിരിക്കണം. ഗതാഗത സൗകര്യം കുറവായ സ്ഥലങ്ങളിലേക്ക് ബസ് സർവ്വീസ് ആരംഭിക്കുകയും അതിൻെറ ഉത്തരവാദിത്വം സമിതി ഏല്ക്കുകയും വേണം.

21-ാം നൂറ്റാണ്ടിലേക്ക് ജീവിക്കുവാനുള്ള ധൈര്യവും, കഴിവുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കേണ്ട അതിസങ്കീർണ്ണവും, ഗൗരവമേറിയതുമായ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സുരക്ഷാസമിതി ഏറ്റെടുക്കേണ്ടതാണ്.

ആധുനിക സമൂഹത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യത്തെ കണക്കിലെടുത്ത് വിദ്യാഭ്യാസ സുരക്ഷാസമിതിക്ക് അർഹിക്കുന്ന പരിഗണന പഞ്ചായത്ത് തലത്തിൽ നല്കണം. പഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥലത്തായിരിക്കണം ആഫീസും അതിൻെറ പ്രവർത്തനവും. ഒരു മുഴുവൻ സമയ(Paid Secretary) സെക്രട്ടറിയെ ദൈനംദിന കാര്യങ്ങൾക്കായി നിയമിക്കണം.

# ഭവന നിർമ്മാണം

**ആകെ വീടുകളുടെ എണ്ണം -** 5511. **കുടിലുകൾ** -845 **വാടകക്കാർ** -1270

സാധാരണക്കാരാണു കൂടുതലായുള്ളത്. തന്നിമിത്തം ഓടുമേഞ്ഞ വീടുകളാണധികം.

### ധനകാര്യവായ്പാസ്ഥാപനങ്ങൾ

K.S.F.E ഹൗസിംഗ് സൊസൈറ്റി, എന്നിവയെ കൂടാതെ S.B.T. ഫെഡറൽ ബാങ്ക് , സഹകരണബാങ്ക് മുതലായ ധനകാര്യസ്ഥാപനങ്ങളും ഭവനനിർമ്മാണ വായ്പകൾ നല്കുന്നുണ്ട്.

ഓരോ വാർഡിൽ നിന്നും ഗ്രാമസഭ വഴി കിട്ടിയിട്ടുള്ള കണക്കനുസരിച്ച് ഭവനരഹിതരുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| വാർഡ് | കുടിലുകൾ | റോഡ് പുറംപോക്കിൽ താമസം | വാടകക്കാർ |
|---|---|---|---|
| 1 | 96 | 5 | |
| 2 | 87 | 7 | |

| വാർഡ് | കുടിലുകൾ | റോഡ് പുറംപോക്കിൽ താമസം | വാടകക്കാർ |
|---|---|---|---|
| 3 | 74 | 9 | |
| 4 | 82 | 3 | |
| 5 | 78 | 7 | |
| 6 | 46 | 47 | |
| 7 | 69 | 4 | |
| 8 | 92 | 5 | |
| 9 | 69 | 3 | |
| 10 | 67 | 4 | |
| 11 | 65 | 2 | |
| ആകെ | 845 | 96 | 1270 |

രണ്ടായിരാമാണ്ടോടെ പിറവം പഞ്ചായത്തിൽപ്പെട്ട എല്ലാ ഭവനരഹിതർക്കും സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടണം. ഇതിനായി 3000 വീടുകൾ പണിയേണ്ടതുണ്ട്.

**പഞ്ചായത്തിൽപ്പെട്ട കോളനികളുടെ വിവരം താഴെ**

1. പള്ളിക്കുന്നു കോളനി (വാർഡ് 1)
2. അയ്യൻകാളി കോളനി (വാർഡ് 7)
3. കാരമല ലക്ഷംവീടുകോളനി നാമക്കുഴി (വാർഡ് 2)
4. ലക്ഷം വീട് കോളനി (വാർഡ് 5)
5. ഹരിശ്രീ കോളനി (വാർഡ് 8)
6. അയ്യൻകാളി കോളനി (വാർഡ് 8)
7. ഇട്ട്യാർമല കോളനി (വാർഡ് 11)
8. പോങ്ങുംമല കോളനി (വാർഡ് 11)
9. സ്കൂൾമല കോളനി (വാർഡ് 11)
10. കോട്ടപ്പുറം കോളനി (വാർഡ് 11)
11. ലക്ഷംവീട് കോളനി (വാർഡ് 11)
12. ഹരിജൻകോളനി പാഴൂർ (വാർഡ് 9)
13. ലക്ഷംവീട് കോളനി (വാർഡ് 3)

കോളനിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. വീടുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം.

ഓരോ കോളനികൾക്കും സ്വന്തമായി സാംസ്കാരിക നിലയവും കളിസ്ഥലവും നിർമ്മിക്കണം. കോളനികൾക്ക് പൊതു കളിസ്ഥലവും പൊതുപരിപാടികൾ നടത്തുന്നതിന് മിനിഹാളും നിർമ്മിക്കുന്നത് കൂടുതൽ ഗുണകരമാവും.

## വായ്പാ പദ്ധതി

സന്നദ്ധസംഘടനകളുടെയും പഞ്ചായത്തിൻെറയും കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി ഭൂമിയുണ്ടായിട്ടും വീട് വെയ്ക്കാൻ കഴിയാത്തവർക്കായി രണ്ടുതരം ഭവന നിർമ്മാണ പദ്ധതികൾ വിഭാവന ചെയ്യണം. തിരിച്ചടയ്ക്കേണ്ട വായ്പയും തിരിച്ചടയ്ക്കേണ്ടാത്ത വായ്പയുമാണിത്.

### ഭവനരഹിതർ

തെരുവോരങ്ങളിൽ താമസിക്കുന്ന ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി 8 ഏക്കർ ഭൂമി വാങ്ങി മൂന്നു സെൻറ് വീതം ഓരോ കുടുംബത്തിനും നല്കാനുള്ള നടപടികൾ കൈക്കൊള്ളണം. ഭൂമിയും അതോടൊപ്പം വീടും നിർമ്മിച്ചു കൊടുക്കുന്ന ഈ തീവ്രകർമ്മപരിപാടിപഞ്ചായത്തിൻെറ ഇപ്പോഴത്തെ ഭരണ സമിതികാലത്ത് തന്നെ പൂർത്തിയാക്കുകയും വേണം.

നാമമാത്രമായി ഇപ്പോൾ ഭൂമിയുള്ളവരും എന്നാൽ വിഭജിക്കാൻ മാത്രം ഭൂമിയില്ലാത്തവരുമായ ഭൂരഹിതരെയും ഭവനമോ ഭൂമിയോ ഇല്ലാത്തവരെയും ഈ പദ്ധതിയിൻ കീഴിലുള്ള ഭവനരഹിതരുടെ പട്ടികയിലുൾപ്പെടുത്തേണ്ടതാണ്.

### കുടിലുകൾ

ഇപ്പോൾ കുടിലുകളിൽ താമസിക്കുന്നവർക്ക് അവ പുതുക്കിപണിയുന്നതിന് പഞ്ചായത്തു തലത്തിൽ ധനസഹായം നൽകണം.

നിശ്ചിത വരുമാനക്കാർക്കും താഴ്ന്നവരുമാനക്കാർക്കും വിവിധ രീതികളിലുള്ള വായ്പാപദ്ധതികൾ ഭവനനിർമ്മാണത്തിനായി നൽകണം.

നിലവിലുള്ള ഭവന നിർമ്മാണ വായ്പാ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കേണ്ടവർ ഇന്ന് അഭിമുഖീകരിക്കുന്ന നിയമതടസ്സങ്ങൾ മാറ്റി വായ്പാതുകയ്ക്കുവേണ്ടിയുള്ള നടപടികൾ ലഘൂകരിക്കുകയും ലളിതമാക്കുകയും ചെയ്യുക.

### ചിലവു കുറഞ്ഞ വീടുകൾ

സാങ്കേതിക വിദഗ്ദരുടെ സഹായത്തോടെ ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന ഏജൻസികളുടെ യൂണിറ്റുകൾ പഞ്ചായത്തു തലത്തിൽ ആരംഭിക്കുകയും അവരുടെ പ്രവർത്തനം വ്യാപകമാക്കുകയും ചെയ്യുക. വീട് ആവശ്യമാണ് ആർഭാടമല്ല എന്നതായിരിക്കണം ഇവരുടെ കർമ്മ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ബഹുജന ബോധവത്കരണവും നടത്തേണ്ടതാണ്.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമപദ്ധതികളോ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളോ പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കിയിട്ടില്ല. വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ. വിധവാ പെൻഷൻ, സ്വാതന്ത്ര്യസമര പെൻഷൻ തുടങ്ങി നിരവധി പെൻഷനുകൾക്ക് അർഹരായവർ പഞ്ചായത്തിലുണ്ട്. നിയമത്തിൻെറ നൂലാമാലകളിൽ കുടുങ്ങി ഇവർക്കാർക്കും പെൻഷൻ കിട്ടാറില്ല. പെൻഷൻ വിതരണ ചുമതല പഞ്ചായത്തിനെ ഏൽപ്പിക്കുന്നത് നന്നായിരിക്കും. അർഹരായവരെ കണ്ടെത്തി പെൻഷൻ വിതരണം ചെയ്യണം.

#### അംഗൻവാടികൾ

കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് ബാലവാടികൾ ഇല്ലെന്നു തന്നെ പറയാം ഐ.സി.ഡി.എസിൻെറ കീഴിലുള്ള അംഗൻവാടികളൊന്നും പഞ്ചായത്തിൽ ഇല്ല. പാമ്പാക്കുട ബ്ലോക്കിൻെറ പരിധിയിലാണ് ഈ പഞ്ചായത്ത്. ഓരോ വാർഡിലും അംഗൻവാടികൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഇനിയും നടപ്പാക്കിയിട്ടില്ല. ഇതിനു വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്.അനന്തര നടപടികൾ ഉടനെ പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണ്. കാരണം ശിശുപരിപാലനം മാത്രമല്ല അംഗൻവാടികളുടെ ലക്ഷ്യം. പ്രതിരോധകുത്തിവയ്പ്പുകൾ യഥാസമയം നടപ്പാക്കുക, ഗർഭിണികൾക്കും. കുഞ്ഞുങ്ങൾക്കും മുലയൂട്ടുന്ന അമ്മമാർക്കും, പോഷകാഹാരവും നിർദ്ദേശങ്ങളും നൽകുക എന്നീകാര്യങ്ങളെല്ലാം അംഗൻവാടി ജീവനക്കാർ ചെയ്യുന്നതാണ്. അംഗൻവാടികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഓരോ വാർഡിലും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കെട്ടിടങ്ങളും ലഭ്യമാണ്. ഡേ കെയർ സെൻറർ കൂലിപ്പണിക്കാരായ വീട്ടമ്മമാർ കൂടുതലുള്ള സ്ഥലങ്ങളിൽ, രാവിലെ ഏഴുമണി

മുതൽ വൈകിട്ട് ഏഴുമണിവരെ പ്രവർത്തിക്കുന്ന ഓരോ ഡേകെയർ സെൻറർ സ്ഥാപിക്കണം. വിദ്യാസമ്പന്നരായ രണ്ടു പെൺകുട്ടികൾക്ക് വീതം ഇതുവഴി തൊഴിൽ കൊടുക്കാനാവും. ഉപഭോക്തൃ വിദ്യാഭ്യാസം പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ഉപഭോകൃത വിദ്യാഭ്യാസം നൽകണം. ഈ വിദ്യാകേന്ദ്രങ്ങൾ വഴി സാക്ഷരതാ തുടർപരിപാടിയിൽ ഉൾപ്പെടുത്തി നല്കാവുന്നതാണ്.

### വായനശാല

പഞ്ചായത്തിലാകെ അഞ്ചു വായനശാലകളുണ്ട്. ഇവയുടെ ഇപ്പോഴത്തെ സ്ഥിതി പരിഷ്കരിക്കണം. പൊതു ജനങ്ങൾക്കും കുട്ടികൾക്കും പ്രയോജനപ്പെടത്തക്ക നിലയിലുള്ള പുസ്തകങ്ങൾ ലഭ്യമാകണം. ലൈബ്രറികളെ കേന്ദ്രീകരിച്ച് സെമിനാറുകൾ ചർച്ചകൾ എന്നിവ പ്രതിമാസ പരിപാടികളാക്കി നടത്തണം.

ജനവിദ്യാകേന്ദ്രങ്ങൾ: രണ്ടെണ്ണമുണ്ട്. അവയുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചരീതിയിലാണ്. തുടർ സാക്ഷരതാപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. പഞ്ചായത്തിലെ ഇനിയുമുള്ള നിരക്ഷരരായ ജനങ്ങളെ കണ്ടുപിടിച്ച്. സാക്ഷരരാക്കാനുള്ള പുതിയപരിപാടി ആസൂത്രണം ചെയ്യണം.

#### റോഡുകൾ

പിറവം പഞ്ചായത്തിലെ റോഡുകളുടെ നില അത്യന്തം ശോചനീയമാണ്. റോഡിൻെറ ഇരുസൈഡുകളിലും ഓടകൾ നിർമ്മിച്ച് റോഡിൻെറ സുരക്ഷിതത്വം ഉറപ്പുവരുത്തണംയ വീതുകുറവുള്ള ഭാഗങ്ങളിൽ കൂടുതൽ സ്ഥലം റോഡിനായി എടുത്ത് വിപുലമായ ഗതാഗത സൗകര്യം ഉണ്ടാക്കണം.

#### ആരോഗ്യ സംരക്ഷണം

ആരോഗ്യപരിപാലനത്തിൽ പഞാചയത്തിലെ ജനങ്ങൾ പുറകിലാണ്. പിറവം ഗവൺമെൻറ് ആശുപത്രിയല്ലാതെ വേറേ ആശ്രയകേന്ദ്രം ഈ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ ഡിസ്പെൻസറികൾ സ്ഥാപിക്കണം.

#### പുഴയോരം കെട്ടിസംരക്ഷിക്കണം

എട്ടാം വാർഡിൽ പറപ്പിണി പറമ്പു വൈയ്പ്പുമുതൽ മണിമല വൈയ്പുവരെ തീരപ്രദേശം പുഴയിലേക്ക് ഇടിയുന്നത് പലവീടുകൾക്കും ഭീഷണിയാണ്. പുഴയുടെ സൈഡുകെട്ടുന്നതിനുള്ള സത്വരനടപടി സ്വീകരിക്കണം. കുലത്തൊഴിൽ പഞ്ചായത്തതിർത്തിയിലുള്ള മൂവാറ്റുപുഴയാറിൻെറ തീരത്തു താമസിക്കുന്ന മൽസ്യത്തൊഴിലാളി കുടുംബങ്ങളെ ഒരു കോളനിയായി അംഗീകരിച്ച് മൽസ്യഫെഡ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള ആനുകൂല്യങ്ങൾക്ക് അർഹരാക്കണം. പരമ്പരാഗതമായി മൽസ്യബന്ധനത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നവർക്ക് വലയും മറ്റു സാമഗ്രികളും വാങ്ങാൻ വേണ്ട സഹായം നൽകണം. ഇപ്പോ തൊഴിലിൽ നിന്നും മാറി നിൽക്കുന്ന ഇവരെ കുലത്തൊഴിലിലേക്ക് മടക്കിക്കൊണ്ടുവരണം.

സാംസ്കാരീക നിലയങ്ങൾ : പരമ്പരാഗതകലകൾ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി നടപടിയെടുക്കണം. യുവജനസംഘടനകളും മഹിളാസമാജങ്ഹളും, നിലവിലുള്ളവ പരിഷ്കരിക്കുകയും പുതിയവ രൂപീകരിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും വേണം.

#### കൃഷി

സാധാരണക്കാരായ കൃഷിക്കാർക്കുവേണ്ടി കൃഷിഭവൻെറ കീഴിൽ മെച്ചപ്പെട്ട സാങ്കേതികോപദേശങ്ങൾ നൽകണം. കൃഷിചെയ്യുന്നതിനാവശ്യമായ വിത്തിനങ്ങൾ വളം, പമ്പ്സെറ്റ് മുതലായവ വാങ്ങുന്നതിനുവേണ്ടി സബ്സിഡിയോടെ ധനസഹായം ചെയ്തുകൊടുക്കുക.

## സാംസ്കാരികം

ഹൈന്ദവരും ക്രൈസ്തവമത വിഭാഗങ്ങളും സാമൂഹിക സൗഹാർദ്ദത്തോടെ കഴിയുന്ന അന്തരീക്ഷം പ്രയോജനകരമായ വിധത്തിൽ മുന്നോട്ടു നയിച്ചാൽ സാംസ്കാരിക രംഗത്തിന് അമൂല്യസംഭാവന നൽകാൻ കഴിയും. നമ്മുടെ സാംസ്കാ

രീക ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഈസ്റ്ററിനോടനുബന്ധിച്ചു നടക്കുന്ന നേർച്ചപ്പെരുന്നാൾ ഇവിടുത്തെ വളരെ പ്രസിദ്ധിയാർജ്ജിച്ച ആഘോഷപരിപാടികളിലൊന്നാണ്. വളരെ അകലങ്ങളിൽ നിന്നു പോലും തീർത്ഥാടകർ ഇവിടെ ഇതിനായി വന്നു പോകുന്നുണ്ട്. പിറവം പള്ളി പെരുന്നാളും, പാഴൂർ മഹാശിവരാത്രിയും, കളമ്പൂക്കാവ് തൂക്കവുമെല്ലാം ജനശ്രദ്ധയാകർഷിച്ചുകൊണ്ട് നമ്മുടെ സാംസ്കാരിക ചരിത്രവുമായി ഗാഢബന്ധം പുലർത്തി നിലനില്ക്കുന്നു.

പാഴൂർ ക്ഷേത്രത്തിനു സമീപം മൂവാറ്റുപുഴയാറിന്റെ തീരത്ത് ബുധശുക്രന്മാരുടെ സാന്നിദ്ധ്യം കൊണ്ട് പരിപാവനമെന്ന് ചരിത്രം രേഖപ്പെടുത്തുന്ന ലോകപ്രശസ്തിയാർജ്ജിച്ച പാഴൂർ പടിപ്പുരയിലെ ജ്യോതിഷ കേന്ദ്രവും അവിടുത്തെ വിലപ്പെട്ട ഗ്രന്ഥ ശേഖരവും കാലം നൽകിയ അമൂല്യനിധികളാണ്.

ആവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കിയാൽ പല അനുഷ്ഠാന കലകളുടെയും വിളഭൂമിയായി മാറിയ നമ്മുടെ ഗ്രാമങ്ങൾ സാമൂഹികാന്തരീക്ഷത്തിൽ ചൈതന്യവത്തായ ഒരു നവസംസ്കാരത്തിന്റെ ശോഭപരത്തി മുന്നേറുമെന്നുള്ളതു തീർച്ചയാണ്.

ആകെ വാർഡുകളുടെ എണ്ണം. - 11

സാമൂഹ്യസാംസ്കാരിക സന്നദ്ധസംഘടനകളുടെ എണ്ണം. - 37

തനതു പ്രഭാവത്തോടു കൂടിയവ

| | | | |
|---|---|---|---|
| സംഘം ഫൈനാർട്സ് | അത്‌ലറ്റിക് ക്ലബ് | പ്രയസ്സ് | NYF |

സാംസ്കാരിക സംഘടനകളുടെ എണ്ണത്തിൽ പെരുപ്പമുണ്ടെങ്കിലും പ്രവർത്തനത്തിൽ എല്ലാം പിന്നോക്കം പോകുന്നു. മുകളിൽ പ്രസ്താവിച്ച സംഘടനകളെ കൂടാതെ ഒന്നും തന്നെ കലാകായിക പ്രസ്ഥാനങ്ങൾക്ക് ഉത്തേജനം നല്കുവാൻ കഴിയുന്ന വളക്കൂറുള്ള സാമൂഹ്യാന്തരീക്ഷത്തിൽ പോലും നല്ല നിലയിൽ പ്രവർത്തിക്കുന്നില്ല. വാർഷികാഘോഷങ്ങളും ഓണപരിപാടികളും കൊണ്ട് അവയുടെ സാന്നിദ്ധ്യം അറിയിക്കുന്നുവെന്നു മാത്രം.

ഈയൊരു സാഹചര്യത്തിൽ, പഞ്ചായത്തുതലത്തിൽ, കലാകായിക സംസ്കാരിക രംഗത്ത് നവോത്ഥാന പ്രസ്ഥാനത്തിന് തുടക്കം കുറിക്കണം.

# കായികരംഗം

ദേശീയ സംസ്ഥാനരംഗത്ത് ശ്രദ്ധിക്കപ്പെട്ട നിരവധി കായികപ്രതിഭകളെ സംഭാവനചെയ്തനാടാണിത്. വനിതാ വോളീബോളിന്റെ ഈറ്റില്ലമെന്നറിയപ്പെടുന്ന നാമക്കുഴി പിറവം പഞ്ചായത്തിൽ രണ്ടാം വാർഡിലാണ്. അർജ്ജുനാ അവാർഡു ജേതാവായ ശ്രീമതി. കെ.സി. ഏലമ്മയുടെ നേതൃത്വത്തിൽ നമക്കുഴി സിസ്റ്റേഴ്സ് ദേശീയ വനിതാ വോളീബോളിലെ സുവർണ്ണതാരങ്ങളായി തിളങ്ങിയിരുന്നു. സ്പോർട്ട്സിലും ഗെയിംസിലും സംസ്ഥാനത്തേയും യൂണിവേഴ്സിറ്റിയേയും പ്രതിനിധീകരിക്കുന്ന നിരവധി താരങ്ങൾ നമുക്കഭിമാനിക്കാൻ ഇപ്പോഴുണ്ട്. ഈപാരമ്പര്യങ്ങളുടെ തുടർച്ച പോലെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തി കായികരംഗത്തുള്ള പ്രതിഭകളുടേയും പ്രവർത്തകരുടേയും മുഴുവൻ ശേഷിയും സമാഹരിച്ചുകൊണ്ട് യുക്തമായ ഒരു പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിഞ്ഞാൽ ദേശീയ കായികലോകത്തിന് മുതൽ കൂട്ടായി മാറാൻ കഴിയും.

## പിറവം പഞ്ചായത്ത് സ്പോർട്സ് അതോറിട്ടി

ഈ പഞ്ചായത്തിലെ മുഴുവൻ സ്പോർട്സ്, ഗെയിംസ് പ്രവർത്തനങ്ങളുടേയും നിയന്ത്രണം പഞ്ചായത്തിന്റെ കീഴിൽ രൂപീകരിക്കുന്ന പഞ്ചായത്ത് സ്പോർട്സ് അതോറിട്ടിയുടെ ചുമതലയിലായിരിക്കണം. മികച്ച കായിക പ്രവർത്തകർ അത്‌ലറ്റുകൾ, കോച്ചുകൾ, കായികഅദ്ധ്യാപകർ തുടങ്ങിയവരുടെ പ്രതിനിധികൾ കമ്മറ്റിയിൽ ഉണ്ടായിരിക്കണം.

നിയമാവലിയുടെ ടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഈ അതോറിട്ടിയ്ക്ക് മുഴുവൻ സമയ സെക്രട്ടറിയും ഓഫീസും പഞ്ചയാത്ത് കായിക പരിശീലന കേന്ദ്രവും ഉണ്ടാവണം.

## പഞ്ചായത്ത് കായിക പരിശീലന കേന്ദ്രം

ചെറുപ്പത്തിലെ തന്നെ കായികതാരങ്ങളെ കണ്ടെത്തി. സ്ഥിരമായ പരിശീലനം നല്കുന്നതിനുവേണ്ടിയുള്ള കോച്ചിംഗ് പദ്ധതി ഉണ്ടാവണം. പഞ്ചായത്തിലെ സ്കൂളുകൾ കോച്ചിംഗ് ക്യാമ്പിൻെറ യൂണിറ്റുകൾ ആയിരിക്കണം. എല്ലാദിവസവും പരിശീലനം നടത്തണം.രണ്ടാഴ്ചയിലൊരിക്കൽ പഞ്ചായത്തടിസ്ഥാനത്തിൽ പൊതു പരിശീലനകേന്ദ്രത്തിൽ കായിക താരങ്ങൾ ഒത്തുകൂടി പരിശീലനംനടത്തണം. ഓരോ കായികതാരത്തിൻേറയും വളർച്ചയെ പ്രോത്സാഹിപ്പിക്കാൻ മുഖ്യ പരിശീലന കേന്ദ്രത്തിൻെറ സഹായം ലഭ്യമാക്കണം. മൂന്നു മാസത്തിലൊരിക്കൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രതിഭകളുടെ മത്സരങ്ങൾ നടത്തേണ്ടതും പ്രോത്സാഹനസമ്മാനങ്ങളും പ്രത്യേക സ്കോളർഷിപ്പുകളും ഏർപ്പെടുത്തേണ്ടതുമാണ്. പരിശീലകരായി റിട്ടയേർഡ് കായികാദ്ധ്യാപകർ പ്രധാന കായികപ്രവർത്തകർ എന്നിവരുടെ സേവനം ലഭ്യമാക്കണം.

## അവധികാല ക്യാമ്പുകൾ

പഞ്ചായത്ത് കായികകേന്ദ്രത്തിൻെറ കീഴിൽ അവധിക്കാലങ്ങളിൽ പ്രത്യേക കായിക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കണം. പഞ്ചായത്ത് സ്പോർട്ട്സ്, ഗെയിംസ് മേളകൾ - വർഷത്തിലൊരിക്കലെങ്കിലും വിദ്യാർത്ഥികൾക്കും മറ്റു പൊതുജനങ്ങൾക്കും വേണ്ടി പഞ്ചായത്തു തലത്തിൽ വാർഷിക സ്പോർട്ട്സ്, ഗെയിംസ് മേളകൾ സംഘടിപ്പിക്കണം.

## ടൂർണമെൻറുകൾ

കായികരംഗത്തിൻെറ വളർച്ചയ്ക്കുവേണ്ടി നിലവാരമുള്ള ടൂർണമെൻറുകൾ സംഘടിപ്പിക്കണം. വോളീബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ എന്നീ ഇനങ്ങളിൽ ടൂർണമെൻറുകൾ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാന ദേശീയതലങ്ങളിലേക്ക് താരങ്ങളെ വളർത്തിയെടുക്കാൻ പരിശ്രമിക്കണം.

## സ്റ്റേഡിയം, സ്കൂൾ കളിക്കളങ്ങൾ

വിപുലമായ സൗകര്യങ്ങളോടുകൂടിയ ഒരു പൊതുസ്റ്റേഡിയം സ്കൂളുകളുടെ കളിക്കളങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം.

## പഞ്ചായത്ത് കായിക പരിശീലന കേന്ദ്രം.

സ്പോർട്ട്സ് കൗൺസിലിൻെറ സഹായത്തോടെ ചെറുപ്പത്തിലേ തന്നെ പിടികൂടി കഴിവുകൾ കണ്ടെത്തി വളർത്തിയെടുക്കാനുള്ള ഒരു പരിശീലന കേന്ദ്രം ഉണ്ടാവണം. എല്ലാ ഇനങ്ങളിലും കായികാധ്യാപകരുടെ നേതൃത്വത്തിൽ സ്ഥിരം കോച്ചിംഗ് ഇവിടെ ഉണ്ടാകണം. കായിക പരിശീലന കേന്ദ്രത്തിൽ പരിശീലനത്തിന് വേണ്ടി അതാത് രംഗത്തെ പ്രഗല്ഭരായ പലരുടേയും സേവനം വിട്ടുകിട്ടും. അർജ്ജുന അവാർഡു ജേതാവായ കെ.സി. ഏലമ്മ, കേരളയൂണിവേഴ്സിറ്റി കോച്ചായ ജോയി തോമസ്, വെറ്ററൻസ് മീറ്റ് സംസ്ഥാന ജേതാവും മികച്ച കായികാധ്യാപകനുമായ ജോസ് സഖറിയ, നാമക്കുഴി സിസ്റ്റേഴ്സ്, ലാൽ കളമ്പൂർ എന്നിവരെ ഉപയോഗിക്കാവുന്നതാണ്.

സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വേണ്ടി വർഷത്തിലൊരിക്കൽ സ്പോർട്ട്സ് ഗെയിംസ് മീറ്റ് സംഘടിപ്പിക്കണം. കായികവാരമായിട്ടായിരിക്കണം. ഇതിൻെറ സംഘാടകർ സ്പോർട്സ് കൗൺസിലും പഞ്ചായത്തും നേരിട്ടുതന്നെയായിരിക്കണം.

## കലാ പഠനകളരി

കലയേയും സംസ്കാരത്തേയും സംബന്ധിച്ച് കലാഭിരുചിയുള്ള ആളുകളുടെ ഇടയിൽ നിന്നും ഉയർന്നു വരുന്ന വിദഗ്ദോപദേശങ്ങളെയും ഉൾപ്പെടുത്തി കലാപഠനകളരി പഞ്ചായത്തു തലത്തിൽ ആരംഭിക്കണം. ഈ പഠന കളരി പരിചയം സിദ്ധിച്ച് ഒരു ഡയറക്ടർ ബോർഡിന് കൈമാറണം. പ്രത്യേകമായി ഭരണഘടന തയാറാക്കി അതിൻെറ അടിസ്ഥാനത്തിൽ ആയിരിക്കണം ഭരണസമിതി പ്രവർത്തിക്കേണ്ടത്.

നാടൻ കലകളിലും ശാസ്ത്രീയ കലകളിലും മറ്റ് പ്രാചീന കലകളിലും പരിചയസമ്പന്നത സിദ്ധിച്ച ഒട്ടേറെ കലാകാരൻമാർ ഈ പഞ്ചായത്തിലുണ്ട്. അവരുടെ കൂടി സഹായത്താൽ ഇന്ന അന്യമായിക്കൊണ്ടിരിക്കുന്ന നാടൻകലകളിലും

ശാസ്ത്രീയകലകളിലും മികച്ച ശിക്ഷണം നൽകാൻ കഴിയും, ശാസ്ത്രീയ സംഗീതത്തിൽ വായ്പാട്ട്, ഉപകരണസംഗീതം എന്നിവയിൽ സ്കൂൾ കുട്ടികൾക്കുവേണ്ടി പ്രത്യേക ക്ലാസ്സുകൾ ശനി, ഞായർ മറ്റവധി ദിവസങ്ങൾ നോക്കി ഈ പഠന കളരിയിൽ സജ്ജീകരിക്കണം. യോഗ്യരായവയുടെ സഹായം ഇതിനു ലഭ്യമാക്കണം.

മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു ഓഫീസും ഒരു സെക്രട്ടറിയും ഈ പഠന കളരിക്കാവശ്യമാണ്. കമ്യൂണിറ്റി ഹാളിൽ ഇതിനായി ഒരു മുറി ഒരുക്കാൻ കഴിയും.

## പൊതു ലൈബ്രറി

കലകളെ സംബന്ധിച്ച് അക്കാദമിക് തലത്തിൽ ധിഷണാപരമായ പ്രവർത്തനം നടത്തുന്നതിനും വൈജ്ഞാനിക മേഖലയിലുള്ള പഠനത്തിനും വേണ്ടി ഒരു ആധുനിക ലൈബ്രറി സംവിധാനം ആവശ്യമാണ്. ലോക സാഹിത്യത്തേയും ഇന്ത്യൻ സാഹിത്യത്തേയും പരിചയപ്പെടുത്തുന്ന ഗ്രന്ഥങ്ങൾ ഇന്നത്തെ സമകാലീനാവസ്ഥകളെ അപഗ്രഥിക്കുന്ന പുസ്തകങ്ങൾ ശാസ്ത്രീയ ഗ്രന്ഥങ്ങൾ, ചരിത്രപുസ്തകങ്ങൾ, അക്കാദമിക് തലത്തിലുള്ള റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ ഈ ലൈബ്രറി സംവിധാനത്തിൽ നിർബന്ധമായും ഉണ്ടായിരിക്കണം.

പഞ്ചായത്തിൻെറ പരിധിക്കുള്ളിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ലൈബ്രറിയെ മുഖ്യലൈബ്രറിയായി തിരഞ്ഞെടുത്തുകൊണ്ടും അതിൻെറ കീഴിൽ വരുന്ന ഇതര വാർഡുകളിലെ ലൈബ്രറികളെ സബ് ലൈബ്രറികളായും അംഗീകരിക്കണം. രണ്ടു വാർഡുകളിൽ ഒന്ന് എന്ന നിലയിൽ സബ് ലൈബ്രറികളുടെ എണ്ണം നിജപ്പെടുത്തണം. ഇവർക്കായി പഞ്ചായത്ത് തലത്തിൽ ഗ്രാൻറുണ്ടാകണം. യോഗ്യരായ ലൈബ്രേറിയന്മാരുടെ പ്രവർത്തനം സബ്ലൈബ്രറികൾക്കും ലഭ്യമാക്കണം. പൊതു ലൈബ്രറി കേന്ദ്രീകരിച്ച് സെമിനാറുകൾ, സിംപോസിയങ്ങൾ, ചർച്ചകൾ എന്നിവ പ്രതിമാസ പരിപാടികൾ സംഘടിപ്പിക്കണം.

**ഇപ്പോൾ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ.**

1. കാൾസ് പബ്ലിക് ലൈബ്രറി ആൻറ് റീഡിംഗ് റൂം. ഇടപ്പള്ളിച്ചിറ.
   1800 പുസ്തകങ്ങൾ -കാർസ് ഡേകെയർ സെൻററിൻെറ ധനസഹായമാണ് മുഖ്യവരുമാനം. C.S.I പള്ളി വക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.
2. മുളക്കുളം നോർത്ത് വായനശാല.
   2000 പുസ്തകം. സ്വന്തമായി കെട്ടിടം. മെച്ചപ്പെട്ട പ്രവർത്തനം.
3. പാഴൂർ വില്ലേജ് യൂണിയൻ ലൈബ്രറി.
   2000 പുസ്തകം. സ്വന്തമായി കെട്ടിടം.
4. കക്കാട് ഗ്രാമീണ വായനശാല
   1000 പുസ്തകം. സ്വന്തമായി കെട്ടിടമില്ല.
5. പിറവം പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റൂം.
   2558 പുസ്തകങ്ങൾ. പഞ്ചായത്തുവക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

ഈ അഞ്ചു ലൈബ്രറികളിൽ ഒന്നിനെ മുഖ്യ ലൈബ്രറിയായും മറ്റുള്ളവയെ സബ്ലൈബ്രറികളായും അംഗീകരിച്ച് അവയെ വാർഡുതല സംസ്കാരിക കേന്ദ്രങ്ങളാക്കി ഉയർത്തുകയും ചെയ്യണം.

## വള്ളം കളി

1964-ൽ ഇ.എം.എസ്. ഉദ്ഘാടനം ചെയ്തതാണ് പിറവം വള്ളം കളി. സാമ്പത്തിക പ്രശ്നങ്ങളാൽ ഇടയ്ക്കു മുടങ്ങിപ്പോയെങ്കിലും 1996 - ൽ പൊതുജനങ്ങളുടെ ആവശ്യപ്രകാരം പുനരാരംഭിച്ചു. ലക്ഷക്കണക്കിനാളുകളെ പിറവത്തേക്കാകർഷിക്കുന്ന വള്ളാകളി മുടങ്ങാതെ ഇനിയുള്ള വർഷങ്ങളിൽ നടത്തേണ്ടതാണ്.

## ഗ്രാമോത്സവം

ജനങ്ങളുടെ കൂട്ടായ്മയെ മുന്നിൽ കണ്ടുകൊണ്ട് 1996-ൽ പഞ്ചായത്തു തുടങ്ങിയ ഗ്രാമോത്സവം ബഹുജന പിന്തുണയോടെ നടത്തിയ ആദ്യ തദ്ദേശീയോത്സവമായി മാറി. അത്തം മുതൽ ചതയം വരെയാണ് ഗ്രാമോത്സവമാഘോഷിക്കുന്ന

ത്. നമ്മുടെ സാംസ്കാരികപൈതൃകത്തിൻെറ പുനരുത്ഥാനം കൂടി ഈ ഗ്രാമോത്സവം കൊണ്ട് സാധിതമായിരിക്കുന്നു. വരും കാലങ്ങളിൽ ഈ ജനകീയോത്സവത്തിന് പിറവത്തെ വിനോദസഞ്ചാരവുമായി ബന്ധപ്പെടുത്തി പ്രാധാന്യത്തോടെ നടത്തിയാൽ വിദേശികളെ വരെ ഇവിടേക്കാകർഷിക്കാൻ കഴിയുന്നതാണ്.

### കളരിപ്പയറ്റ്

പ്രാചീന കേരളത്തിലെ ആയോധനാഭ്യാസ കളരികൾ ഉണ്ടായിരുന്ന പിറവം കേന്ദ്രമാക്കി ഇന്ന് നാശോന്മുഖമായ ക്കൊണ്ടിരിക്കുന്ന കളരിപ്പയറ്റിനെ പുനരുദ്ധരിക്കുന്നതിനാവശ്യമായ പരിശീലന കളരി തുടങ്ങണം.

### മുടിയേറ്റ്

ഇന്ന് പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ നാമമാത്രമായി പ്രവർത്തിക്കുന്ന തൂക്കം, മുടിയേറ്റ് സംഘങ്ങൾക്ക് ഒരു ആസ്ഥാനം നിർമ്മിച്ച് അതിന് സാമ്പത്തിക സഹായം നല്കിയാൽ ഈ ക്ഷേത്രകലകളെ പുതിയ തലമുറയ്ക്കു കൂടി പരിചയപ്പെടുത്താനാകും.

## ടൂറിസം

ടൂറിസത്തിന് പിറവം പഞ്ചായത്തിനുള്ളിൽ തന്നെ അനന്തസാദ്ധ്യതകളുണ്ട്. കുറഞ്ഞ ചെലവിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുമെന്ന പ്രത്യേകതയും ഇവിടുത്തെ ടൂറിസം വികസനത്തിന് പ്രായോഗികത നൽകുന്നു.

- റൂറൽ പെയിൻറിംഗിലും തച്ചുശാസ്ത്രത്തിലും ദാരുശില്പവിദ്യയിലും കേരളത്തിലെ പ്രാചീന ക്ഷേത്രങ്ങളോടു കിടപിടിക്കുന്നതും സർക്കാർ സംരക്ഷിതസ്മാരകമായി പ്രഖ്യാപിച്ചിരിക്കുന്നതുമായ പാഴൂർ പെരും തൃക്കോവിൽ.
- പെരുംതൃക്കോവിലപ്പനെ വണങ്ങുന്ന പ്രകൃതിദേവിയുടെ കൂപ്പുകൈപോലെ രണ്ടായി പിരിഞ്ഞൊഴുകുന്ന മൂവാറ്റുപുഴയാറ്
- പുഴയുടെ പിരിവുകൾക്കിടയിൽ ഉയർന്നു നിൽക്കുന്ന തുരുത്ത്, മണൽപ്പുറം.
- അവിശ്വസനീയമായ അത്ഭുതങ്ങളുടെ കലവറ, ലോക പ്രസിദ്ധ ജ്യോതിശാസ്ത്രകുലപതികളുടെ ആസ്ഥാനമായ പാഴൂർ പടിപ്പുര, അപൂർവ്വമായ ഗ്രന്ഥശേഖരങ്ങൾ.
- ആദിശങ്കരൻെറ ബാല്യംചിലവഴിച്ച അമ്മാത്ത്, മേൽപാഴൂർ മന.
- ക്ഷേത്രകലകളുടെ ഈറ്റില്ലമായ പാഴൂർ
- ലക്ഷക്കണക്കിന് തീർത്ഥാടകരെത്തുന്ന, ദക്ഷിണേന്ത്യയിലെ സുപ്രസിദ്ധ ക്രിസ്ത്യൻ ദേവാലയം - വിശുദ്ധരാജാക്കന്മാരുടെ പള്ളി.
- മൂവാറ്റുപുഴയാറിൽ പയറ്റു കടവിനു മുകളിലുള്ള അതിമനോഹരമായ പച്ചപ്പിൻെറ തുരുത്ത്.
- പുഴയുടെ നടുവിൽ ഓലക്കുട വിടർത്തി നില്ക്കുന്ന മൺമറഞ്ഞ ആഢ്യതയുടെ പ്രതീകമെന്നപോലെ കാക്കത്തുരുത്ത്.
- കേരളത്തിൽ പുഴകൾ പെറ്റതും ഓണക്കാലത്ത് സഞ്ചാരികളെ ആകർഷിക്കുന്നതുമായ വള്ളംകളി.

ഇങ്ങനെ പ്രകൃതി കനിഞ്ഞേകിയ വരങ്ങളുമായി പിറവം. ഇവിടെ വിനോദസഞ്ചാര വികസനം തീർത്തും ലളിതവും ക്ഷിപ്രസാധ്യവുമാണ്.

**പാഴൂർ ടൂറിസം പദ്ധതി**

പാഴൂരമ്പലത്തിനടുത്തായി ഒരു ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതോടൊപ്പം തന്നെ പഞ്ചായത്ത് ടൂറിസം

ഓഫീസിൻെറ പ്രവർത്തനത്തിനും തുടക്കം കുറിക്കാം. അവിടെ നിന്ന് മണൽപ്പുറം, തുരുത്ത് എന്നിവിടങ്ങളിലേക്ക് വഞ്ചിയിലൂടെ യാത്ര. തുരുത്തിൽ ബേക്കൽ മോഡൽ കമനീയമാക്കിയ കുടിലുകൾ. തുരുത്ത് കരിങ്കല്ലുകൾ കൊണ്ട് കെട്ടി സംരക്ഷിക്കണം. കലാപരിപാടികൾക്കായി തുരുത്തിൻെറ ഒരു ഭാഗത്ത് സ്റ്റേജ്. കരിങ്കല്ലിൽ തീർത്ത കലാരൂപങ്ങൾ. കാറ്റുകൊള്ളാനും പ്രകൃതിഭംഗി ആസ്വദിക്കാനുമായി മണൽപ്പുറം. ഇവിടേക്കു താൽക്കാലിക പാലം. തുരുത്തിനു ചുറ്റും അകത്തും മഞ്ഞമുളകൾ പോലെയുള്ള പ്രത്യേകതരം വൃക്ഷങ്ങളും തണൽവൃക്ഷങ്ങളും വച്ചു പിടിപ്പിക്കണം. ചുറ്റും ഉയർന്ന പ്രദേശമാണ്. **ഒരു പക്ഷിസങ്കേതത്തിനുമുള്ള സാദ്ധ്യതകളുമുണ്ട്.** (സ്കെച്ചു നമ്പർ 4 )

പടിപ്പുരയുടെ പടിഞ്ഞാറുഭാഗത്ത് പുറമ്പോക്കുഭൂമി ഒരുക്കിയെടുത്താൽ വിവിധോദ്ദേശങ്ങളോടുകൂടിയ ഒരു ആഡിറ്റോറിയം പണിയാം. അതിനോടനുബന്ധിച്ച് മുടിയേറ്റ്, തൂക്കം തുടങ്ങിയ ക്ഷേത്രകലകൾക്കും റഫറൻസ് ഗവേഷണഗ്രന്ഥാലയത്തിനും ക്ഷേത്രകലാ പഠനത്തിനാവശ്യമായ ഗുരുകുലത്തിനും രൂപം നൽകാൻ കഴിയും. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും താമസത്തിനുള്ള സൗകര്യവും തീർക്കണം. പ്രതിമാസ പരിപാടികളിലുൾപ്പെടുത്തി ക്ഷേത്ര വാദ്യകലകളുടെ ഡെമോൻസ്ട്രേഷൻ സംഘടിപ്പിക്കാം.

ഒരു തീർത്ഥയാത്രയുടെ സുഖം നുണയാൻ ബോട്ടുമാർഗ്ഗം മുടക്കിൽകാവ്, പെരുംതൃക്കോവിൽ, പടിപ്പുര, പാഴൂർ തുരുത്ത്, വലിയപള്ളി, പിഷാരുകോവിൽ, വടക്കുംമന, കോമച്ചം കുന്നുപള്ളി, ഊഴത്തുകാവ് ശിവക്ഷേത്രം. കളമ്പൂക്കാവ് ഭഗവതിക്ഷേത്രം എന്നിവിടങ്ങളെ ബന്ധിപ്പിച്ചാൽ മതിയാകും. പയററു കുഴി മുതൽ പിറവം പുഞ്ചവരെയുള്ള തോടു കടന്നെത്തിയാൽ ഈ യാത്ര കാക്കത്തുരുത്തുവരെ നീട്ടാം.

**കാക്കത്തുരുത്ത്** (സ്കെച്ച് നമ്പർ -2)

സഞ്ചാരികൾക്ക് നയനാനന്ദകരമായ ദൃശ്യമായിരിക്കും കാക്കത്തുരുത്ത്. ചുറ്റും കിടക്കുന്ന വെള്ളച്ചാലുകളിലൂടെ ഇരുകരകളെയും ബന്ധിപ്പിക്കുന്ന ഉല്ലാസ ബോട്ടുകൾ, ഇവയ്ക്കായി ബണ്ട് കെട്ടി ജലവിതാനം കൃഷിക്കു ദോഷകരമല്ലാത്ത നിലയിൽ ഉയർത്തുക. കരയോടടുത്തു കിടക്കുന്ന വടക്കുഭാഗത്ത് ഒരു പാലം തീർന്നാൽ പാലച്ചുവട്-പിറവം റോഡിലൂടെ കരമാർഗ്ഗം പ്രവേശിക്കാം. തുരുത്തിൻെറ വെള്ളം കയറാത്ത ഭാഗത്ത് മൂന്നു നിലയെങ്കിലുമുള്ള ടൂറിസ്റ്റ് ബംഗ്ലാവ് പണിയാം. ഗ്രൗണ്ട് ഫ്ളോറിലെ ഭിത്തി ചില്ലുകൊണ്ടു മറയ്ക്കുകയാണെങ്കിൽ ഈ ബംഗ്ലാവിൻെറ ഭംഗി ഇരട്ടിയാകും. പൂന്തോട്ടങ്ങൾ, ജലധാരകൾ എന്നിവയും ഭക്ഷണശാലയും ഇവിടെ ഒരുക്കാം. ഉല്ലാസബോട്ടുകൾക്കടുക്കാനുള്ള ജെട്ടിയും നിർമ്മിക്കണം.

**പ്രകൃതിജന്യബീച്ച്** - (സ്കെച്ച് നമ്പർ -6)

കൂരുവളവിനു താഴെയും പയറ്റുകടവിനു മുകളിലുമായി പുഴയ്ക്കു നടുവിലുള്ള തുരുത്ത് കരിങ്കല്ലുകൊണ്ട് കെട്ടി സംരക്ഷിച്ച്, മണൽകൊണ്ട് ബണ്ട് കെട്ടി വെള്ളം കിഴിച്ച്, കിഴക്ക്, തെക്ക്, വടക്കു ഭാഗങ്ങളെ പുഴയോരവുമായിബന്ധിപ്പിച്ചാൽ പ്രകൃതിജന്യമായ ബീച്ചാവും . ഇവിടെ താൽക്കാലിക ലഘുഭക്ഷണശാലകൾ ഉണ്ടാവണം.

**ടൂറിസ്റ്റ് സെൻററുകൾ** (സ്കെച്ച്നമ്പർ-3)


പുഴയുടെ ഇരുകരകളിലുമുള്ള പുറമ്പോക്കു ഭൂമികൾ കെട്ടിയെടുത്താൽ ഉല്ലാസ സന്ദർശക കേന്ദ്രങ്ങൾ നിർമ്മിക്കാവുന്നതാണ്. തണൽവൃക്ഷങ്ങളും മഞ്ഞ മുളകളും വെച്ചു പിടിപ്പിച്ചും, ജലധാരകൾ നിർമ്മിച്ചും ഇവിടം കൂടുതൽ ആകർഷണീയമാക്കാം. പുഴയിലിറങ്ങി കുളിക്കുന്നതിനുള്ള കല്പടവുകളും ആവശ്യമാണ്. പുഴയോരം കെട്ടുന്ന പദ്ധതിയിൽ പെടുത്തി ഇവയുടെ നിർമ്മാണച്ചെലവു ലഘൂകരിക്കാം.

**നീന്തൽക്കുളം** (സ്കെച്ച്നമ്പർ -1)

നഗരത്തോടേറ്റവും അടുത്തു കിടക്കുന്ന ചിറയും തള്ളിനിൽക്കുന്ന തുരുത്തും . ഒരിക്കലും വറ്റാത്ത ചിറ മത്സ്യകൃഷിക്കനുയോജ്യമാണ്. കുട്ടികൾക്കും മുതിർന്നവർക്കും നീന്തൽ പരിശീലനത്തിനനുയോജ്യമാക്കി മാറ്റാൻ കഴിയും.

**ആധുനിക പാർക്ക്** (സ്കെച്ച് നമ്പർ -10)

വലിയ പള്ളിയുടെ വടക്കു ഭാഗത്തു കിടക്കുന്ന വലിയ പുഴയോരം കെട്ടിയെടുത്താൽ ആധുനിക രീതിയിലുള്ള പാർക്കു നിർമ്മിക്കാം. ഏറ്റവും കുറഞ്ഞ ചെലവിൽ ഇതിൻെറ പണി പൂർത്തിയാക്കാം.



MANGED
PEPATHY JUNCTION
HOUSE OF ADI SANKARA'S MOTHER
PAZHOOR PERUMTHRUKOVIL
PAZHOOR PADIPPURA
KAKKAD
N
S
ONAKOOR VILLAGE
ONAKOOR
PIRAVOM VALIYA PALLY
KOVIL
COMMUNITY HALL
EDAKATTUVAYAL PANCHAYATH
MARKET
BUS STAND
K.S.R.T.C
G.H.S
GH
PALACHUVADU JUNCTION
KOTHATTUKULAM
KADUTHURUTHY
പിറവം പുഴ
1. See Plot No 1.
2. See Plot No.2
3. See Plot No.3
4. പാഴൂർ മണൽതിട്ടയും തുരുത്തും.
5. പാഴൂർ മണൽപ്പുറം.
6. See Plot No 4
7. മിനി സിവിൽ സ്റ്റേഷൻ സെന്റർ (P.W.D., V.O., KSEB)
8. പാർക്ക് (മിനി)
9. പിറവം വള്ളം കളി ഫിനിഷിംഗ് പോയന്റ്
11. ആധുനിക രീതിയിലുള്ള പാർക്ക്

## ഓപ്പൺ തീയേറ്റർ

P.W.D., K.S.E.B., വില്ലേജോഫീസ് എന്നിവയുടെ ഭാഗത്തുള്ള പുഴയോരം കെട്ടിയെടുത്താൽ തുറന്ന തിയേറ്റർ എന്ന സങ്കല്പം യാഥാർത്ഥ്യമാവും. ഇതിനോടനുബന്ധമായി സായാഹ്ന സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള ഇരിപ്പിട സൗകര്യവും ഒരുക്കാം.

ഇതിൽ പണച്ചെലവേറിയ എതെങ്കിലും ഒരു പദ്ധതി K.T.D.C, ഏറ്റെടുത്തു പൂർത്തിയാക്കണം.

# വനിത

പഞ്ചായത്തിലെ ജനസംഖ്യയിൽ 49.89% പുരുഷന്മാരും 50.11% സ്ത്രീകളുമാണ്. സ്ത്രീ പുരുഷാനുപാതം 1000 : 1004.

6 വയസ്സിൽ താഴെയുള്ള കുട്ടികളിൽ 49.88% പെൺകുട്ടികളാണ്.

**സ്ത്രീകൾ**

| | | | |
|---|---|---|---|
| പട്ടിക ജാതി വിഭാഗം. | 50.05%. | പട്ടിക വർഗ്ഗം | 1.64% |

**സ്ത്രീകൾ**

| | | |
|---|---|---|
| സാക്ഷരത, | ജനനനിരക്ക് 14 | മരണ നിരക്ക് 6 |

പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണത്തിൽ 95.01% സ്ത്രീകളും സാക്ഷരരാണ്.

## തൊഴിൽ

25% സ്ത്രീകളുടെ പങ്കാളിത്തമേ തൊഴിൽ രംഗത്തു ലഭിക്കുന്നുള്ളു. ഗൃഹനിർമ്മാണം, മണൽ, ഇഷ്ടിക, തീപ്പെട്ടി വ്യവസായം കൃഷി എന്നീരംഗങ്ങളിൽ ഇവരുടെ സേവനം ലഭിക്കുന്നുണ്ട്. പുറത്തു ജോലിക്കു പോകാത്ത വീട്ടമ്മമാർ കോഴി, ആടി, മാട് വളർത്തൽ എന്നിവയിലേർപ്പെടുന്നു. സ്ത്രീകളുടെ വരുമാനം കൊണ്ട് പുലർത്തുന്ന 350 കുടുംബങ്ങൾ ഉണ്ട്.

## പെൻഷൻ

വിധവ- 54 വാർദ്ധക്യം - 15

കൂടാതെ കർഷകതൊഴിലാളി പെൻഷനും അഗതി പെൻഷനും സ്ത്രികൾക്കു കൊടുക്കുന്നുണ്ട്.

## സമാജങ്ങൾ

മഹിളകളുടെ കൂട്ടായ്മയും പൊതുതാത്പര്യങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ സാമ്പത്തികമായ ഉന്നമനത്തിനും സാംസ്കാരികമായ ഉയർച്ചയും കൂടി ഉതകുന്നുണ്ട്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന 15 എണ്ണമുണ്ട്.

## കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

ഗർഭിണികൾക്കും കുട്ടികൾക്കും പ്രയോജനപ്പെടുന്ന ഉപകേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് ജോലിക്കു പോകുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനായി ക്രഷ് നേഴ്സറികൾ രണ്ടെണ്ണം പ്രവർത്തിക്കുന്നു.

## പ്രശ്നങ്ങൾ.

1. **തൊഴിലില്ലായ്മ.**

   ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച വനിതകൾക്കിടയിലും തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നമാണ്. തൊഴിൽ രംഗത്ത് വനിതകൾക്ക് മതിയായ പ്രാതിനിധ്യം കൊടുക്കണം.

2. **കൂലിയിലുള്ള വ്യത്യാസം**

   തുല്യ ജോലിക്കു തുല്യവേതനം ലഭിക്കേണ്ടതാവശ്യമാണ്.

3. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
4. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾക്ക് സൗകര്യമില്ലായ്മ.
5. ക്രഷ് സൗകര്യങ്ങൾ വ്യവസായ സ്ഥാപനങ്ങളോടനുബന്ധിച്ച് വർദ്ധിപ്പിക്കുക.
6. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
7. വനിതകൾക്കുള്ള വ്യവസായയൂണിറ്റുകളുടെ അപര്യാപ്തത.
8. രോഗികളിൽ കൂടുതൽ സ്ത്രീകൾ

## പരിഹാരങ്ങൾ

### വ്യവസായ യൂണിറ്റുകൾ

സ്ത്രീകൾക്കായി പ്രത്യേക വനിതാ വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക. റെഡിമെയ്ഡ് വസ്ത്രങ്ങൾ, കറി പൗഡറുകൾ പലഹാരനിർമ്മാണം എന്നിവയോടൊപ്പം തന്നെ റബ്ബർ യൂണിറ്റുകൾക്കും പ്രാധാന്യം കൊടുക്കുക. ഇവിടെ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സഹകരണാടിസ്ഥാനത്തിൽ ഒരു ഡിപ്പാർട്ടുമെൻറു സ്റ്റോർ തുടങ്ങുക. മിതമായ വിലയിൽ അസംസ്കൃത പദാർത്ഥങ്ങൾ ഓരോ യൂണിറ്റുകൾക്കും നൽകണം. യൂണിറ്റംഗങ്ങൾക്ക് സാങ്കേതിക പരിശീലനം നൽകിയിരിക്കണം.

അടുക്കളതോട്ടം അലങ്കാര പുഷ്പകൃഷി, ഔഷധ സസ്യം എന്നിവ വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്നതിനാവശ്യമായ പരിശീലനം വനിതകൾക്ക് നൽകുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു സൊസൈറ്റി രൂപികരിക്കുക. തൊഴിൽ രഹിതരായ വീട്ടമ്മമാരെ ഉദ്ദേശിച്ചായിരിക്കണം. ഇത്. ഹോർട്ടികൾച്ചർ ഡെവലപ്പ്മെൻറ് പ്രോജക്ടിൻെറ സഹായവും ഈ സൊസൈറ്റിക്ക് നൽകണം.

### ബോധവത്കരണം.

സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് സ്ത്രികളെ കൊണ്ടു വരുന്നതിനാവശ്യമായ ബോധവൽക്കരണം വനിതകൾക്കായി സംഘടിപ്പിക്കണം. രാഷ്ട്രീയസാമൂഹിക രംഗങ്ങളിൽ കൂടുതൽ സ്ത്രികൾ മുന്നോട്ടു വരണം. മദ്യപാനം, പുകവലി, സ്ത്രീധനം തുടങ്ങിയവയ്ക്കെതിരെ സ്ത്രീകളെ ബോധവൽക്കരിക്കണം. അതിനായി മഹിളാ സമാജങ്ങളിലെ പ്രധാന പ്രവർത്തകരുടെ ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം വിപുലമാക്കണം. ഗ്രാമസേവകൻ, നെഹ്റു യുവകേന്ദ്ര വോളൻറിയർ എന്നിവരെ ബന്ധപ്പെടുത്തിയായിരിക്കണം. ഇതിൻെറ പ്രവർത്തനം നടത്തേണ്ടത്.

### വെൽഫെയർ സെൻറർ

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുകയും അവയുടെ പ്രവർത്തനം തൃപ്തികരമായി നടപ്പിലാക്കുകയും വേണം. അയ്യായിരം ആളുകൾക്ക് ഒന്ന് എന്ന അനുപാതത്തിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം ആവശ്യമുള്ള എല്ലാ സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകണം. ജൂനിയർ, പബ്ലിക് ഹെൽത്ത് നേഴ്സു (J.P.H.N.) കളുടെ ഭവനസന്ദർശനം നിർബന്ധമാക്കണം .

# സഹകരണം

വ്യക്തിയും സമൂഹവും പരസ്പരം പരിപോഷിപ്പിക്കുന്നതാണല്ലോ സഹകരണപ്രസ്ഥാനം. വ്യക്തിയുടെ വളർച്ച നാടിൻെറ വളർച്ചയായി മാറുന്നതോടൊപ്പം തന്നെ കൂട്ടായ്മയുടെ ഗുണവും അവയെക്കുറിച്ചുള്ള ബോധവും നമ്മിലുണർത്തുന്നു.

1101 - ധനു 6-ാം തീയതി പ്രവർത്തനമാരംഭിച്ച 1097 -ാം നമ്പർ മുളക്കുളം സർവ്വീസ് സഹകരണസംഘവും 1961 ഡിസംബർ 3 ന് ആരംഭിച്ച ഇ. 83-ാം നമ്പർ പിറവം പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘവും 1958-ൽ ആരംഭിച്ചതും

കളമ്പുകര പ്രവർത്തനമേഖലയായിട്ടുള്ള 4272 -ാം നമ്പർ കളമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ സഹകരണസംഘവും കർഷകരെ സഹായിക്കുന്ന പ്രസ്ഥാനങ്ങളായി വളർന്നിട്ടുണ്ട്

| ക്രമ നമ്പർ | പ്രസ്ഥാനം | ആരംഭം | അംഗങ്ങൾ | ഓഹരി | ഗവ.ഓഹരി | നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|---|---|---|
| 1 | മുളക്കുളംസർവ്വീസ് സഹകരണസംഘം 1097 | 6-5-1101 | 3049 | 557045 | 100000 | 13804034 | 18275498 |
| 2 | പിറവം പഞ്ചായത്ത് സർവ്വീസ് സഹകരണസംഘം ഇ.83 | 3-12-1961 | 3754 | 605980 | 100000 | 2384935 | 3050915 |
| 3 | കളമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘം 4272 | 1958 | 431 | 62485 | ----- | 48592 | 110000 |

ഇതിൽകളമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ സഹകരണസംഘത്തിൽ നിന്ന് കാർഷിക വായ്പ മാത്രമേ ലഭിക്കുന്നുള്ളു. മറ്റുള്ളവയിൽ നിന്നും എല്ലാത്തരം വായ്പകളും ലഭിക്കുന്നു.

ഇവ കൂടാതെ ഒരു ഹെക്ടറിന് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. പാലച്ചുവട്ടിലും കക്കാട്ടിലും കളമ്പൂരും ഓരോ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ഉണ്ട്. മൂന്നു റബർ ഉല്പാദക സഹകരണ സംഘവും ഒരു സഹകരണ കോളേജും പ്രവർത്തിച്ചുവരുന്നു.

ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും സ്വന്തമായി സ്ഥലമുള്ള കൈകുത്ത് സൊസൈറ്റിയും പ്രവർത്തക രഹിതമായി കിടക്കുന്നു. സ്വയം തൊഴിൽ കണ്ടെത്തലിൻെറ ഭാഗമായി ബ്ലോക്കിൻെറ സഹായത്തോട് കൂടി പിറവം ഒന്നാം വാർഡിൽ മഹിളാ സംഘത്തിൻെറ കീഴിൽ നെല്ല് കുത്ത് നടത്തുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1 പിറവം പഞ്ചായത്ത് ആ. 83 -ാം നമ്പർ സർവ്വീസ് സഹകരണസംഘത്തിൽ ബാങ്കിംഗ് സമ്പ്രദായം വിപുലീകരിച്ച് സംഘത്തെ എ ഗ്രേഡിലേക്ക് ഉയർത്തുക.

2 കേരകൃഷി ഉൾപ്പെടുത്തി ഓരോ വാർഡിലും കെട്ടു തെങ്ങ് സഹകരണസംഘം രൂപീകരിക്കുക

3 തൊഴിൽ രഹിതരായ സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടുത്തി തൊഴിലധിഷ്ഠിത ഇൻഡ്രസ്ട്രിയൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അതിൻെറ കീഴിൽ വിവിധങ്ങളായ ചെറുകിട വ്യവസായ യൂണിറ്റുകൾ നടത്തുക. ഒപ്പം സ്വയം തൊഴിൽ കണ്ടെത്തൽ പരിശീലനവും നൽകുക

4 വീട്ടമ്മമാരെ ഉൾപ്പെടുത്തി ഉപതൊഴിൽ എന്ന നിലയിൽ മുട്ടകോഴി വളർത്തൽ കുറ്റിമുല്ലപ്പൂ ഉല്പാദിപ്പിച്ചാൽ എന്നിവയുടെ സഹകരണസംഘങ്ങൾ രൂപികരിച്ച് അവ ശേഖരിക്കുന്നതിനും വിറ്റഴിക്കുന്നതിനു വേണ്ട ക്രമീകരണം ഏർപ്പെടുത്തുക.

5 കൃഷിക്കാരിൽ നിന്നും ഉല്പന്നങ്ങൾ (നെല്ല്, പച്ചക്കറികൾ) വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതിനും കൃഷിക്കാർക്ക് ആവശ്യമായ നല്ലയിനം വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനും കൃഷിക്കാരെ മാത്രം ഉൾപ്പെടുത്തി സഹകരണസംഘം രൂപീകരിക്കുക.

6 മത്സ്യ സ്രോതസ്സ് ധാരാളമുള്ള പിറവത്ത് മത്സ്യബന്ധനം നടത്തുന്നവരെയും അതിനു താല്പര്യമുള്ളവരെയും ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിക്കണം.

7 പിറവം പഞ്ചായത്തിൽ മൊത്തം മൂന്നു ക്ഷീരോല്പാദക സഹകരണസംഘം മാത്രമുള്ളതിനാൽ മറ്റുള്ളസ്ഥലത്ത് കളക്ഷൻ സെൻറർ ഏർപ്പെടുത്തണം.

8 റബർ ഉത്പാദക സഹകരണസംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തി അതിനോടനുബന്ധിച്ച് റബർ ഉൽപന്നങ്ങളുടെ ചെറുകിട വ്യവസായയൂണിറ്റ് ആരംഭിക്കുക.

## പട്ടികജാതി-പട്ടികവർഗ്ഗം

പിറവം ഗ്രാമ പഞ്ചായത്തിൽ 500-ൽപരം ഹരിജൻ കുടുംബം നിലവിലുണ്ട്. ഈ വിഭാഗത്തിലെ ആളുകൾ കൂടുതലുള്ള പഞ്ചായത്തെന്ന നിലയിൽ ഇവിടുത്തെ വകസനം പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ വികസനത്തെകൂടി ആശ്രയിച്ചിരിക്കുന്നു. പഞ്ചായത്തിൻെറ പതിനൊന്നു വാർഡുകളിലായി ഇവർ താമസിക്കുന്നു. ഏതാനും വാർഡുകളിൽ മാത്രമേ ഗവ. അംഗീകരിച്ചിട്ടുള്ള ഹരിജൻ കോളനികൾ നിലവിലുള്ളു. പഞ്ചായത്തിൻെറ മറ്റു വാർഡുകളിൽ കോളനികൾ സ്ഥാപിച്ച് ഹരിജനങ്ങളുടെ സർവ്വതോന്മുഖമായ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**വിദ്യാഭ്യാസം**

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന വിഭാഗമാണ് ഹരിജനങ്ങൾ. ഇവരുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പിറവം കേന്ദ്രമാക്കി റസിഡൻഷ്യൽ സ്കൂൾ സ്ഥാപിച്ച് വിദ്യാഭ്യാസ പരമായുള്ള പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാവുന്നതാണ്. കൂടാതെ ഹരിജൻ കോളനികളിൽ ഗ്രാമീണ വായനശാലകൾ സ്ഥാപിക്കുകവഴി അവരുടെ ഇടയിലുള്ള വിദ്യാഭ്യാസ നിലവാരം ഉയർത്താവുന്നതാണ്. ബാലവാടി, മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ ഫീഡിംഗ് സെൻറർ, പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവ ഹരിജൻ കോളനികളിൽ ആവശ്യമാണ്. സാങ്കേതിക വിദ്യാഭ്യാസത്തിനായി ഒരു ഐ.ടി.സി. സ്ഥാപിക്കുകയാണെങ്കിൽ ഈ രംഗത്തു പരിശീലനവും ലഭിക്കുന്നതാണ്.

**സാംസ്കാരീകം.**

പലതരത്തിലുള്ള നാടൻ കലകളുടേയും വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട് ഹരിജനങ്ങൾ .കലാപരമായി വളരെ കഴിവുകളുള്ള വ്യക്തികൾ ഹരിജനങ്ങളുടെ ഇടയിലുണ്ട്. ഇവരെ കണ്ടുപിടിച്ച് പഞ്ചായത്തു തലത്തിൽ സാംസ്കാരീക നിലയങ്ങൾ സ്ഥാപിച്ച് ഇവരുടെ കലാപരവും കായികപരവുമായ കഴിവുകൾ പരിപോഷിപ്പിക്കാവുന്നതാണ്.

**തൊഴിൽ**

തൊഴിൽ പരമായി വളരെ പിന്നോക്കം നിൽക്കുന്നവരാണ് ഹരിജനങ്ങൾ. തൊഴിൽ രഹിതരായ ഹരിജനങ്ങളെ കണ്ടുപിടിച്ചു സൊസൈറ്റികൾ രൂപീകരിച്ച് ഈ വിഭാഗത്തെ സാമ്പത്തികമായി ഉയർത്തിക്കൊണ്ടു വരാവുന്നതാണ്.

**പാർപ്പിടം**

പഞ്ചായത്ത് അതിർത്തിയിൽ ഉള്ള മുഴുവൻ ഹരിജൻ കുടുംബങ്ങളുടേയും സർവ്വേകൾ നടത്തി വീടില്ലാത്തവരെ കണ്ടുപിടിച്ച് വീടുകൾ നിർമ്മിക്കാൻ ധനസഹായം നൽകുക. നിലവിലുള്ള വീടുകളിൽ ബഹുഭൂരിപക്ഷവും ക്ഷേമപദ്ധതികൾ വഴി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം വാസയോഗ്യമല്ല. ഹരിജനങ്ങൾക്ക് വീടിൻെറ അറ്റകുറ്റപ്പണികൾ നടത്താൻ ലോണുകളോ സൗജന്യസഹായമോ അനുവദിക്കണം. കൂടാതെ നിലവിലുള്ള വീടുകളിൽ വാട്ടർ സപ്ലൈ, ഇലക്ട്രിസിറ്റി, മുതലായവ എത്തിച്ച് അവരുടെ നിലവാരം മെച്ചപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ഹരിജൻ കോളനി. റോഡുകൾ മെറ്റലിംഗ് ടാറിങ്ങ് നടത്തി സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘം**

ഹരിജൻ സഹകരണസംഘങ്ങൾ സ്ഥാപിച്ച് ഹരിജനങ്ങളുടെ ജീവിത നിലവാരം ഉയർത്താവുന്നതാണ്. ഒട്ടനവധി ഹരിജനങ്ങൾക്ക് തൊഴിൽ രംഗത്ത് ഉയർന്നു വരുന്നതിനുവേണ്ടി ഇത്തരത്തിലുള്ള സഹകരണസംഘങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

ഒൻപതാം പദ്ധതിയുടെ ഭാഗമായി വികസന പ്രക്രിയ പൂർത്തിയാക്കുമ്പോൾ പിറവം പഞ്ചായത്തിന്റെ വികസനത്തിൽ പ്രാധാന്യത്തോടെ പരിഗണിക്കേണ്ട ചുരുക്കം ചില കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കട്ടെ. വികസനത്തിന്റെ മാർഗ്ഗരേഖയിൽ പരമപ്രധാനമായ. .....

## മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്

പിറവം പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റ് മാത്രമാണ് ഇന്ന് നിലവിലുള്ളത്. ഈ പഞ്ചായത്തിലെ ജനങ്ങളും മറ്റു പഞ്ചായത്തിലുള്ളവരും ഒരു പോലെ ഉപയോഗിക്കുന്ന ഈ മാർക്കറ്റിന് പരാധീനതകളേറെ. ആധുനിക സജ്ജീകരണങ്ങളുള്ളതും വൃത്തിയുള്ളതുമായ ഒരു ചന്ത പിറവത്തിനാവശ്യമാണ്. പലതരത്തിൽപെട്ട ആളുകൾ ഒത്തുകൂടുന്ന ഈ പൊതു സ്ഥലം ആരോഗ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഒരു അവിഭാജ്യഘടകമാണ്.

ഇന്ന് മാർക്കറ്റ് സ്ഥിതിചെയ്യുന്ന 35 സെൻറ് സ്ഥലത്ത് കഴിയുമെങ്കിൽ കൂടുതൽ സ്ഥലം കൂടി കണ്ടെത്തി - ഒരു ബഹുനില മാർക്കറ്റ് ഷോപ്പിംഗ്കോംപ്ലക്സ് പണിയേണ്ടതാണ്. സെല്ലാർ വാർത്ത് ഏറ്റവും ചുവട്ടിലെ നിലയിൽ മീൻ, ഇറച്ചി, പച്ചക്കറികൾ എന്നിവയ്ക്കായി സ്റ്റാളുകൾ നിർമ്മിക്കണം. മുകളിലത്തെ നിലകളിൽ മറ്റു കച്ചവടസ്ഥാപനങ്ങൾ തുടങ്ങാം. ആറു നിലകളുള്ള ഈ ഷോപ്പിംഗ് കോംപ്ലക്സിന്റെ മൂന്നു നിലയെങ്കിലും ആദ്യഘട്ടത്തിൽ തീരണം. വില നിലവാരവും, ഗുണനിലവാരമുറപ്പാക്കുന്നതിനും സഹകരണസ്ഥാപനങ്ങളുടെ സ്റ്റാളുകൾ എല്ലാ രംഗത്തും നിശ്ചയമായും ഉറപ്പാക്കണം.

## അറവുശാല

ഏതെങ്കിലും സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കണം. കശാപ്പു ചെയ്യാനായി കൊണ്ടുവരുന്ന ആടുമാടുകളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പരിശോധനകൾ കർക്കശമായി നടപ്പിലാക്കണം.

## മീൻചന്ത.

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കുളങ്ങളിൽ മത്സ്യകൃഷി വ്യവസായികാടിസ്ഥാനത്തിൽ ചെയ്യുമ്പോൾ അതിനുവിപണന സൗകര്യമൊരുക്കേണ്ടതുണ്ട്.ചിറകൾ, പുഞ്ച, പുഴ തുടങ്ങിയവയിൽനിന്ന് പിടിക്കുന്നതും മറ്റു ള്ള കുളങ്ങളിൽ നിന്നും കൊണ്ടുവരുന്നതുമായ ഈ കുളങ്ങളിൽ നിന്നു വിളവെടുക്കുന്ന മത്സ്യവും പുറത്തുനിന്നും ഇവിടെത്തുന്ന മത്സ്യവും വിൽക്കുന്നതിനും, വാങ്ങുന്നതിനും കരിങ്കൽ ചിറയിലോ, പിറവം പുഞ്ചയുടെ ഭാഗത്തോ നല്ല സംവിധാനങ്ങളുള്ള ഒരു മത്സ്യചന്ത നിർമ്മിക്കണം.

## കർഷകചന്ത

കാർഷിക പ്രാധാന്യമുള്ള പഞ്ചയത്തിൽ കർഷകരുടെ വിളകൾ വിൽക്കുന്നതിനും വാങ്ങുന്നതിനും ഒരു കർഷക ചന്ത അനിവാര്യമാണ്. മൂന്ന് ഏക്കർ സ്ഥലമെങ്കിലും ഇതിനായി നീക്കിവെക്കണം. ഈ ചന്തയിൽ ഓരോന്നിനും ഇനം തിരിച്ച് സ്റ്റാളുകൾ ഉണ്ടാവും ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും, വില്ക്കുന്നതിനും സഹകരണസ്ഥാപനങ്ങൾക്ക് കർഷക മാർക്കറ്റിനുമേൽ നിർണ്ണായക സ്വാധീനം ഉണ്ടാവണം.

## പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്

ഇപ്പോൾ ബസ് സ്റ്റാൻഡിന്റെ നിലവിലിരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലേക്ക് പണി പൂർത്തീകരിക്കണം. മൂന്നു നില പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ പണിപൂർത്തിയായാൽ വിവിധ ഓഫീസുകൾക്കും മറ്റു കച്ചവടസ്ഥാപനങ്ങൾക്കും വാടകയ്ക്കു നൽകി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

## പഴയ പഞ്ചായത്തു കെട്ടിടം.

ഇപ്പോൾ ഗ്രൗണ്ട് ഫ്ളോർ മാത്രമുള്ള ഈ കെട്ടിടം ഒരു മൂന്നു നില കെട്ടിടമാക്കി മാറ്റുകയാണെങ്കിൽ ഓഫീസുകൾ

ക്കും മറ്റുസ്ഥാപനങ്ങൾക്കും പ്രതിമാസ വാടകയ്ക്കു നൽകി പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കാം.

## പഞ്ചായത്തു മന്ദിരം.

ഒരു ഏക്കർ സ്ഥലമെങ്കിലും കണ്ടെത്തി പഞ്ചായത്താഫീസും കെട്ടിടങ്ങളും സാംസ്കാരിക കേന്ദ്രം കോൺഫറൻസ് ഹാൾ, പാർക്കിംഗ് , ക്വാർട്ടേഴ്സ് തുടങ്ങിയവ അടങ്ങുന്ന പഞ്ചായത്ത് കോമ്പൗണ്ട് ഉണ്ടാക്കേണ്ടതാണ്. ഇതിലെ, സാംസ്കാരികനിലയം ആധുനിക സജ്ജീകരണങ്ങളോടു കൂടിയ റഫറൻസ് ഗ്രന്ഥങ്ങൾ അടങ്ങിയിട്ടുള്ള സാംസ്കാരിക നിലയം പഞ്ചായത്താസ്ഥാനമന്ദിരത്തിൽ ഉണ്ടായിരിക്കണം.

### കോൺഫറൻസ് ഹാൾ

പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ 200 പേർക്കെങ്കിലും ഇരിക്കാൻ വേണ്ട സൗകര്യമുണ്ടായിരിക്കണം.

### പാർക്കിംഗ്

ഔദ്യോഗിക വാഹന പാർക്കിംഗിനുള്ള സൗകര്യം പഞ്ചായത്താഫീസിന്റെ കോംപൗണ്ടിനുള്ളിലുണ്ടായിരിക്കണം.

### ക്വാർട്ടേഴ്സ്

പഞ്ചായത്ത് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് സൗകര്യവും ഒരുക്കണം.

ഇവയെല്ലാം നടപ്പിലാക്കുന്നതിനാവശ്യമായ. ഒരു ഏക്കർ സ്ഥലം പഞ്ചായത്താസ്ഥാനത്തിന് ആയി കണ്ടെത്തണം.

## സ്റ്റേഡിയം

ദേശീയ സംസ്ഥാന തലങ്ങളിൽ നിരവധി കായികതാരങ്ങളെ കേരളത്തിന് സംഭാവന ചെയ്ത കായികമാപ്പിൽ സ്ഥാനം പിടിച്ച പിറവം കേന്ദ്രമാക്കി ഒരു സ്റ്റേഡിയം ആവശ്യമാണ്. പിറവം പഞ്ചായത്തതിർത്തിയിൽ സെൻറ് ജോസഫ് ഹൈസ്കൂളിലും, നാമക്കുഴി ഗവ.ഹൈസ്കൂളിലും മാത്രമാണ് സ്റ്റേഡിയം ഉള്ളത്. ഈ കുറവ് പരിഹരിച്ച് എട്ട് ഏക്കർ സ്ഥലം കണ്ടെത്തി നാട്ടുകാരുടെ ചിരകാലാഭിലാഷമായ സ്റ്റേഡിയം പണിയേണ്ടതാണ്. കായികമേളകൾ കായികപരിശീലനങ്ങൾ എന്നിവയ്ക്കുള്ള സൗകര്യം ഈ സ്റ്റേഡിയത്തിൽ ഉണ്ടായിരിക്കണം.

## പുതിയ ബസ്സ്റ്റാൻഡ്

വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഗതാഗതപ്രശ്നങ്ങൾ കണക്കിലെടുക്കുമ്പോൾ ബസ്സ്റ്റാൻഡ് ഇപ്പോഴുള്ളതുതന്നെ ഇന്ന് അപര്യാപ്തമാണ്. യാത്രക്കാരുടേയും വാഹനങ്ങളുടേയും എണ്ണം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ ബസ്സ്റ്റേഷനുസ്ഥലം കണ്ടെത്തുകയോ നരിക്കുളം നന്നാക്കി ബസ്സ്റ്റേഷനാക്കുകയോ ചെയ്യേണ്ടതാവശ്യമാണ്.

## പാർക്ക്

പട്ടണത്തിന്റെ തിരക്കുകളിൽ നിന്നകന്നിത്തിരി ഇടവേളനല്കുന്നതിനായി പുഴയുടെ ഓരമോ, പുഴയും വയലും ഒരുമിച്ചു കിട്ടുന്നതോ ആയ സ്ഥലം കണ്ടെത്തി ഒരു പാർക്കാക്കി മാറ്റണം. സായാഹ്ന സഞ്ചാരികളെയും സ്വദേശസഞ്ചാരികളെയും ലക്ഷ്യമിട്ടുള്ളതായിരിക്കണം ഈ പാർക്ക് ഇതിനോടനുബന്ധിച്ച് ഒരു ചിൽഡ്രൻസ് പാർക്കും നിർമ്മിക്കണം. കുട്ടികളുടെ മാനസികോല്ലാസത്തിനുതകുന്ന തരത്തിലായിരിക്കണം. ഇതിന്റെ നിർമ്മിതി.

## സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

സഹകരണമേഖലയിലോ സ്വകാര്യമേഖലയിലോ ആധുനികസജ്ജീകരണങ്ങളെല്ലാമുള്ള ഒരാശുപത്രി പിറവത്തിനാവശ്യമാണ്. ഇന്ന് മികച്ച ആശുപത്രിയുടെയും ഡോക്ടർമാരുടേയും സേവനം തേടി നാല്പതു കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഇതിനു മാറ്റം വരുത്തണമെങ്കിൽ പിറവത്ത് നല്ല സജ്ജീകരണങ്ങളുള്ള പഞ്ചായത്ത്

## യൂത്ത് ഹോസ്റ്റൽ

ഇവിടെയെത്തുന്ന സഞ്ചാരികൾക്കും മറ്റുള്ളവർക്കും താമസസൗകര്യമൊരുക്കുന്നതിനായി ഒരു യൂത്ത് ഹോസ്റ്റൽ ഈ പഞ്ചായത്തിനാവശ്യമാണ്. ഈ യൂത്ത് ഹോസ്റ്റലിനോടനുബന്ധിച്ച് 100 പേർക്കിരിക്കാവുന്ന ഒരു കോൺഫറൻസ് ഹാൾ കൂടി ഉണ്ടായിരിക്കണ.

## സിവിൽസ്റ്റേഷൻ

സർക്കാരോഫീസുകളെയെല്ലാം കേന്ദ്രീകരിക്കുന്നതിനായി ഒരു മിനി സിവിൽസ്റ്റേഷൻ പഞ്ചായത്തിലുണ്ടാക്കാൻ കഴിയണം. പി.ഡബ്ലിയു.ഡി., കെ.എസ്.ഇ.ബി, വില്ലേജാഫീസ് എന്നിവ ഇരിക്കുന്ന സ്ഥലം മിനിസിവിൽസ്റ്റേഷൻ മതിയാകുന്നതാണ്.

## ഡംപിങ്ങ്യാർഡ്

പഞ്ചായത്തിനകത്തുണ്ടാകുന്ന ചപ്പുചവറുകളും, മറ്റുമാലിന്യങ്ങളും കൊണ്ടുപോയി ഇടാൻ പറ്റുന്ന സ്ഥലം കണ്ടെത്തണം. ഇത് കൃഷിക്കുപയുക്തമാകത്തക്ക രീതിയിൽ ജൈവവളമാക്കി മാറ്റാനുള്ള ഒരു പദ്ധതി വളരെ വേഗം നടപ്പിലാക്കണം എങ്കിൽ മാത്രമേ ശുചീകരണത്തിലൂടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം ഈ പദ്ധതി കാലത്തു തന്നെ നടപ്പിലാവുകയുള്ളൂ.

## വർക്കിംഗ്‌വിമൻസ് ഹോസ്റ്റൽ

ജോലിയുള്ള വനിതകൾക്കും കോളേജ് വിദ്യാർത്ഥിനികൾക്കും താമസിക്കുന്നതിന് ഇവിടെ ഒരു വിമൻസ് ഹോസ്റ്റൽ വേണം. ഇത്തരക്കാരായ ഒത്തിരി സ്ത്രീകൾ പല വീടുകളിലായിട്ടാണിന്ന് വാടകയ്ക്കു താമസിക്കുന്നത്. 100 പേർക്കെങ്കിലും താമസസൗകര്യമുള്ള ഒരു ഹോസ്റ്റൽ ആയിരിക്കണം ഇത്.

## അഗതി മന്ദിരം

വാർദ്ധക്യകാലത്തെ ഒറ്റപ്പെടലിനും അനാഥത്വത്തിനും ഒരു പരിഹാരമെന്ന നിലയിൽ പഞ്ചായത്തു നേരിട്ട് സന്നദ്ധ അനാഥരുടെയും സംഘടനകളുടെ സഹായത്താലോ ഒരു അഗതി മന്ദിരം പണിത് വൃദ്ധരുടെയും പുനരധിവാസത്തിന് മുൻകൈയെടുക്കേണ്ടതാണ്.

ഈ വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനു വേണ്ടി പ്രവർത്തിച്ച


ശ്രീ. രമണൻ, സോജൻ, സി.ജി. പ്രകാശ്, സ.വി. ജേക്കബ്, കെ.പി. മാത്യു, ജോയി, പത്രോസ്...

- ഒന്നാംഘട്ടം മുതൽ സഹകരിച്ച വാർഡുതല പ്രതിനിധികൾ
- വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ
- സഹകരണകോളേജിലെ വിദ്യാർത്ഥികൾ
- ജില്ലാ പരിശീലകർ
- പഞ്ചായത്തു ജീവനക്കാർ
- വിവരങ്ങൾ നല്കിയ പൊതുജനങ്ങൾ
- മറ്റു സാമൂഹിക പ്രവർത്തകർ

എല്ലാവരെയും കൃതജ്ഞതയോടെ ഓർമ്മയിൽ സൂക്ഷിച്ചുകൊണ്ട്,

എഡിറ്റോറിയൽ ബോർഡിനു വേണ്ടി

**കുമാരി അയിഷാമാധവ്**




# പിറവം പഞ്ചായത്ത്

താലൂക്ക് : **മൂവാറ്റുപുഴ** ബ്ലോക്ക് : **പാമ്പാക്കുട** ജില്ല : **എറണാകുളം**

## ഭൂപ്രകൃതി

ഇടയ്ക്കിടെ മലകളും സമതലങ്ങളും ഉൾപ്പെട്ട ഒരു പ്രദേശമാണ് പിറവം ഗ്രാമപഞ്ചായത്ത്. ഇതിന്റെ വടക്കു കിഴക്കു ഭാഗങ്ങൾ മലകളും, ചെറിയ കുന്നുകളുമാണ്. മൂവാറ്റുപുഴയാറ് ഈ പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറു അതിർത്തിയിൽ നിന്നു തെക്കുപടിഞ്ഞാറു അതിർത്തിവരെ ഒഴുകുന്നു. പഞ്ചായത്തിന്റെ മൂന്നിൽ ഒരു ഭാഗത്തോളം മലയോരപ്രദേശമാണ്. ചെങ്കല്ല്, കരിങ്കല്ല്, പാറക്കല്ല് എന്നിവ കുന്നിൻപ്രദേശങ്ങളിൽ കൂടുതലായുണ്ട്. സമതല പ്രദേശങ്ങളിൽ എക്കൽമണ്ണ്, കളിമണ്ണ്, സാധാരണ മണ്ണ് എന്നിവ കാണുന്നു. പുഴയോരങ്ങളും പാടശേഖരങ്ങളും കൂടിക്കലർന്ന പ്രദേശങ്ങൾ കൂടുതലും പടിഞ്ഞാറു ഭാഗത്താണ്.